# ഫോർച്യൂൺ

ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്...

NOVEMBER 2014

VOL. 1 ISSUE 4



# ബ്രദർ ഫോർത്തുനാത്തൂസ് ദൈവദാസ പദവിയിലേക്ക്




പ്രിയ സുഹൃത്തേ,

ഹോസ്പിറ്റലർ ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സഭാംഗവും സെന്റ് ജോൺസ് ഹോസ്പിറ്റൽ ഉൾപ്പെടെ സഭയുടെ ഇന്ത്യയിലെ വിവിധ പ്രസ്ഥാനങ്ങളുടെ സ്ഥാപകനും, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനീ സമൂഹ സ്ഥാപകനും, ഹൈറേഞ്ചിലെ പാവങ്ങളുടെ വല്യച്ചനുമായ ബ്രദർ ഫോർത്തുനാത്തൂസ് താൻഹോയ്സറെ 2014 നവംബർ മാസം 22-ാം തീയതി തിരുസഭ ദൈവദാസ പദവിയിലേക്കുയർത്തുന്നു.

അന്നേദിവസം രാവിലെ 10.00 മണിക്ക് കട്ടപ്പന സെന്റ് ജോർജ്ജ് ഫോറോന പള്ളിയിൽ കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ മാത്യു അറക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും, പ്രദക്ഷിണവും, കബറിടത്തിൽ പ്രത്യേക പ്രാർത്ഥനയും തുടർന്ന് സെന്റ് ജോൺസ് ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽ പൊതുസമ്മേളനവും, നേർച്ചക്കഞ്ഞിയും ഉണ്ടായിരിക്കുന്നതാണ്.

രോഗികിടക്കുന്ന വാർഡ് ചാപ്പലായും, അവരുടെ കിടക്ക അൾത്താരയായും, രോഗിയെ ഈശോയായും കണ്ടുകൊണ്ട് ആദരാത്മക ശുശ്രൂഷ പ്രാവർത്തികമാക്കിയ ബ്രദർ ഫോർത്തുനാത്തൂസിന്റെ നാമകരണത്തിനുള്ള ഈ പ്രാരംഭ കർമ്മത്തിൽ പങ്കെടുക്കുവാനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും നിങ്ങളേവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**സി. വിമല ജോർജ്ജ്**
(സുപ്പീരിയർ ജനറൽ)



CHIEF EDITOR
Sr. Vimala George

ASSOCIATE EDITOR
Sr. Reena Maria

EDITOR
Sr. Moncy Francis

EDITORIAL BOARD
Sr. Litty Xavier
Sr. Shiny Anna James
Sr. Nirmala Kuriakose
Sr. Rosy Joseph
Sr. Cicy Manuel
Sr. Lilly Treesa
Sr. Alphy Sebastian

Private Circulation Only

# എഡിറ്റോറിയൽ



സി. വിമല ജി



പ്രിയമുള്ളവരെ,

"എന്റെ ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" എന്ന തിരുവചനം ജീവിതത്തിൽ അന്വർത്ഥമാക്കി രോഗികിടക്കുന്ന വാർഡ് ചാപ്പലായും രോഗികിടക്ക അൾത്താരയായും, രോഗിയെ ഈശോയായും കണ്ടു ശുശ്രൂഷിച്ച് വിശുദ്ധിയുടെ നറുമണം പരത്തിയ പുണ്യ ചരിതനായ ബ്ര. ഫോർത്തുനാത്തൂസിനെ ദൈവദാസൻ എന്ന് പ്രഖ്യാപിക്കുവാനും ദൈവം തിരുമനസ്സാകുന്നു വെങ്കിൽ വിശുദ്ധരുടെ പട്ടികയിൽ പേരുചേർക്കുന്ന തിനുള്ള ഔദ്യോഗിക നടപടികൾ ആരംഭിക്കുവാനും തിരുസഭ തീരുമാനിച്ചിരിക്കുകയാണ് .

ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സമൂഹത്തിന്റെ ഭാരതത്തിലെ ആരംഭകനും സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമാണ് ബ്രദർ ഫോർത്തുനാത്തൂസ്. ചതഞ്ഞ ഞാങ്ങണ ഒടിക്കാതെയും പുകഞ്ഞ തിരി കെടുത്താതെയും അതീവ സൗമ്യനായി, അറിയപ്പെടാൻ തെല്ലും ആഗ്രഹിക്കാതെ ലളിത ജീവിതം നയിച്ച് വളരെ കുറച്ചു സംസാരിച്ച് തന്റെ കരുണയുടെ പ്രവർത്തനങ്ങളിലൂടെ വാചാലനായി ജാതിമതഭേദ മന്യേ അനേകായിരങ്ങളെ ആകർഷിക്കാൻ അദ്ദേഹ ത്തിന് സാധിച്ചു. സീറോ മലബാർസഭയ്ക്ക്, കാഞ്ഞി പ്പള്ളി രൂപതയ്ക്ക്, ഹൈറേഞ്ചു നിവാസികൾക്ക്, കട്ട പ്പനക്കാർക്ക്, സർവ്വോപരി സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസസമൂഹത്തിന് ദൈവം നൽകിയ സമ്മാനമാണ് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്. വല്ലായ്മകളിലും ഇല്ലായ്മകളിലും പങ്കുചേർന്ന് വീടി ല്ലാത്തവർക്ക് വീടായും രോഗികൾക്ക് മരുന്നായും വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളായും ഭക്ഷണ മില്ലാത്തവർക്ക് അന്നമായും തടവിൽ കഴിയുന്നവർക്ക് ആശ്വാസമായും ഹൈറേഞ്ചിൽ തണുത്തു വിറങ്ങലി ച്ചിരുന്നവർക്ക് കമ്പിളിപ്പുതപ്പായും തന്റെ കരുണയുടെ പ്രവാഹം കട്ടപ്പനയിലും പ്രാന്തപ്രദേശങ്ങളിലും അദ്ദേഹം ഒഴുക്കി. കൂടാതെ തമിഴ്നാട്ടിൽ നിന്നും പര ദേശികളായി വന്നവർക്കും അഭയം നൽകി, അവരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിയ കരുണാമയൻ. അദ്ദേ ഹത്തിന്റെ നോട്ടം ദൈവത്തിന്റെ പാവങ്ങളിലേക്കു മാത്രമായിരുന്നു.

ദരിദ്രരോടും ദുർബലരോടും പീഢസഹിക്കുന്നവ രോടുമുള്ള സേവനമാണ് ഇന്നും എന്നേക്കുമുള്ള ഒരു ക്രൈസ്തവന്റെ സ്പഷ്ടമായ അടയാളം. ദരിദ്ര രോടും പീഢസഹിക്കുന്നവരോടും രോഗികളോടും കരുണയുടെ സുവിശേഷം പ്രസംഗിക്കാൻ ധൈര്യവും ധീരതയും കൈമുതലായ പ്രവാചകരെ വേണം. അഗതി കളെയും മാറാരോഗികളെയും ശുശ്രൂഷിക്കുകയും പാവപ്പെട്ടവരുടേയും വേദനിക്കുന്നവരുടേയും കണ്ണീ രൊപ്പുകയും ചെയ്യുക. കരുണയുടെ പ്രവാചകനും ദൈവദാസനുമായ ബ്രദർ ഫോർത്തുനാത്തൂസിന്റെ മാതൃക അനുകരിച്ചു കൊണ്ട് കാരുണ്യ പ്രവൃത്തികൾക്ക് നമുക്കും കൈകോർക്കാം.

ദൈവമനുഗ്രഹിച്ചാൽ കട്ടപ്പന ഭരണങ്ങാനം പോലെ കുന്തിരിക്കം മണക്കുന്ന, തിരികൾ തെളിയുന്ന പുണ്യ സ്ഥലമായി രൂപാന്തരപ്പെടും. ആ പുണ്യദിനത്തിനു വേണ്ടി അദ്ദേഹത്തോട് മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം.

# ഹൈറേഞ്ചിലെ ദൈവദാസൻ



**ആർച്ചുബിഷപ്പ്**
**മാർ ജോസഫ് പൗവത്തിൽ**

ബ്രദർ ഫോർത്തുനാത്തൂസ് കേരളത്തിന്റെ തെക്കൻ ഹൈറേഞ്ചു മേഖലയിലെ ജനങ്ങൾക്ക് ഒരു പ്രകാശഗോപുരമായിരുന്നു. അശരണർക്ക് ആലംബവും അഗതികൾക്ക് ആശ്വാസകേന്ദ്രവുമായിരുന്നു അദ്ദേഹം. ആ സന്യാസശ്രേഷ്ഠനെ 'ദൈവദാസനാ' യി പ്രഖ്യാപിക്കുന്നതിൽ ഹൈറേഞ്ച് ജനത ഉള്ളുതുറന്ന് സന്തോഷിക്കാതിരിക്കില്ല. നാമകരണ നടപടികൾ സുഗമമായി പുരോഗമിക്കട്ടെയെന്ന് പ്രർത്ഥിക്കുകയായിരിക്കും എല്ലാവർക്കും കരണീയമായിട്ടുള്ളത്.

1972 ലാണ് ബ്ര. ഫോർത്തുനാത്തൂസിനെയും അദ്ദേഹത്തിന്റെ സന്യാസസമൂഹത്തേയും എനിക്ക് പരിചയപ്പെടാനിടയായത്. അദ്ദേഹം തന്റെ സന്യാസജീവിതത്തെ അഭിമാനത്തോടെ കണ്ടിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുക. സന്യാസ സമർപ്പണത്തിന്റെ അടയാളമായ സന്യാസ വസ്ത്രം ധരിക്കാത്തവനായി അദ്ദേഹത്തെ ഒരിക്കലും എനിക്ക് കാണാനിടയായിട്ടില്ല. സന്യാസ ജീവിതത്തിന്റെ നിഷ്ഠകളെല്ലാം കൃത്യമായി പാലിക്കുന്ന ഒരാളാണ് അദ്ദേഹം എന്ന് പലരും പറഞ്ഞുകേട്ടിട്ടുമുണ്ട്. സന്യാസം ഈശോയെ അടുത്തനുകരിക്കാനും മറ്റെന്തിനേയുംകാൾ ദൈവത്തോടൊത്തായിരിക്കാനുമുള്ള മാർഗ്ഗമാണല്ലോ.

വിശുദ്ധരുടെ അടിസ്ഥാന സവിശേഷതയാണു വിനയം. വിനയമുള്ളവർക്കാണ് എല്ലാറ്റിനും ഉപരിയായി സൃഷ്ടാവും പരിപാലകനും രക്ഷകനുമായ ദൈവത്തെ സ്നേഹിക്കാനും എല്ലാം അവിടുത്തേയ്ക്കു സമർപ്പിക്കാനും സന്മനസുണ്ടാവുക.'താൻപോരിമ' ഭാവക്കാർക്ക് ദൈവത്തെ അറിയാനും സ്നേഹിക്കാനും കഴിയുകയില്ല. ബ്ര. ഫോർത്തുനാത്തൂസിനെ എന്നും വിനയവാനായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. ചില പാശ്ചാത്യർക്കുള്ള മേൽക്കോയ്മ ഭാവം അദ്ദേഹത്തിന് ഒട്ടുമില്ലായിരുന്നു. സംസാരത്തിലും പെരുമാറ്റത്തിലുമെല്ലാം അദ്ദേഹത്തിൽ സ്വന്തമായ ആ വിനയഭാവം പ്രകടമായിരുന്നു.

ദൈവത്തെ സ്നേഹിക്കുന്നവന് സഹോദരനെ സ്നേഹിക്കാതിരിക്കാൻ പറ്റില്ല. ദൈവസ്നേഹം പരസ്നേഹത്തിലൂടെയാണ് പ്രായോഗികമാക്കുന്നതെന്നും വേണമെങ്കിൽ പറയാം. ആ പരസ്നേഹത്തിന്റെ പ്രത്യേകതയാണ് പാവപ്പെട്ടവരോടുള്ള പക്ഷപാതം. അതാണ് ബ്രദറിനെ കട്ടപ്പനയിലും സമീപ പ്രദേശങ്ങളിലുമുള്ള പാവപ്പെട്ടവർക്ക് ഒരു രക്ഷകനാക്കി മാറ്റിയത്. എത്രയോ ഭവനരഹിതർക്കാണ് അദ്ദേഹം വീടുകൾ ലഭ്യമാക്കിയത്! എത്രയോ രോഗികളെയാണ് അദ്ദേഹം ശുശ്രൂഷിച്ചത്! കട്ടപ്പന ആശുപത്രിയും ക്രിസ്തീയമായ ഉപവിയുടെ പ്രകാശനമായി; ഹൈറേഞ്ചുകാർക്ക് അഭയസ്ഥാനമായി.

'എന്റെ ഏറ്റം എളിയ ഈ സഹോദരന്മാരിൽ ഒരാൾക്കു വേണ്ടി നിങ്ങൾ ഇതു ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണ് നിങ്ങൾ ചെയ്തത്' (മത്താ 25:40). കർത്താവിന്റെ ആ വാക്കുകൾ മനസ്സിലാക്കി പ്രവർത്തിച്ച ബ്ര. ഫോർത്തുനാത്തൂസ് 'എന്റെ പിതാവിനാൽ അനുഗൃഹീതരേ, വരുവിൻ ലോകാരംഭംമുതലേ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ' (മത്താ25:34) എന്ന കർത്താവിന്റെ തന്നെ വാക്കുകൾക്ക് അർഹനായി എന്നും നമുക്ക് ന്യായമായി ഉറപ്പിക്കാം. അദ്ദേഹത്തിന്റെ നാമകരണ നടപടികൾ അതിവേഗം പുരോഗമിക്കട്ടെ.

+J Pavathil





മാർ മാത്യു വട്ടക്കുഴി

# ഒരു പുണ്യവാന്റെ ഓർമ്മയ്ക്കുമുമ്പിൽ

ദീപ്തമായ ഓർമ്മകളാണ് ഫോർത്തുനാത്തൂസ് ബ്രദറിനെക്കുറിച്ച് എനിക്കുള്ളത്. വിദേശത്തുനിന്നെത്തിയ മിഷനറി നിസ്വാർത്ഥ സേവനം കൊണ്ട് സ്വദേശത്തിന്റെ മുമ്പിൽ മനം കവർന്ന് ഏവരുടേയും വല്യച്ചനായി മാറുകയായിരുന്നു.

കട്ടപ്പന ഉൾപ്പെടുന്ന കുടിയേറ്റ പ്രദേശങ്ങൾ അന്ന് ചങ്ങനാശ്ശേരി അതിരൂപതയുടെ ഭാഗമായിരുന്നു. യാത്രാസൗകര്യങ്ങളോ ആശുപത്രികളോ മികച്ച സ്കൂളുകളോ ഒന്നും ഇവിടുണ്ടായിരുന്നില്ല. ഇത്തരമൊരു പശ്ചാത്തലത്തിലാണ്, ചങ്ങനാശ്ശേരി അതിരൂപതാ മെത്രാനായിരുന്ന അഭിവന്ദ്യ മാത്യു കാവുകാട്ടുമെത്രാപ്പോലീത്താ ഹൈറേഞ്ച് മേഖലയിൽ വൈദ്യസഹായം എത്തിക്കുന്നതിനുള്ള കാര്യങ്ങളെപ്പറ്റി ഗൗരവത്തിൽ ചിന്തിച്ചത്. ഒരിക്കൽ ജർമ്മനി സന്ദർശിച്ചപ്പോൾ അഭിവന്ദ്യ പിതാവിന് പരിചയമുള്ള സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസസമൂഹത്തോട് ഇക്കാര്യത്തെപ്പറ്റി സൂചിപ്പിച്ചു. അങ്ങനെയാണ് പ്രസ്തുത സന്യാസ സമൂഹത്തിന്റെ പ്രതിനിധിയായി ഫോർത്തുനാത്തൂസ് താൻഹോയ്സർ കേരളത്തിലെത്തുന്നത്.




കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിമുറിയിൽ താമസിച്ചുകൊണ്ട് ഹൈറേഞ്ചിലെ വിവിധ ഭാഗങ്ങൾ അദ്ദേഹം സന്ദർശിച്ചു. ഹൈറേഞ്ചിലേയും ലോറേഞ്ചിലേയും വിവിധ സ്ഥലങ്ങൾ അന്വേഷണ പരിധിയിൽ വന്നു. കട്ടപ്പന പള്ളിവികാരിയായ ബഹു. ജോസഫ് മേപ്രക്കരോട്ടച്ചൻ കട്ടപ്പന കേന്ദ്രമാക്കി ആശുപത്രി സ്ഥാപിക്കാൻ മുൻകൈയെടുത്തു. അങ്ങനെ ബ്രദേഴ്സിന്റെ നേതൃത്വത്തിൽ 1967 ൽ സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സിന്റെ ഭവനം സ്ഥാപിതമായി.

ഉപ്പുതറ വരെയേ അന്ന് ബസ്സ് ഉണ്ടായിരുന്നുള്ളു. കാൽനടയായി ഒത്തിരി നടക്കണം. താമസിക്കാൻ വലിയ സൗകര്യങ്ങളുള്ള പള്ളിമുറികളും അന്നില്ലായിരുന്നു. മിഷനറിയുടെ ത്യാഗസന്നദ്ധതയും കഠിനാദ്ധ്വാനവും കൈമുതലാക്കിയ ബ്രദറിന് ഇതിലൊന്നും യാതൊരു പരിഭവവും ഇല്ലായിരുന്നു. പരിമിതികൾ അദ്ദേഹം ശരിക്കും ആസ്വദിക്കുകയായിരുന്നു. സാധാരണക്കാരന്റെ അന്നത്തെ ഭക്ഷണമായ കപ്പയും മീനുമൊക്കെ വിദേശിയായ അദ്ദേഹം ആസ്വദിച്ചു കഴിച്ചു.

കട്ടപ്പനയിലെ പള്ളിമുറിയിൽ താമസിച്ചുകൊണ്ട് ബ്രദർ ഒട്ടനവധി ശുശ്രൂഷകൾക്കു തുടക്കം കുറിച്ചു. ഭവനനിർമ്മാണ പദ്ധതികൾ, സൗജന്യ ഭക്ഷ്യവിതരണ പരിപാടികൾ, സാമ്പത്തിക സഹായ സംരംഭങ്ങൾ, സൗജന്യചികിത്സ എന്നിങ്ങനെ ഒട്ടനവധി ജീവകാരുണ്യസംരംഭങ്ങൾ. ഇത്തരം സേവനത്തിന് ജാതിയും മതവുമൊന്നും മാനദണ്ഡമായിരുന്നില്ല. പാവങ്ങളും ദരിദ്രരും അഗതികളുമായിരുന്നവർക്കെല്ലാം നന്മയുടെ ഇടമായും ആശ്രയകേന്ദ്രമായും ബ്രദറിന്റെ ആശ്രമവും ആശുപത്രിയും മാറി. ശനിയാഴ്ചകളിൽ ആശുപത്രിയുടെ മുമ്പിലെ ബ്രദറിന്റെ മുറിക്കുമുമ്പിൽ നീണ്ട ക്യൂ കാണാമായിരുന്നു. സഹായം തേടിയെത്തുന്നവരുടെ നിര. ആരെയും അവഗണിക്കാതെ, ഏവർക്കും സഹായം നൽകാൻ അദ്ദേഹം മനസ്സു കാണിച്ചു.



ഹൈറേഞ്ച് നിവാസികൾ അദ്ദേഹത്തെ 'വല്യച്ചൻ'എന്നു വിളിച്ചു നെഞ്ചിലേറ്റി. അത്രയ്ക്ക് ജനം അദ്ദേഹത്തെ ഇഷ്ടപ്പെട്ടു തുടങ്ങി. സഹായം മാത്രമല്ല അവർ വല്യച്ചനിൽ നിന്നും പ്രതീക്ഷിച്ചത്; പുഞ്ചിരിയും കാരുണ്യവും സമാശ്വാസ വചനങ്ങളുമൊക്കെ അവർ അദ്ദേഹത്തിൽ തേടുകയും കണ്ടെത്തുകയും ചെയ്തു.

സമർപ്പിതരായ സഹോദരിമാരുടെ തദ്ദേശീയ സംഘത്തേയും അദ്ദേഹം വാർത്തെടുത്തു- സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്. ആശുപത്രികളിൽ പുഞ്ചിരിയോടെ അവർ സേവനം ചെയ്തു. മുറിവുകളിൽ തൈലം പുരട്ടിയ നല്ല സമറായന്റെ അലിവും സ്നേഹവും അവർ ജനത്തിനായി പങ്കിട്ടു.

ഹൈറേഞ്ചിൽ അതിവേഗം വികസനം എത്തിക്കുന്നതിൽ ബ്രദർ വഹിച്ച പങ്ക് വളരെ വലുതാണ്. ആശുപത്രിയും നഴ്സിംഗ് സ്കൂളും സന്യാസികളുടെ ഭവനവുമൊക്കെയായി ശുശ്രൂഷ സമ്പന്നമായപ്പോൾ ഹൈറേഞ്ച് വികസനക്കുതിപ്പിലായിരുന്നു. സഭയോട് എന്നും പ്രതിബദ്ധത പുലർത്താനും അധികാരികളോട് വിധേയത്വം പാലിക്കാനും ബ്രദർ ശ്രദ്ധിച്ചിരുന്നു. ഇടവകയുടെ പ്രവർത്തനങ്ങളിൽ സജീവപങ്കാളിയാകാൻ ബ്രദറിന് ഇഷ്ടമായിരുന്നു. ഭവനസന്ദർശനം, കൂട്ടായ്മപ്രവർത്തനങ്ങൾ എന്നിവയിലൂടെ സേവനത്തിന്റെ തലങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി ശുശ്രൂഷകളെ തദനുസൃതം രൂപപ്പെടുത്താൻ ബ്രദർ ശ്രദ്ധിച്ചു.

ഒറ്റനോട്ടത്തിൽ ധന്യമായ ശുശ്രൂഷയായിരുന്നു അത്. വലിയ ബഹളങ്ങളോ ഒച്ചപ്പാടുകളോ ഘോഷാരവങ്ങളോ ഇല്ലാതെ സൗമ്യമായി അത് ഒഴുകി നീങ്ങി. നമ്മുടെയെല്ലാം മനസ്സുകളിൽ പുഞ്ചിരിക്കുന്ന ആ മുഖം ഇപ്പോഴും പച്ചകെടാതെ നിലനിൽക്കുകയാണ്. ആ സേവനത്തിനും അതിന്റെ ഇപ്പോഴത്തെ തുടർച്ചയ്ക്കും നമുക്കു ദൈവത്തോടു നന്ദി പറയാം.

# ബ്രദർ ഫോർത്തുനാത്തൂസ്



**മേരി മത്തായി**
(പ്രതീക്ഷാ ഭവൻ)

വ്യക്തികൾ ചെയ്യാൻ മടിക്കുന്ന, സമൂഹം അറയ്ക്കുന്ന ഏതു താഴ്ന്ന ജോലിയും ഏറെ സ്നേഹത്തോടെ ചെയ്തുകൊണ്ട് ഓരോരുത്തരിലുമുള്ള ദൈവത്തെ മഹത്വപ്പെടുത്തിയ വലിയ ഒരു മനസിന്റെ ഉടമയാണ് വല്യച്ചൻ എന്നു പറയുന്നതിൽ എനിക്ക് ഏറെ അഭിമാനമുണ്ട്. യാതൊരു സൗകര്യങ്ങളും ഇല്ലാത്തപ്പോഴും അതിനോടെല്ലാം പൊരുത്തപ്പെട്ടു കൊണ്ട് സുഖസൗകര്യങ്ങൾ തേടാതെ ഏതൊന്നിനേയും ആശ്ലേഷിച്ച വല്യച്ചന്റെ നല്ല മനസ്സിനു മുമ്പിൽ ഞാൻ ശിരസ്സുനമിക്കുന്നു. രോഗീശുശ്രൂഷയിൽ യാതൊരു അലംഭാവമോ, തിരിച്ചുവ്യത്യാസമോ ഒന്നും ഉണ്ടായിരുന്നില്ല. എല്ലാവർക്കും എല്ലാമായിത്തീർന്നുകൊണ്ട് കുഷ്ഠരോഗികളേയും ക്ഷയരോഗികളേയും ജാതി മത വ്യത്യാസമില്ലാതെ ശുശ്രൂഷിച്ച മനുഷ്യ സ്നേഹി. യാതൊരു പ്രശസ്തിയും ആഗ്രഹിക്കുകയോ അതിനായി ശ്രമിക്കുകയോ ചെയ്തിട്ടില്ല. ആരോടും സ്വതന്ത്രമായി ഇടപെടാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്ന വല്യച്ചന് ആരോടും ദേഷ്യമോ, പരിഭവമോ പരാതിയോ ഒന്നുമുണ്ടായിരുന്നില്ല. ഒരു പാടു രോഗികളെ ശുശ്രൂഷിച്ചും വിവിധ രോഗങ്ങൾ ബാധിച്ചവരെ ശുശ്രൂഷിച്ചും നടന്ന വല്യച്ചനെ ഒരിക്കലും ഒരസുഖത്തിനും ദൈവം വിട്ടുകൊടുത്തിട്ടില്ല. രോഗികളുടെ തുണി കഴുകാനും വൃത്തിയാക്കാനും വല്യച്ചന് യാതൊരു മടിയുമില്ലായിരുന്നു. യാതൊരു വിധത്തിലുള്ള അസ്വസ്ഥതയും കാണിക്കാതെ എല്ലായ്പ്പോഴും എന്തിനും തയ്യാറായി മുമ്പോട്ടുവന്ന വല്യച്ചൻ നമുക്കെന്നും മാതൃകയാണ്. 1982 മുതൽ, എന്റെ 45 വയസ്സുമുതൽ ഞാനവിടെ ഉണ്ടായിരുന്നു. വല്യച്ചന്റെ ഓരോ പ്രവർത്തികളും എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. തൊലിയെല്ലാം പൊളിഞ്ഞിരിക്കുന്ന കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതും പുഴുവിനെയെല്ലാം എടുത്തുകളയുന്നതും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. പറഞ്ഞാലും പറഞ്ഞാലും തീരാത്ത എത്രയോ അനുഭവങ്ങൾ. വല്യച്ചനെ പുണ്യവാനായി വിളിച്ചില്ലെങ്കിലും അദ്ദേഹം വിശുദ്ധനെന്ന് ഞാൻ വിശ്വസിക്കുന്നു. പാവങ്ങളുടെ വല്യച്ചൻ, മനുഷ്യസ്നേഹി എന്നൊക്കെ അറിയപ്പെട്ട വല്യച്ചൻ ഇന്നും പച്ചകെടാതെ എന്നോടൊപ്പമുണ്ട്.

# Bro. Fortunatus Thanhäuser

**Mar Mathew Arackal**
Bishop of Kanjirapally

22 November 2014 is veritably a red letter day in the annals of the Catholic Church in India in general, and the Diocese of Kanjirapally in particular. This day synchronizes with the elevation of Brother Fortunatus Thanhäuser of blessed memories as a Servant of God. By the mercy of the Almighty, I am called upon to make the proclamation on behalf of the Church. It indeed is gratifying that the Fortune Magazine is bringing out a souvenir in commemoration of this historic event.

The Berlin-born Brother Fortunatus is a paradigm of a life totally surrendered to the Will of God and dedication to the care of the poor and the sick. He was to the Highranges of Kerala, what Mother Theresa was to Calcutta. At 17 he joined the Hospitilar Congregation, a noted fraternity in Germany. He reciprocated in true Christian spirit the bitter suffering endured during the Second World War, starting a hospital to take care of the wounded. The invitation extended to him by late Mar Mathew Kavukatt, of the Archdiocese of Changanacherry, bore abundant fruit on account of his readiness and expertise in taking care of the sick. Rev. Fr. Joseph Meprakarottu, then Vicar and Rev. Fr. Kuranjiparampil, then Asst. Vicar of Kattappana Parish worked hard with Brother Fortunatus o give him a firm footing in the region. Also worthy of mention is the encouragement and assistance given to Brother Fortunatus by Bro. Prakash and later Bro. Alphonse who stood alongside in the pioneering works. The house and hospital he founded at Kattappana in 1968 gradually transformed the very face of the township. The housing project he launched provided houses to 5000 plus families and toilets to a still larger number. His Pratheeksha Bhavan brought succour and solace to numerous physically and mentally sick people. Another significant contribution of the untiring Fortinatus was founding the Congregation of Sisters of Charity of St. John of God in 1977. The hallmark of his mission was his avoidance of publicity. With the celebrated French poet Corneille, he believed that

"Kindness loses its grace by being voiced abroad…
who deserves it be remembered, should forget it."

"Valliachen", that means "Great Father", as he was popularly referred to, used to visit Pratheeksha Bhavan and share the joys and sorrows of the inmates till his health declined. He was called to eternal rest on November 21, 2005 and his life had been an oblation at the altar of self-effacing love for all. And now the process of his canonization is afoot.

I acknowledge gratefully that ever since the Diocese of Kanjirapally came into existence, Bro. Fortinatus and the Sisters of Charity of St. John of God have cooperated most sincerely with the Diocese. I have profound appreciation for the self-less services offered by the Sisters to the sick and poor in true Christian spirit.

Valliachan can be described as the father of modern Kattappana due to the incredible progress he brought about in housing, healthcare, education, care for the discarded and above all, in spirituality. "The ground that a good man treads is hallowed." says Goethe. As such, Kattappana and its suburbs, trodden upon by this humble man of God, are certainly hallowed. Let us rejoice and invoke the blessings of the Almighty to expedite the canonization process of this true Servant of God.

"The righteous life forever….., a beautiful diadem from the Lord's hand…" Wisdom of Solomon 5:15

My best wishes to you all.




# ബ്രദർ ഫോർത്തുനാത്തൂസ്
## പുണ്യശ്ലോകനായ ഒരു ദൈവികമനുഷ്യൻ



**ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്,**
മലങ്കരകത്തോലിക്കാ സഭ,
ഇടുക്കിമേഖലാദ്ധ്യക്ഷൻ

ദൈവദാസനായി പ്രഖ്യാപിക്കപ്പെടുന്ന ഭാഗ്യസ്മരണാർഹനായ ബ്ര. ഫോർത്തുനാത്തൂസിന്റെ സ്വർഗ്ഗയാത്രയുടെ 9-ാം ഓർമ്മയാചരിക്കുന്ന ഈ സന്ദർഭത്തിൽ ആ പുണ്യപുരുഷന്റെ പാവനസ്മരണക്കു മുൻപിൽ പ്രാർത്ഥനാ മഞ്ജരികൾ അർപ്പിക്കുന്നു. ആ പുണ്യപുരുഷനെ നേരിൽ കാണുവാനും അനേകം തവണ സംസാരിക്കുവാനും ഭാഗ്യം ലഭിച്ച ഒരു വ്യക്തി എന്ന നിലയിൽ ഏറെ ആത്മീയ ആനന്ദത്തോടെയാണ് അദ്ദേഹത്തെ ഞാൻ അനുസ്മരിക്കുന്നത്. 1981 മുതൽ 1985 വരെ വണ്ടൻമേട് - കട്ടപ്പന മേഖലകളിൽ ഇടയശുശ്രൂഷ നിർവഹിക്കുന്ന കാലയളവിൽ രോഗീസന്ദർശനത്തിനായി കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിൽ എത്തിയപ്പോൾ അദ്ദേഹത്തെ നേരിൽ കണ്ട് പരിചയപ്പെടുവാനിടയായിട്ടുണ്ട്.



ബഹു. ബ്രദർ ഫോർത്തുനാത്തൂസ് സ്ഥാപിച്ച സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനീ സമൂഹത്തിലെ ആദ്യബാച്ചിന്റെ പരിശീലനകാലഘട്ടത്തിൽ അവർക്ക് ക്ലാസ്സ് എടുക്കുവാനായി എത്തിയ സന്ദർഭത്തിലും അദ്ദേഹത്തിന്റെ പുണ്യസംസർഗ്ഗം ഞാൻ അനുഭവിച്ചിട്ടുണ്ട്. സ്നേഹത്തിന്റേയും കരുണയുടേയും ആർദ്രതയാർന്ന കരുതലിന്റെയും വിശ്വാസചൈതന്യത്തിന്റെയും ദിവ്യ ആൾരൂപമായിരുന്ന അദ്ദേഹത്തിന്റെ ചിത്രം എന്റെ ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്നു. എനിക്ക് പരിചയമുണ്ടായിരുന്ന ചില രോഗികൾക്ക് ചികിത്സാ സഹായം അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ ശുപാർശകത്ത് നൽകിയതനുസരിച്ച് അദ്ദേഹം വളരെ ഔദാര്യപൂർവ്വം അവരെ സഹായിച്ച അനുഭവങ്ങളും എന്റെ ഓർമ്മയിൽ ഓടിയെത്തുന്നു. ഇങ്ങനെയുള്ള വൈകാരികമായ ബന്ധങ്ങളുടെ ഊഷ്മളതയിൽ ബഹുമാനപ്പെട്ട ബ്രദർ ഫോർത്തുനാത്തൂസിനെ തിരുസഭയോടും പൊതുസമൂഹത്തോടും ചേർന്ന് ഞാനും ഏറെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഹൈറേഞ്ചിന്റെ അനുഗ്രഹമായിരുന്ന ബ്രദർ ഫോർത്തുനാത്തൂസ് അദ്ദേഹത്തിന്റെ മനസ്സും ഹൃദയവും ഇച്ഛാശക്തിയും കണ്ണും കാതും കരങ്ങളും പാദങ്ങളും ഹൈറേഞ്ചിലെ സർവ്വ മനുഷ്യരുടേയും നന്മക്കായി വിനിയോഗിക്കുവാൻ ചലിച്ചിരുന്നു. നാടിന്റെ സാന്ത്വനവും സൗഖ്യവുമായി അവതരിച്ച ദൈവമനുഷ്യനായിരുന്നു അദ്ദേഹം. ഏതെങ്കിലുംതരത്തിലുള്ള 'ഓർമ്മയാചരണങ്ങൾ' കൊണ്ട് പരിമിതപ്പെടുത്താവുന്നതല്ല അദ്ദേഹത്തിന്റെ വ്യക്തിത്വ സവിശേഷതകളും പുണ്യപ്രവൃത്തികളും. അവയെല്ലാം സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്ന സത്യങ്ങളാണ്. നമ്മുടെ കർത്താവായ യേശു മിശിഹാ തന്റെ പരസ്യശുശ്രൂഷാവേളയിൽ 72 പേരെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും അയച്ച് സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശവും ശക്തിയും അറിയിച്ചു. അവർ തിരിച്ചെത്തി, തങ്ങൾ പ്രവർത്തിച്ച അത്ഭുതങ്ങളെപ്പറ്റി സന്തോഷപൂർവ്വം

അറിയിച്ചപ്പോൾ യേശു പറയുന്നു 'നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ'(ലൂക്കാ.10:20). കർത്താവിന്റെ നാമത്തിൽ നന്മയുടെ അത്ഭുതങ്ങൾ പ്രവർത്തിച്ച് സ്വർഗ്ഗത്തിലായിരുന്ന് നമുക്കു വേണ്ടി പ്രാർത്ഥിക്കുന്ന വന്ദ്യ ഫോർത്തുനാത്തൂസ് എന്ന പുണ്യചരിതനെ നാം ഓർക്കുന്നു. കർത്താവിൽ ആനന്ദിക്കുന്നു.

വാങ്ങിപ്പോയ ബ്രദറിന്റെ പേര് 'ഭാഗ്യവാൻ' എന്നർത്ഥമുള്ള ഫോർത്തുനാത്തൂസ് എന്നാണല്ലോ?. എന്താണ് അദ്ദേഹത്തിന്റെ ഭാഗ്യം?. എന്താണ് അദ്ദേഹം നൽകിയ ഭാഗ്യം?. നമ്മുടെ ഇടയിൽ സുവിശേഷം ജീവിക്കുവാനായി ദൈവം അദ്ദേഹത്തെ തെരഞ്ഞെടുത്തു നിയോഗിച്ചു എന്നതാണ് അദ്ദേഹത്തിന്റെ ഭാഗ്യം. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്ക് തന്നെയാണ് ചെയ്തത് എന്ന തിരുവചനത്തിന്റെ തിരിച്ചറിവിൽ ഹൈറേഞ്ചിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ദൈവത്തിന്റെ സ്നേഹവും കരുതലും അദ്ദേഹം പങ്കുവച്ചു. ഈ സമൂഹത്തിനും നാമേവർക്കും ആ സ്നേഹത്തിന്റെ ഔദാര്യം സ്വീകരിക്കാനായി ഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന്റെ കട്ടപ്പനയിലേക്കുള്ള ആഗമനത്തിനു ശേഷമുള്ള കഴിഞ്ഞ 50 വർഷം കൊണ്ട് നമ്മുടെ നാടും നഗരവും നഗരവാസികളും അനുഭവിക്കുന്ന വളർച്ചയുടെ അടിസ്ഥാനം ഫോർത്തുനാത്തൂസ് എന്ന ദൈവപുരുഷന്റെ ആത്മസമർപ്പണത്തിന്റെ ഫലമാണ് എന്ന് വിശേഷിപ്പിച്ചാൽ അതിൽ അതിശയോക്തിയില്ല. ഏതൊരു സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചക്കും ആവശ്യമായ ആരോഗ്യ പരിചരണം, പാർപ്പിടം, വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ സുപ്രധാന ഘടകമാണ് എന്ന് നമുക്കറിയാം. ഈ തലങ്ങളിലെല്ലാം ഹൈറേഞ്ചിന് ഏറ്റവും നിർണ്ണായക സംഭാവന നൽകിയ വ്യക്തിയാണ് വന്ദ്യ ബ്രദർ ഫോർത്തുനാത്തൂസ്.



യേശുനാഥന്റെ മലയിലെ പ്രസംഗത്തിൽ പറയുന്ന സുവിശേഷ ഭാഗ്യങ്ങൾ 'ഭാഗ്യവാൻ' എന്നർത്ഥമുള്ള ബ്രദർ ഫോർത്തുനാത്തൂസിൽ അന്വർത്ഥമായി.

അദ്ദേഹം ആത്മാവിൽ ദരിദ്രനായിരുന്നു. ദരിദ്രരുടെ പക്ഷം ചേർന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാൻ ഞാൻ വന്നു എന്ന യേശു വചനം തന്നിൽ നിർവഹിച്ചു. സമൃദ്ധിയെ ഉപേക്ഷിച്ചു. ദരിദ്രരുടെ ഇടയിൽ ദരിദ്രനായി ജീവിച്ചു. വേദനിക്കുന്നവരോടൊത്ത് വേദനിച്ചു. വിലപിക്കുന്നവരോടൊത്ത് വിലപിച്ചു. ശാന്തശീലനായി ജീവിച്ചു. കരുണയോടും ഹൃദയവിശുദ്ധിയോടും കൂടെ ജീവിച്ചു. നമ്മുടെ ഭാഷയും സംസ്ക്കാരവും ഉൾക്കൊണ്ട്. സുവിശേഷ ഭാഗ്യങ്ങളിൽ പങ്കാളിയായി. ഫോർത്തുനാത്തൂസ് എന്ന തന്റെ പേരിന്റെ പൊരുൾ തന്റെ ജീവിതത്തിൽ പൂർണ്ണമായും ഉൾക്കൊണ്ട് ജീവിച്ചു.

മരണത്തിലൂടെ സ്വർഗ്ഗപിതാവിങ്കലേക്ക് യാത്രയായ ബ്രദർ ഫോർത്തുനാത്തൂസ് എന്ന പുണ്യമനുഷ്യനോട് നമ്മുടെ കർത്താവ് കൽപിച്ചു കഴിഞ്ഞു:- 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവനെ. വരുവിൻ, ലോകസ്ഥാപനം മുതൽ നിനക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അനുഭവിച്ചുകൊള്ളുവിൻ. എന്തെന്നാൽ എനിക്കു വിശന്നു നീ എനിക്കു ഭക്ഷിക്കുവാൻ തന്നു. എനിക്കു ദാഹിച്ചു നീ കുടിക്കുവാൻ തന്നു, ഞാൻ പരദേശിയായിരുന്നു നീ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു നീ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു നീ എന്നെ പരിചരിച്ചു. ഞാൻ കാരാഗ്രഹത്തിലായിരുന്നു നീ എന്നെ സന്ദർശിച്ചു'.

ഭാഗ്യമോടെ സ്വർഗ്ഗത്തിലായിരിക്കുന്ന ബ്രദർ ഫോർത്തുനാത്തൂസ് നമുക്കു കാട്ടിത്തന്ന മാതൃക ഏറെ അനുകരണീയമാണ്, പ്രചോദനാത്മകമാണ്.

അദ്ദേഹം ഒരു വിശുദ്ധനായിരുന്നു എന്നത് നമ്മുടെ അനുഭവമാണ്. ആ അനുഭവത്തിന് അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം വഴി ഇനിയും അത്ഭുതസാക്ഷ്യങ്ങൾ ഉണ്ടാകട്ടെ. സാർവ്വത്രികസഭയിൽ വിശുദ്ധപദവിയിലേക്ക് അദ്ദേഹം ഉയർത്തപ്പെടുന്നതിന് അദ്ദേഹത്തിന്റെ ജീവിത നന്മയും വിശുദ്ധിയും മതിയായ അടയാളങ്ങൾ ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പുണ്യശ്ലോകനായ ബ്രദർ ഫോർത്തുനാത്തൂസിനെ തിരുസഭക്ക് നൽകിയ കാരുണ്യവാനായ ദൈവത്തിന് നന്ദി. അദ്ദേഹത്തിന്റെ പുണ്യകബറിടം അനേകർക്ക് ആശ്വാസദായകവും സൗഖ്യദായകവുമായിരിക്കും. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം ജനപദങ്ങൾക്ക് അനുഗ്രഹമായി തീരട്ടെ.

• • • • •

# ബ്രദർ ഫോർത്തുനാത്തൂസ് ഓർമ്മയിൽ നിന്ന് ഒത്തിരി...



ബ്ര. പ്രകാശ് മാടപ്പള്ളി O H

**1967**ലാണ് ഞാൻ ബ്രദർ ഫോർത്തുനാത്തൂസിനെ ആദ്യമായി കാണുന്നത്. സ്ഥലം ചങ്ങനാശ്ശേരി ബിഷപ്സ് ഹൗസ്. കാവുകാട്ടുപിതാവും ബഹു. ആശാരിപ്പറമ്പിലച്ചനും കൂടെയുണ്ടായിരുന്നു. കുറച്ചുകാലം കന്യാകുമാരി മിഷനിൽ പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനുശേഷമായിരുന്നു എന്റെ വരവ്. ഹോസ്പിറ്റലർ സഭയിൽ ചേരുകയായിരുന്നു എന്റെ ഉദ്ദേശ്യം. അന്ന് ബ്രദറിനോ എനിക്കോ പരസ്പരം നേരിട്ട് ആശയവിനിമയത്തിന് സാധിച്ചില്ല. ഇരുവരുടേയും ഇംഗ്ലീഷ് വളരെ മോശമായിരുന്നു. പിതാവും ആശാരിപ്പറമ്പിലച്ചനും ഞങ്ങൾക്കിടയിൽ ദ്വിഭാഷികളായി. പിതാവ് എന്നോടു പറഞ്ഞു 'അവർക്ക് ഇന്ത്യയിൽ ഒരു ഹൗസ് തുടങ്ങാൻ ആഗ്രഹമുണ്ട്. എങ്കിലും തീർച്ചയില്ല, വല്ല ആഫ്രിക്കയിലുമാണ് തുടങ്ങുന്നതെങ്കിൽ അങ്ങോട്ടുപോകേണ്ടി വരും. വീട്ടിൽ വരാനൊന്നും സാധിച്ചില്ലെന്നും വരാം' അദ്ദേഹം തുടർന്നു : 'അവർക്കു പണമുണ്ട്, ആളുകളില്ല. നമുക്ക് പണമില്ല, ആളുകളുണ്ട്. അവരുടെ പണവും നമ്മുടെ ആളുകളും ചേർന്നാൽ ദൈവത്തിനു വേണ്ടി ഒത്തിരി നന്മ ചെയ്യാൻ കഴിയും'. വീണ്ടും ഞാൻ ബ്രദറിനെ കാണുന്നത് ഹോസ്പിറ്റലർ സഭയിൽ അർത്ഥിയായി ജർമ്മനിയിൽ എത്തുമ്പോഴാണ്. 1967 സെപ്റ്റംബർ 8, അന്ന് കേരളത്തിൽ നിന്ന് ഞങ്ങൾ രണ്ടു പേരായിരുന്നു ഒരുമിച്ച് ഫ്രാങ്ക്ഫർട്ട് എയർപോർട്ടിൽ എത്തിയത്. അദ്ദേഹം ഞങ്ങളെ കാത്തുനിൽപ്പുണ്ടായിരുന്നു. ലഗേജ് എത്തിയ ഉടനെ ഞങ്ങൾ രണ്ടുപേരുടേയും ലഗേജുകൾ ഒന്നിച്ച് അദ്ദേഹത്തിന്റെ ഇരുകൈകളിലുമായി എടുത്ത് വേഗം നടന്നു 'ഞങ്ങൾ എടുക്കാം' എന്നു ഞങ്ങൾ പറഞ്ഞെങ്കിലും അദ്ദേഹം കൂട്ടാക്കിയില്ല.

ജർമ്മനിയിൽ പരിശീലനത്തിനെത്തിയ മലയാളി ബ്രദേഴ്സിനോട് അദ്ദേഹത്തിന് പ്രത്യേക സ്നേഹവും കരുതലും ഉണ്ടായിരുന്നു. അവിടെ അവർക്കുള്ള ഭക്ഷണം അത്ര പോരാ എന്നുതോന്നിയിട്ടാവാം അവരുടെ മുറികളുടെ വാതിൽക്കൽ വാഴപ്പഴം, നിലക്കടല മുതലായ ഭാരതീയ ഭക്ഷണസാധനങ്ങൾ കൊണ്ടു വയ്ക്കുക പതിവായിരുന്നു.

പണ്ടൊക്കെ സന്യാസസമൂഹങ്ങളിൽ പദവികൾക്കനുസരിച്ചായിരുന്നു ഭക്ഷണമേശയിൽ സ്ഥാനം. വൈസ് പ്രൊവിൻഷ്യലായിരുന്ന ബ്രദർ ഫോർത്തുനാത്തൂസ് അങ്ങനെ പ്രഥമ സ്ഥാനത്തു വരും. തൊട്ടടുത്ത് ഹൗസ് സുപ്പീരിയർ. ഈ ക്രമത്തിൽ ബാക്കിയുള്ളവർ താഴേക്ക്. അന്ന് ബ്രദർ ഫോർത്തുനാത്തൂസിന്റെ ഫീസ്റ്റ് ഡേ ആയിരുന്നു. ഉച്ചഭക്ഷണത്തിന് എല്ലാവരും എത്തിക്കഴിഞ്ഞപ്പോൾ അദ്ദേഹം തന്റെ ഒരാഗ്രഹം അറിയിച്ചു. 'ഇന്ന് നമുക്ക് പ്രത്യേക സ്ഥാനം ഒന്നും വേണ്ട ആർക്കും എവിടെയും ഇരിക്കാം'. എല്ലാവരും സമ്മതിച്ചു.

അദ്ദേഹം വൈസ്പ്രൊവിൻഷ്യൽ, നോവിസ്മാസ്റ്റർ തുടങ്ങിയ പല പദവികൾ ഒന്നിച്ച് അലങ്കരിച്ചിട്ടുണ്ട്. നൊവിഷ്യേറ്റിൽ ഞങ്ങൾക്ക് ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടപ്പുണ്ടായിരുന്നു. മാസത്തിൽ ഒരു ദിവസം ഔട്ടിംഗ്. എല്ലാം അദ്ദേഹത്തിന്റെ കൂടെത്തന്നെ. ഈയവസരങ്ങളിലൊന്നും കടകളിൽ നിന്ന് ഒരു സാധനവും വാങ്ങു



കയില്ല. തിന്നാനും കുടിക്കാനുമുള്ളവ ഹൗസിൽ നിന്ന് പൊതിഞ്ഞുകെട്ടി കൊണ്ടുപോവുകയായിരുന്നു പതിവ്. എവിടെപ്പോയാലും വൈകുന്നേരം പ്രാർത്ഥനാസമയത്തിനു മുമ്പേ എത്തിയിരിക്കും. സമൂഹത്തിലെ ദിനചര്യകളിൽ ഒരിക്കൽപ്പോലും താമസിച്ചു വന്നതായി ഓർമ്മയില്ല.

സാധാരണക്കാരോടു സംസാരിക്കാൻ പ്രാദേശിക ഭാഷ പഠിക്കേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. ജർമ്മനിയിൽ വച്ചുതന്നെ മലയാളം പഠിച്ചു തുടങ്ങി. വൈകുന്നേരങ്ങളിൽ സഹായത്തിനായി എന്നെ വിളിക്കുക പതിവായിരുന്നു. 1969 നവംബർ 19 ന് കട്ടപ്പനയിൽ എത്തിയപ്പോഴേക്കും കുറച്ചൊക്കെ സംസാരിക്കുമായിരുന്നു. അന്നത്തെ സ്വീകരണത്തിന് അദ്ദേഹം മറുപടി മലയാളത്തിൽ പറഞ്ഞു തുടങ്ങിയെങ്കിലും ഇംഗ്ലീഷിൽ തുടരുകയായിരുന്നു.

ജർമ്മൻ- മലയാളമോ മലയാളം- ജർമ്മനോ ഡിക്ഷനറി അന്നില്ലായിരുന്നു. സാധാരണവാക്കുകൾ ചേർത്ത് ജർമ്മൻ-മലയാളമായി ചെറിയ ഒരെണ്ണം ഞാൻ എഴുതിക്കൊടുത്തു. 2000 ത്തിൽപരം വാക്കുകൾ മാത്രം. അദ്ദേഹം അത് സദാ പോക്കറ്റിൽ സൂക്ഷിച്ചിരുന്നു. കട്ടപ്പനയിൽ വന്നപ്പോഴും. ഒരിക്കൽ അദ്ദേഹത്തിന് ഒരു സംശയം, 'കുട്ടി' എന്ന വാക്ക് ഇവിടെയാരും പറഞ്ഞുകേൾക്കുന്നില്ലല്ലോ' ഡിക്ഷനറിയിൽ ചേർത്തിരുന്നത് കുട്ടി എന്ന പദമായിരുന്നു. 'പുള്ളേ പുള്ളേ എന്ന് എന്തോ ഒന്ന് ആണ് കേൾക്കുന്നത്' അപ്പോൾ ഞാൻ വിശദീകരിച്ചു. 'പിള്ളേർ എന്ന് സംസാരത്തിൽ സാധാരണക്കാർ പറയും'. ഉടൻ അദ്ദേഹത്തിന്റെ പ്രതികരണം 'സാധാരണക്കാരുടെ ഭാഷയല്ലേ എനിക്കും അറിയേണ്ടത്'. എന്നായിരുന്നു.

വല്യച്ചനെപ്പോലെ വെളുത്ത ആളുകളെ കട്ടപ്പനയിലെ കുട്ടികൾ കണ്ടിട്ടുണ്ടായിരുന്നില്ല. ആദ്യമൊക്കെ അദ്ദേഹത്തെ കാണുമ്പോൾ കൊച്ചുകുട്ടികൾ കരഞ്ഞുകൊണ്ട് ഓടുമായിരുന്നു. എന്നാൽ ക്രമേണ അവർ സഹൃത്തുക്കളായി. സൗഹൃദം പങ്കുവച്ചും അവർ കളിക്കൂട്ടുകാരായി തുടർന്നു.

• • • • •

# വഴിയോരത്തും വല്യച്ചൻ ജീവിക്കുന്നു...



ഒടിഞ്ഞുപോയ കുടക്കമ്പി ശരിയാക്കുന്നതിലാണ് ശ്രദ്ധയെങ്കിലും വെയ്സ്റ്റ് കഷണങ്ങൾ യോജിപ്പിച്ച് രൂപപ്പെടുത്തിയ തന്റെ കടയുടെ മുകളിൽ തൂക്കിയിട്ടിരിക്കുന്ന ബ്രദർ ഫോർത്തൂനാത്തൂസിന്റെ ഫോട്ടോയിലേക്ക് ദൃഷ്ടികൾ ഉയർത്തി.... അയ്യപ്പൻ പറഞ്ഞു...."ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം എനിക്ക് 'അച്ചനെ' കണ്ടുകൊണ്ട് ദിവസങ്ങൾ തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യണം" ഭാര്യ തങ്കമ്മ കടയുടെ ഓരത്തിരുന്ന് തന്റെ ഭർത്താവിന്റെ ജോലികൾ വീക്ഷിക്കുന്നു...

അവരിൽ നിന്ന് ഉതിർന്നതൊന്നുമാത്രം "അച്ചനെപ്പോലെ ഒരാളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല"....

മൂന്നു കുട്ടികൾ അടങ്ങുന്ന ആ കുടുംബത്തെ ബ്രദർ ഫോർത്തൂനാത്തൂസ് ജീവിച്ചിരുന്ന കാലം നിരന്തരം സഹായിച്ചിരുന്നു. മുപ്പത്തഞ്ചു വർഷങ്ങളായി ഈ കുടുംബം കട്ടപ്പനയിൽ താമസിക്കുന്നു. ആദ്യകാല കട്ടപ്പനയുടെ ചരിത്രം അവർക്കുനന്നായിട്ടറിയാം. പ്രത്യേകിച്ച് ബ്രദർ ഫോർത്തൂനാത്തൂസ് കട്ടപ്പനയിൽ എത്തിയ കാലഘട്ടം.

ദാ...അയ്യപ്പൻ വീണ്ടും വാചാലനായി "കേരളത്തിലാർക്കും അച്ചനെപ്പോലെ ചെയ്യാൻ പറ്റില്ല....മന്ത്രിമാർക്കുപോലും....(അയ്യപ്പന്റെ ലോകം കേരളമാണെന്നു തോന്നുന്നു) "അച്ചന്റെ ഹൃദയം നിറയെ സ്നേഹവും കരുണയുമായിരുന്നു"...... ചീറിപ്പായുന്ന വണ്ടികളോ, കടന്നുപോകുന്ന ജനക്കൂട്ടങ്ങളോ അയ്യപ്പന്റെ ജോലിയിലെ ഏകാഗ്രത നഷ്ടപ്പെടുത്തിയില്ല.

കുടക്കാലു നന്നാക്കി കുട തിരികെ ഏൽപ്പിച്ചു.

"എന്തായി വില?"

"അമ്മക്കിഷ്ടമുള്ളത്

"എങ്കിലും എന്തായെന്നു പറയൂ"

"അമ്മ എന്തു തന്നാലും ഞാൻ സ്വീകരിക്കും"

"അമ്മക്കിഷ്ടമുള്ളതു നൽകി"... അയ്യപ്പന്റെ കണ്ണുകളിൽ ഒരു നനവിന്റെ തിളക്കം..

ഒരു പക്ഷേ ഓർമ്മകൾ ഓളം വെട്ടിയതാകാം.

# ബഹു. ഫോർത്തുനാത്തൂസിനെ അടുത്തറിഞ്ഞ കുറിഞ്ഞിപ്പറമ്പിലച്ചൻ



**ഫാ. ജോസഫ് കുറിഞ്ഞിപ്പറമ്പിൽ**
ചങ്ങനാശ്ശേരി അതിരൂപത

## കട്ടപ്പനയും അഭിവന്ദ്യ കാവുകാട്ടു പിതാവും

പുണ്യശ്ലോകനായ കാവുകാട്ടു പിതാവിന് ഹൈറേഞ്ച് പ്രദേശത്തോടും നിവാസികളോടും വലിയ അനുകമ്പയും സ്നേഹവുമുണ്ടായിരുന്നു. മീനച്ചിൽ താലൂക്കിൽപെട്ട കഠിനാദ്ധ്വാനികളായിരുന്നു ഇവിടുത്തെ ആളുകളിൽ ഭൂരിഭാഗവും. അവികസിതമായ കട്ടപ്പന പ്രദേശത്തിന്റെ വികസനത്തിനു വേണ്ടി വളരെ ആഗ്രഹിച്ച പിതാവ് ഇവിടെ ചികിൽസാ സൗകര്യവും വിദ്യാഭ്യാസ സൗകര്യവും മെച്ചപ്പെടുത്തുന്നതിന് അതിയായി പരിശ്രമിച്ചു. ഗൗരവമായ എന്തെങ്കിലും അസുഖങ്ങളുണ്ടായാൽ കോട്ടയം മെഡിക്കൽ കോളജുമാത്രമായിരുന്നു ആശ്രയം. വളരെയധികം ക്ലേശപൂർണ്ണമായ യാത്രചെയ്തു കോട്ടയത്ത് എത്തുമ്പോഴേക്കും രോഗി മിക്കവാറും അന്ത്യശ്വാസം വലിക്കുന്ന പതിവാണ് നിലനിന്നിരുന്നത്. കട്ടപ്പനയും സമീപപ്രദേശങ്ങളും കോട്ടയം ഡിസ്ട്രിക്ടിൽപ്പെട്ട സ്ഥലങ്ങളായിരുന്നു. എന്തെങ്കിലും ആവശ്യങ്ങൾക്ക് കോട്ടയത്തുള്ള ഓഫീസുമായി ബന്ധപ്പെടുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യവുമായിരുന്നു. അന്ന് കട്ടപ്പന ഫൊറോനാ പള്ളി കേന്ദ്രീകരിച്ചായിരുന്നു വികസനത്തിനുള്ള വഴി തെളിഞ്ഞു വന്നത്. അതിനുള്ള ദീർഘദൃഷ്ടി പ്രകടിപ്പിച്ചത് അഭിവന്ദ്യ കാവുകാട്ടു പിതാവാണ്. കട്ടപ്പന ഇടവകയുടെ സാരഥിയായി പെരിയ. ബഹു. ജോസഫ് മേപ്രക്കരോട്ടച്ചനെ പിതാവ് നിയോഗിച്ച് പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ബഹു. അച്ചന്റെ നേതൃത്വത്തിൽ ആളുകളെ സഹകരിപ്പിച്ച് യാത്രാക്ലേശങ്ങൾ പരിഹരിക്കുന്നതിന് റോഡുകൾ, പാലം, കലുങ്ക് എന്നിവയെല്ലാം ക്രമേണ നിർമ്മിക്കപ്പെടുകയുണ്ടായി. വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രൈമറി മുതൽ ഹൈസ്കൂൾവരെ സൗകര്യങ്ങൾ ക്രമപ്പെടുത്തി. അന്നത്തെക്കാലത്ത് ഏതാണ്ട് 3000 കുട്ടികൾ പഠിക്കുന്ന സ്കൂളാക്കി സെന്റ് ജോർജ്ജ് സ്കൂളിനെ ഉയർത്തി. ആവശ്യമായ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബഹു. അച്ചനും കമ്മിറ്റിക്കാരും കഠിനാദ്ധ്വാനം ചെയ്തു. പള്ളി മനോഹരമായ രീതിയിൽ പുതുക്കി പണിയുവാനും അച്ചനു സാധിച്ചു. അച്ചനു നല്ല നിശ്ചയമായിരുന്നു ആ പ്രദേശത്ത് ആരുടെ പുരയിടങ്ങളിലാണ് നല്ല തേക്കു തടികളും മൂത്ത ആഞ്ഞിലിയും പ്ലാവുമൊക്കെ നിൽക്കുന്നത് എന്ന്. അതൊക്കെ സ്കൂളിന്റേയും പള്ളിയുടേയും ആവശ്യത്തിനായി സംഭരിക്കുന്നതിനും കഠിനാദ്ധ്വാനിയായ അച്ചനു സാധിച്ചു. കട്ടപ്പനയുടെ വികസനത്തിന്റെ കാലഘട്ടത്തിൽ അതായത് 1967– ൽ അസിസ്റ്റന്റ് വികാരിയായി ബഹു. അച്ചനോടു ചേർന്നു സഹകരിച്ച് പ്രവർത്തിക്കാനുള്ള അവസരം എനിക്കു ലഭിച്ചു. ഏതാണ്ട് 6 വർഷക്കാലം അതായത് 1973 വരെ കട്ടപ്പന – കൊച്ചുതോവാള പ്രദേശങ്ങളിൽ പ്രവർത്തിക്കുവാനും എനിക്ക് സാധിച്ചു. ഈ കാലഘട്ടത്തിന്റെ അവസാനത്തിൽ ബഹു. വർഗ്ഗീസ് ചെത്തിപ്പുഴ അച്ചനേക്കൂടി അസിസ്റ്റന്റായി അഭിവന്ദ്യ പിതാവ് കട്ടപ്പനയിൽ നിയോഗിക്കുകയുണ്ടായി. അങ്ങനെ വല്യച്ചനും കൊച്ചച്ചനും കുഞ്ഞച്ചനും കൂടി ഒന്നിച്ചു പ്രവർത്തിച്ച കാലഘട്ടം സന്തോഷത്തോടുകൂടി അനുസ്മരിക്കുകയാണ്. പ്രദേശത്തിന്റെ വളർച്ചക്കും സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനും സഹായിച്ച ബഹു. ക്ലാരിസ്റ്റ് സിസ്റ്റേഴ്സിന്റെ പങ്കാളിത്തം നന്ദിപൂർവ്വം സ്മരിക്കുന്നു.

ഇക്കാലത്ത് കോട്ടയം ജില്ലയിൽ നിന്നും വേർപെടുത്തി ഇടുക്കി ജില്ല രൂപം കൊണ്ടു. പുതിയ ജില്ല

കേന്ദ്രസ്ഥാനത്തിനു അർഹത കട്ടപ്പനയ്ക്ക് തന്നെയായിരുന്നു. എങ്കിലും ഇടുക്കിക്ക് മറ്റു പ്രാധാന്യമുണ്ടെന്നുള്ളതു വാസ്തവമാണ്. പല പ്രധാനപ്പെട്ട ഓഫീസുകളും കട്ടപ്പനയിൽ തന്നെയാണ്. അതിനൊക്കെ സഹകരിച്ചതും പരിശ്രമിച്ചതും ഇടവക ദേവാലയം കേന്ദ്രമാക്കി കൊണ്ടുതന്നെയാണ്. 1964– 67 കാലഘട്ടത്തിൽ പല പ്രാവശ്യം അഭിവന്ദ്യ കാവുകാട്ടു പിതാവ് ജർമ്മനിയിൽ പോകുകയും അവിടെ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന ബഹു. തോമസ് ആശാരിപ്പറമ്പിലച്ചനുമായി ആലോചിച്ച് കേരളത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിൽ ആതുരശുശ്രൂഷാ രംഗത്തു പ്രവർത്തിക്കാൻ പറ്റിയ സേവന തല്പരതയുള്ള സന്യാസ സമൂഹത്തെക്കുറിച്ച് അന്വേഷിച്ചു മനസ്സിലാക്കുകയുമുണ്ടായി. ബന്ധപ്പെട്ട സന്യാസ സമൂഹത്തിന്റെ അധികാരികളുമായി സംസാരിച്ചതിന്റെ പശ്ചാത്തലത്തിൽ ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് എന്ന സന്യാസ സമൂഹമാണ് പറ്റിയതെന്നു മനസ്സിലാക്കുകയുണ്ടായി. പ്രസ്തുത കോൺഗ്രിഗേഷന്റെ മേലധികാരികൾക്കും സമൂഹത്തിനും സമ്മതമാണെന്നു മനസ്സിലാക്കിയപ്പോൾ പിതാവ് അവരെ കേരളത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിലേക്ക് ക്ഷണിക്കുകയുണ്ടായി. പിതാവിന്റെ ക്ഷണം സ്വീകരിച്ച് 1967– ൽ ബഹു. ഫോർത്തുനാത്തൂസും സഹപ്രവർത്തകരായ വേറെ രണ്ടു പേരും കൂടി ചങ്ങനാശ്ശേരി അരമനയിൽ വരികയുണ്ടായി. അതിവിസ്തൃതമായ ചങ്ങനാശ്ശേരി അതിരൂപതയുടെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് പ്രവർത്തനത്തിനു പറ്റിയ പ്രദേശം നിർദേശിക്കാൻ പിതാവ് പറയുകയുണ്ടായി. അതനുസരിച്ച് തക്കല, അമ്പൂരി, തിരുവനന്തപുരം, കിഴക്ക് കട്ടപ്പന തുടങ്ങിയ സ്ഥലങ്ങൾ പോയി കാണുകയുണ്ടായി. അവരുടെ കൂട്ടത്തിൽ പോയി സ്ഥലം പരിചയപ്പെടുത്തികൊടുക്കുവാൻ ചുമതലപ്പെടുത്തി വിട്ടത് എന്നെയാണ്. എല്ലാം കണ്ടതിനു ശേഷം എല്ലാവർക്കും ഇഷ്ടപ്പെട്ടത് കട്ടപ്പന പ്രദേശംതന്നെയാണ്. വിവരമെല്ലാം പിതാവിനോടു പറയുകയും പിതാവ് കട്ടപ്പനയിലേക്ക് ബ്രദർ ഫോർത്തുനാത്തൂസിനേയും സഹപ്രവർത്തകരേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുകയും ചെയ്തു.

ബഹുമാനപ്പെട്ട ഫോർത്തുനാത്തൂസും സംഘവും കേരള സന്ദർശനത്തിനു ശേഷം ജർമ്മനിയിലേക്ക് തിരികെ പോയി. അവരുടെ താല്പര്യമനുസരിച്ച് ആശുപത്രിയും അനുബന്ധസ്ഥാപനങ്ങളും നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലവും, കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള കാര്യങ്ങളെക്കുറിച്ചും ധ്രുതഗതിയിൽ ആലോചന നടത്തുകയും ആവശ്യമായ സാമ്പത്തികം ശേഖരിച്ച് അരമനയിലേക്ക് അയച്ചുകൊണ്ടുമിരുന്നു. ബഹു. മേപ്രക്കരോട്ടച്ചന്റെ ശ്രമഫലമായി ആശുപത്രിക്ക് ആവശ്യമായ മറ്റു കെട്ടിടങ്ങളും ഉപകരിക്കത്തക്ക രീതിയിൽ ഒറ്റ ബ്ലോക്കായി പലരിൽ നിന്നായി സ്ഥലം സ്ഥാപനത്തിന്റെ പേരിൽ വാങ്ങുകയുണ്ടായി. ധ്രുതഗതിയിൽ എല്ലാ കാര്യങ്ങളും പുരോഗമിച്ചു. ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ നികുതി ഒഴിവോടുകൂടി ഇവിടെ എത്തിക്കുന്നതിനു നിലവിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയുടെ ആവശ്യം അനിവാര്യമായിരുന്നു. അതു കണക്കിലെടുത്തു വിലക്കുവാങ്ങിയ 'കുമ്പിങ്കൽ പുരയിടത്തിൽ' താല്ക്കാലികമായി ആശുപത്രി പ്രവർത്തിക്കാൻ തുടങ്ങി. ആദ്യകാലങ്ങളിൽ കുമളിയിൽ നിന്നും ഡോക്ടർ വന്നു സേവനമനുഷ്ഠിച്ചിരുന്നു. അതോടൊപ്പം ആശുപത്രിയുടെ പ്രധാന ബ്ലോക്കുകളും മറ്റും പണിയുന്നതിന് എറണാകുളത്തുനിന്ന് വന്ന എൻജിനിയർ കട്ടപ്പനയിൽ താമസിച്ച് കാര്യങ്ങൾ ശ്രദ്ധയോടെ നടപ്പാക്കിയിരുന്നു. ഈ കാലഘട്ടത്തിൽ കാവുകാട്ടു പിതാവ് ശാരീരികമായി വളരെ ക്ഷീണിതനും രോഗിയുമായിത്തീർന്നിരുന്നു. എങ്കിലും കട്ടപ്പനക്കാരോടുള്ള പരി



ഗണന കണക്കിലെടുത്തു പിതാവ് സ്ഥലത്തു വന്ന് എല്ലാംകാണുകയുണ്ടായി. പുണ്യശ്ലോകനായ പിതാവ് 1969 ഒക്ടോബർ 9 ാം തിയതി ദിവംഗതനായി. ആ പുണ്യ പിതാവ് അനതിവിദൂരമായ ഭാവിയിൽ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.

## ബ്രദർ ഫോർത്തുനാത്തൂസ്

1969- ൽ ബഹു. ഫോർത്തുനാത്തൂസും സഹപ്രവർത്തകരും വീണ്ടും കട്ടപ്പനയിലേക്കു വന്നു. അവരെ സ്വീകരിക്കുവാൻ അന്നത്തെ മുഖ്യ വികാരി ജനറാളായിരുന്ന മോൺ എൽ. ജി. ചിറ്റൂർ, പെ. ബഹു. വികാരി മേപ്രക്കരോട്ടച്ചൻ, അസിസ്റ്റന്റു വികാരിയായ ഞാനും മറ്റു കമ്മറ്റിക്കാരായ ഇടവകാംഗങ്ങളും ബഹു. സിസ്റ്റേഴസും ഉണ്ടായിരുന്നു. അവർ വന്ന് കുമ്പിങ്കൽ ആരംഭിച്ചിരുന്ന ആശുപത്രിയും കെട്ടിടങ്ങളുമെല്ലാം കണ്ടു സന്തോഷം രേഖപ്പെടുത്തുകയുണ്ടായി. താമസിക്കുവാനുള്ള കെട്ടിടത്തിന്റെ പണി ധ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുകയായിരുന്നു. ഏതാനും നാളുകളിലേക്ക് ഞങ്ങൾ താമസിക്കുന്ന മുറിയോടു ചേർന്നുള്ള ഒരു മുറിയിൽ തല്ക്കാലത്തേക്കു താമസമാക്കി. ബഹു. ഫോർത്തുനാത്തൂസ്, ബ്രദർ അലോഷ്യസ്, ബ്രദർ വേറൻഫ്രറ്റ്, ബ്രദർ പ്രകാശ് എന്നിവരായിരുന്നു ആദ്യകാലത്തിലെ നിവാസികൾ. ഞങ്ങളോടൊപ്പം ഭക്ഷണം കഴിച്ചും പ്രാർത്ഥിച്ചും തമാശപറഞ്ഞുമൊക്കെ ആ കാലഘട്ടം ചെലവഴിച്ചു. ഓരോ ദിവസം കഴിയുംതോറും ബ്രദർ ഫോർത്തുനാത്തൂസിന്റെ വ്യക്തിത്വത്തിന്റെ പ്രസരിപ്പ് മനസ്സിലാക്കുവാൻ സാധിച്ചു. ഒരു ദൈവിക മനുഷ്യൻ കൂട്ടത്തിലുണ്ടെന്ന അവബോധം ഞങ്ങൾക്ക് ക്രമേണ ഉണ്ടായിത്തുടങ്ങി. ലഘുവായ ഭക്ഷണ രീതി, കൂടുതൽ സമയം പ്രാർത്ഥിക്കുന്ന സ്വഭാവം, പാവപ്പെട്ടവരേയും നിരാലംബരേയുംപരിഗണിക്കുന്ന സ്വഭാവത്തിന്റെ ഉടമ-നിഷ്കളങ്കതയുടെ തനി രൂപം. അന്നത്തെ കാലഘട്ടത്തിൽ ആ പ്രദേശത്തെ സാധാരണക്കാരായ ആളുകളുടെ മുഖ്യഭക്ഷണം കപ്പയും മുളകുചമ്മന്തിയുമായിരുന്നു. ഞങ്ങളുടെ കുശിനിയിൽ എന്തെങ്കിലും സ്പെഷ്യൽ ആഹാരം ഓരോ ദിവസവും ക്രമപ്പെടുത്തുക പതിവായിരുന്നു. എന്നാൽ വേലക്കാർക്കു വേണ്ടി ഒരുക്കിയിരുന്ന കപ്പയും ചമ്മന്തിയും അദ്ദേഹം ചോദിച്ചു മേടിക്കുകയും സ്പെഷ്യൽ ആഹാരം മാറ്റി വയ്ക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ പതിവായി മാറി. അങ്ങനെ ക്രമേണ നാട്ടിലെ സാധാരണക്കാരായ ആളുകളുടെ ഭക്ഷണ രീതിയോട് താദാത്മ്യപ്പെടാൻ തുടങ്ങി. ക്രമേണ പാവപ്പെട്ട ആളുകളുടെ വീടുകൾ സന്ദർശിക്കാനും അവർക്ക് എന്തെങ്കിലുമൊക്കെ കൊടുക്കാനും അദ്ദേഹം നിർബന്ധം കാണിച്ചു. വൃണബാധിതരായ ആളുകളെ പരിചരിക്കാനും മരുന്നു വച്ചു കെട്ടി ശുശ്രൂഷിക്കാനുമൊക്കെ കരുതലുള്ളവനായിരുന്ന അദ്ദേഹം ദൈവസ്നേഹം മനുഷ്യസ്നേഹത്തിലൂടെ പ്രകടമാക്കിക്കൊണ്ടിരുന്നു. ചുരുങ്ങിയ കാലം കൊണ്ട് ആളുകൾക്ക് ബോധ്യപ്പെട്ടു അദ്ദേഹത്തിന്റെ ആരോഗ്യവും മനസ്സും ഹൃദയവുമെല്ലാം പാവങ്ങൾക്കുവേണ്ടിയുള്ളതാണെന്ന്. സമൂഹത്തിൽ പുറംതള്ളപ്പെട്ടിരുന്ന ചുറ്റുപാടുമുള്ള പല ആളുകളും ബ്രദറിന്റെ ചുറ്റും കൂടിയിരുന്ന് ഹൃദ്യമായി സംസാരിക്കുന്നതും കുശലങ്ങൾ പങ്കുവയ്ക്കുന്നതും കാണാമായിരുന്നു. അവർ ഇങ്ങോട്ടു വന്നില്ലെങ്കിൽ അങ്ങോട്ടു ചെന്നു കാണുവാനുള്ള സന്മനസ് അദ്ദേഹം പ്രകടമാക്കിയിരുന്നു. മനുഷ്യസ്നേഹിയായ ബ്രദർ ഫോർത്തുനാത്തൂസ് ദൈവാനുഭവമുള്ള ആളാണെന്ന് ആളുകൾ പറയുക പതിവായിരുന്നു. പാവപ്പെട്ടവർക്കു വേണ്ടി എന്തും ചെയ്യുവാൻ അദ്ദേഹം തയ്യാറായിരുന്നു. ഭവനരഹിതരായ എന്തുമാത്രം ആളുകൾക്കാണ് അദ്ദേഹം ഭവനം നിർമ്മിച്ചു കൊടുത്തത്. സ്ഥലമില്ലാത്തവർക്ക് സ്ഥലം കൊടുത്ത് ഭവനം നിർമ്മിച്ചു കൊടുക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. നിരാലംബരായ ആളുകളുടെ എണ്ണം കൂടി തുടങ്ങിയപ്പോൾ അവരെയൊക്കെ വേണ്ടവിധം പുനരധിവസിപ്പിക്കുന്നതിനു വേണ്ടി ഒരു 'പ്രതീക്ഷാഭവൻ' തന്നെ അദ്ദേഹം രൂപപ്പെടുത്തി. അദ്ദേഹത്തോടുകൂടി ഒന്നിച്ചു താമസിച്ചിരുന്ന കാലഘട്ടത്തിലെ ഓർമകൾ എപ്പോഴും എന്റെ മനസ്സിലേക്കു കടന്നുവരും. നിഷ്കളങ്കമായ പുഞ്ചിരിയോടുകൂടി എന്നും വൈകിട്ട് ഒന്നിച്ചിരുന്ന് ബൈബിൾ വായിക്കുകയും ധ്യാനിക്കുകയും വിശദീകരണം കേൾക്കുകയും ചെയ്യും. ക്രമേണ താമസസൗകര്യങ്ങൾ മെച്ചപ്പെട്ടപ്പോൾ സഭയിലേക്കു ചേരുവാൻ കൂടുതൽ അർത്ഥികൾ വന്നുകൊണ്ടിരുന്നു. അവരോടൊക്കെയുള്ള സമീപനവും സംസാരവുമൊക്കെ എപ്പോഴും എന്റെ മനസ്സിലേക്കു കടന്നു വരാറുണ്ട്. അങ്ങനെ വന്നിരുന്ന അർത്ഥികൾക്ക് ക്ലാസ്സെടുക്കാൻ എന്നെയും വിളിക്കുമായിരുന്നു. ദൈവസ്നേഹത്താൽ പ്രേരിതനായി മനുഷ്യരെ ശുശ്രൂഷിച്ച് സംതൃപ്തി നേടിയ മനുഷ്യസ്നേഹിയായിരുന്നു ബ്രദർ ഫോർത്തുനാത്തൂസ്. 1969 ൽ അദ്ദേഹം കേരളത്തിലേക്ക് - കട്ടപ്പനയിലേക്ക് സ്ഥിരതാമസത്തിനു വന്നതിനു ശേഷം ഒരിക്കൽ മാത്രമേ സ്വന്തം നാട്ടിലേക്കു തിരികെ പോയിട്ടുള്ളൂ. സ്വന്തം നാടും വീടും ഉപേക്ഷിച്ച് തന്റെ ആരോഗ്യവും ജീവിതസൗകര്യങ്ങളുമെല്ലാം പാവപ്പെട്ട ആളുകളുടെ സമുദ്ധാരണത്തിനു വേണ്ടി സമർപ്പിച്ച ധീരനായ ഈ വ്യക്തി ജീവിച്ചിരുന്നപ്പോൾ തന്നെ ഒരു വിശുദ്ധനായിരുന്നു.

• • • • •

# ദൈവദാസൻ ഫോർത്തുനാത്തൂസ് എന്റെ ദൃഷ്ടിയിൽ



**സി. ബൊറോമിയോ FCC**
ചങ്ങനാശ്ശേരി

"ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്" (മത്താ 25/40). ഈ തിരുവചനം മാംസം ധരിച്ചതാണ് ബ്രദർ ഫോർത്തുനാത്തൂസിന്റെ ആദ്ധ്യാത്മിക ജീവിതം.

ദൈവത്തിന്റെ സ്നേഹവും കാരുണ്യവും വഴിഞ്ഞൊഴുകുമ്പോൾ മറ്റു മനുഷ്യരിലേക്ക് ഈ സ്നേഹം പടരുക എന്നത് സ്വാഭാവികമാണ്. അതുവഴി പാവപ്പെട്ടവരിലേക്കു കടന്നുചെല്ലാനും അവരെ സഹായിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള ഉൾവിളിയും ഉണ്ടാകുന്നു. വിശ്വാസത്തിൽ ആഴപ്പെട്ട കുടുംബപശ്ചാത്തലം ബ്രദറിനെ കൂടുതൽ ദൈവസ്നേഹാനുഭവമുള്ള സാഹചര്യങ്ങളിലൂടെ ദൈവം നയിച്ചു. ഇപ്രകാരം ദൈവസ്നേഹത്തിൽ നീന്തിത്തുടിച്ച ഒരു വിനീതദാസനും ഉത്തമസന്യാസിയുമാണ് ബ്രദർ ഫോർത്തുനാത്തൂസ്. 'ദൈവം സ്നേഹമാകുന്നു' എന്ന തിരുവചനം സ്വാംശീകരിച്ച വിശുദ്ധ ജോൺ ഓഫ് ഗോഡിനെ അനുകരിച്ച് തന്റെ ജീവിതം സഫലമാക്കിയ ഈ സന്യാസസഹോദരൻ മനുഷ്യഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു.

1918 ഫെബ്രുവരി 27 ന് ജർമ്മനിയിലെ ബർലിൻ പട്ടണത്തിലുള്ള ഫ്രീഡ്നൗ എന്ന ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. മാതാപിതാക്കൾക്കു ജനിച്ച മൂന്ന് ആൺമക്കളിൽ ഒന്നാമനാണ് ബ്രദർ ഫോർത്തുനാത്തൂസ്. വിശുദ്ധിയുടെ കാര്യത്തിലും ഒന്നാം സ്ഥാനം ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണ് അദ്ദേഹം നയിച്ചത്. അതിനു തെളിവാണ് 'ദൈവദാസൻ എന്ന പദവി'

മനുഷ്യമനസുകളെ പിടിച്ചുകുലുക്കിയ രണ്ടാം ലോകമഹായുദ്ധത്തിലെ ഭീകരദൃശ്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെ ഏറെ ദു:ഖിപ്പിച്ചു. സ്വന്തപ്പെട്ടവരും പ്രിയപ്പെട്ടവരുമായവരുടെ വേർപാട് ആ ഹൃദയത്തിൽ നിന്നും അനുകമ്പയുടേയും കാരുണ്യത്തിന്റേയും നീർച്ചാലുകൾ ഒഴുക്കി. ക്രൂശിതനായ ഈശോഅദ്ദേഹത്തിന്റെ മുറിപ്പാടുകളിൽ സ്നേഹതൈലം പൂശി അനുഗ്രഹിച്ചു.



മിഷനറിതീക്ഷ്ണതയാൽ ജ്വലിക്കുന്ന സ്നേഹസമ്പന്നനായ ബ്രദർ ഫോർത്തുനാത്തൂസ് ജർമ്മനിയുടെ സമ്പന്നതയോട് വിടപറഞ്ഞ് ആർഷഭാരതത്തിന്റെ മടിത്തട്ടിലെത്തി തന്റെ സാന്നിദ്ധ്യവും ജീവിതവും ഏറ്റം അത്യാവശ്യമുള്ള കട്ടപ്പന എന്ന ഗ്രാമത്തെ സ്വന്തമായി സ്വീകരിച്ചു. മനുഷ്യത്വം നിറഞ്ഞ ആ പുണ്യപുരുഷൻ കട്ടപ്പനയുടെ 'വല്യച്ചനായി' പ്രിയങ്കരനായി അവിടെ തന്റെ വാസമുറപ്പിച്ചു.

കുടിയേറ്റത്തിന്റെ ദുരിതപാതയിലൂടെ നീങ്ങുന്ന മലയോരമക്കൾ അദ്ദേഹത്തിന്റെ സ്വന്തമക്കളായി. കരുണാർദ്രസ്നേഹം അവരിലേക്ക് പ്രവഹിച്ച് കട്ടപ്പനയും പ്രാന്തപ്രദേശങ്ങളും ജീവന്റെയും പ്രത്യാശയുടേയും വിളനിലമായിത്തീർന്നു.

ഇന്ത്യയുടെ ആത്മാവിനെ തൊട്ടറിഞ്ഞ മനുഷ്യസ്നേഹിയായ ബ്രദർ കേരളത്തിന്റെ മലയോരങ്ങൾ കയറിയിറങ്ങി മലമ്പനിയോടും മറ്റു രോഗങ്ങളോടും പൊരുതുന്ന ജനത്തിന്റെ ആത്മനൊമ്പരങ്ങൾ സ്നേഹസ്പർശം വഴി സൗഖ്യമാക്കി. ഒപ്പം പ്രാർത്ഥനയിലൂടെ അവരെ പ്രത്യാശാഭരിതരാക്കി.

കമ്പത്തുനിന്നും വരുന്ന ഒരു കുഷ്ഠരോഗിയെ കണ്ടുമുട്ടിയ ബ്രദർ ഫോർത്തുനാത്തൂസിന്റെ സാന്ത്വന സ്പർശവും പരിചരണവും ഇന്നും എന്റെ മനസ്സിൽ ഒളിമങ്ങാതെ നിൽക്കുന്നു. ബ്രദർ ആ രോഗിയുടെ കവിളിൽ നിന്നും പുഴുക്കളെ പെറുക്കി എടുക്കുന്ന രംഗം ഒരിക്കലും വിസ്മരിക്കാനാവില്ല. കുഷ്ഠരോഗിയിൽ ഈശോയെ കണ്ട വിശുദ്ധ ഫ്രാൻസിസ് അസീസ്സിയെയാണ് ഞാൻ അപ്പോൾ ഓർത്ത്.

സഹോദരങ്ങളിൽ ദൈവത്തെ കണ്ടു ശുശ്രൂഷിക്കുവാനും, അവരെ സ്നേഹിക്കുവാനും ഒരു യഥാർത്ഥ ക്രൈസ്തവനുമാത്രമേ കഴിയൂ. ഒരു നല്ല ക്രൈസ്തവനേ നല്ല സന്യാസിയാകാനും സാധിക്കൂ.

ബ്രദർ കട്ടപ്പനയിലെത്തിയ ആദ്യനാളുകൾ എന്റെ മനോമുകുരത്തിൽ തെളിയുമ്പോൾ എനിക്കു സന്തോഷം പകരുന്ന ഒരു പിടി കാര്യങ്ങൾ പങ്കുവയ്ക്കാനുണ്ട്. ഞങ്ങൾ ഫ്രാൻസിക്കൻ ക്ലാരിസ്റ്റു സഹോദരിമാർ ഹോസ്പിറ്റലിൽ താമസിക്കുന്ന ഭവനവും പരിസരവും ശുചിയാക്കുന്ന കര്യത്തിൽ അദ്ദേഹത്തിനു നല്ല ശ്രദ്ധയും താൽപര്യവും ഉണ്ടായിരുന്നു. വെയ്സ്റ്റുവയ്ക്കുന്ന ബക്കറ്റുകൾ വൃത്തിയാക്കുന്ന ബ്രദർ വളരെ ശാന്തമായി സ്നേഹത്തോടെ പറയുകയാണ്. 'സിസ്റ്റർ, പാവപ്പെട്ടവർ ഭക്ഷണമില്ലാതെ വലയുമ്പോൾ നിങ്ങൾ ഒരിക്കലും ഭക്ഷണസാധനങ്ങൾ കളയരുത്' ഇതു പലപ്പോഴും ഓർക്കുന്ന സാഹചര്യങ്ങളാണ് ഇന്നും നമ്മുടെയിടയിലുള്ളത്. ഇതു ദൈവദാനമാണെന്നും അദ്ദേഹം പറഞ്ഞു.

കട്ടപ്പനയിലും സമീപപ്രദേശങ്ങളിലും ഉള്ള തമിഴ് മക്കളോടും പാവപ്പെട്ടവരോടും ഉള്ള പരിഗണന നിമിത്തം എല്ലാ ദിവസവും പ്രഭാതത്തിൽ തന്നെ അവർക്ക് ആവശ്യമായ അരിയും തുണിയും പൈസയും വിതരണം ചെയ്യുക പതിവായിരുന്നു. അദ്ദേഹത്തിന്റെ ഈ കരുണാർദ്രസ്നഹം എന്നെ ഒത്തിരി സ്വാധീനിച്ചിട്ടുണ്ട്.

പൂന്തോട്ടവും പച്ചക്കറിത്തോട്ടവും ഭംഗിയാക്കുന്നതിൽ അതീവ താത്പര്യം പുലർത്തിയ ബ്രദറിന്റെ സ്നേഹപൂർവ്വമായ തിരുത്തലിന് അവസരമുണ്ടായി. അവിടെ നിന്നിരുന്ന ഒരു കപ്പളമരം ഉപകാരമില്ലാത്ത സ്ഥിതിയിൽ കണ്ടതിനാൽ ഞാൻ സിസ്റ്റേഴ്സിനോടു പറഞ്ഞ് അതു വെട്ടിക്കളഞ്ഞു. അതുകണ്ട ബ്രദർ ഫോർത്തുനാത്തൂസ് പറഞ്ഞു ഒരിക്കലും ഇങ്ങനെ ചെയ്യരുത്. അതു വളരാൻ അനുവദിക്കണം. കാര്യം ഗ്രഹിച്ചപ്പോൾ ഞാൻ അദ്ദേഹത്തോടു മാപ്പപേക്ഷിച്ചു.

രോഗികളോടുള്ള അദ്ദേഹത്തിന്റെ ശ്രദ്ധയും താത്പര്യവും എടുത്തുപറയേണ്ട ഒരു സവിശേഷതയാണ്. രോഗികളിൽ മിശിഹായെ കണ്ടെത്തി അവരെ പരിചരിക്കുവാനും അവരുടെ കിടക്ക അൾത്താരയായി കാണാനും പ്രചോദനം നൽകിക്കൊണ്ട് അദ്ദേഹം സ്ഥാപിച്ച പ്രേക്ഷിത സമൂഹമാണ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം. അവരുടെ സിദ്ധിക്കായി സ്ഥാപകനായ ബ്രദർ ഫോർത്തുനാത്തൂസ് നൽകിയതാണ് ആദരാത്മക ശുശ്രൂഷ. രോഗികളേയും രോഗീശ്രൂഷകരേയും തങ്ങളുടെ തീർത്ഥാടന യാത്രയിൽ ഒരു പോലെ ശക്തിപ്പെടുത്തി പരസ്പ്പരബന്ധത്തിലൂടെ സൗഖ്യം സുഗമമാക്കുകയാണ് ഇതിന്റെ പ്രായോഗീകത.

ശാന്തനും സൗമ്യശീലനും വിനയാന്വിതനും സുസ്മേരവദനനും, ലാളിത്യം, സ്നേഹം, കാരുണ്യം എന്നിവയുടെ പ്രഘോഷകനും പാവങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവച്ച ഒരു ദൈവ മനുഷ്യനുമായിരുന്നു ദൈവദാസൻ ഫോർത്തുനാത്തൂസ്. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴി പാവങ്ങൾക്കുവേണ്ടി ശുശ്രൂഷാ ജീവിതം നയിക്കുവാനുള്ള കൃപ സർവ്വശക്തനായ ദൈവം പ്രദാനം ചെയ്യട്ടെ.

• • • • •

# എന്റെ മനസ്സിലെ വല്യച്ചൻ



**സി. സിസി. മാനുവൽ**



സുഖലോലുപതയുടെ നശ്വരതയറിഞ്ഞ് യഥാർത്ഥ നിധി കണ്ടെത്തിയവൻ.....

ത്യജിച്ചവയെ ഇല്ലായ്മയുടെ നാട്ടിൽ ഉദാത്തീകരിച്ചവൻ....

ഭക്ഷണത്തിലും ഇരിപ്പിടത്തിലും കിടപ്പാടത്തിലും പ്രത്യേകതകൾ ഇല്ലാത്തവൻ....

ദൈവപിതാവിന്റെ സുരക്ഷിതത്വത്തിൽ ആനന്ദം കണ്ടെത്തിയവൻ....

ദൈവപിതാവിന്റെ നീതിയുടെ സമത്വം പ്രാവർത്തികമാക്കിയവൻ....

ആരാധനാലയത്തിലും കമ്പോളത്തിരക്കിലും ഒരേപോലെ ദൈവത്തെ ദർശിച്ചവൻ....

ചേരികളിലെ നെടുവീർപ്പുകളിൽ മുറിവേറ്റവന്റെ വേദന അനുഭവിച്ചവൻ....

മൂന്നു നേരം ഭക്ഷണം കഴിക്കുന്നുവെന്ന തിരിച്ചറിവിൽ അന്നദാനം ആരംഭിച്ചവൻ....

ഉറപ്പുള്ള ഭവനം അനിവാര്യതയായപ്പോൾ പാർപ്പിടപദ്ധതിയിലൂടെ സുരക്ഷിതത്വമേകിയവൻ....

സംസാരസാഗരത്തിൽ മൗനം വാചാലമാക്കിയവൻ....

കഠിന മൗനത്തിന്റെ കാർമേഘങ്ങളിൽ ചിരിമഴയായ് പെയ്തിറങ്ങിയവൻ....

ആത്മീയമക്കൾക്ക് ആദ്ധ്യാത്മിക പാഠങ്ങൾ അവസരോചിതമായി പകർന്നു നൽകിയവൻ....

സമൂഹനിർമ്മിതിക്കായ് ഉള്ളതും ഉള്ളും നിർല്ലോപമായ് നൽകിയവൻ....

മലയോരമക്കളുടെ മണ്ണിൽ കുതിർന്ന സ്വപ്നങ്ങൾക്ക് വിണ്ണിന്റെ ചാരുതയേകിയവൻ....

ഉപവിയുടെ വഴിത്താരയിൽ ദൈവനിയോഗമായി കിട്ടിയ ഹൈറേഞ്ച് മക്കളെ ഹൃദയ തന്ത്രിയിൽ ചേർത്തു നിർത്തിയവൻ....

സർവ്വതും ലഭ്യവും നല്ലതുമെങ്കിലും എല്ലാം സ്വീകാര്യമല്ലെന്ന ഉൾക്കാഴ്ച കിട്ടിയവൻ....

വാർദ്ധക്യത്തിന്റെ ദൈന്യതയിൽ മനസ്സു നുറുങ്ങിയവർക്ക് താങ്ങും തണലുമായവൻ....

നിഷ്കളങ്കബാല്യങ്ങൾക്ക് അക്ഷരലോകത്തിന്റെ വാതായനങ്ങൾ തുറന്നു കൊടുത്തവൻ...

ജീവിത സായാഹ്നത്തിലെ സഹനപുഷ്പങ്ങളെ ജപമാലച്ചരടിൽ കൊരുത്തുചേർത്തവൻ....

നവംബർ മാസത്തിന്റെ മനോഹാരിതയിൽ ഓട്ടം പൂർത്തിയാക്കി ആയിരങ്ങളുടെ കണ്ണീർ പൂക്കൾ ഏറ്റു വാങ്ങിയവൻ....

അതേ..... എണ്ണമറ്റ സുകൃതങ്ങളുടെ സമാഹാരവും ഞാൻ ആശ്ലേഷിക്കണ്ട വിശുദ്ധിയുമാണ് എന്റെ മനസ്സിലെ വല്യച്ചൻ.

# ബ്രദർ ഫോർത്തുനാത്തൂസിനെ ഓർക്കുമ്പോൾ...



ഡോ. പി. ജെ. ജോഫസ് MS

ദൈവവും ചുറ്റുമുള്ള മനുഷ്യരും ബധിരരാണെന്ന മട്ടിൽ അലറിവിളിച്ച് ശ്രദ്ധപിടിച്ചുപറ്റാൻ ശ്രമിക്കുന്നവരുടെ ഇടയിൽ നിശ്ശബ്ദനായി പ്രവർത്തിച്ച് വിപ്ലവം സൃഷ്ടിച്ച ഒരു വിശുദ്ധന്റെ കൂടെ 20 വർഷത്തിലേറെ പ്രവർത്തിക്കാൻ എനിക്കവസരം ലഭിച്ചു. ആദ്യത്തെ കണ്ടുമുട്ടലിൽത്തന്നെ കിട്ടിയ മാനസാന്തരത്തിന്റെ അനുഭവം ഒരു ഇലക്ട്രിക്ക് ഷോക്കുപോലെ മനസ്സിൽ ഇപ്പോഴും സജീവമായി നിൽക്കുന്നു.

1984 നവംബറിലെ ഒരു ഞായറാഴ്ച്ച ദിവസം. കട്ടപ്പനയിലെ ഒരു വലിയ ആശുപത്രിയിൽ ഒരു സർജനെ ആവശ്യമുണ്ടെന്നറിഞ്ഞു. ആശുപത്രിയും നാടും കാണാൻ ഞാനും കുടുംബവും രാവിലെ വൈക്കത്തുനിന്നും യാത്രതിരിച്ചു. കാടും മലയും കണ്ടുള്ള യാത്ര ആദ്യമൊക്കെ രസമായിരുന്നുവെങ്കിലും അഞ്ചുമണിക്കൂർ പിന്നിട്ടപ്പോൾ മടുപ്പു തോന്നി. മോശമായ റോഡും വലിയ ദൂരവും കണ്ടപ്പോൾ തിരിച്ചു പോകാനുള്ള ചിന്ത ശക്തമായി. എങ്കിലും ഇല്ലാത്ത റോഡുകളിലൂടെ ആശുപത്രിയിൽ എത്തി. ജീവിതാവശ്യത്തിന് സാധനങ്ങൾ വാങ്ങാൻ നല്ല കടകളോ യാത്രാസൗകര്യമോ ടെലിഫോണോ നല്ല സ്കൂളോ ഇല്ലാത്ത ഒരു സ്ഥലം എന്നു മനസ്സിലായി. നല്ല ആശുപത്രിയിൽ ജോലി ചെയ്ത് നല്ല ജീവിത സൗകര്യങ്ങളും പ്രശസ്തിയും സമ്പാദ്യവും സ്വപ്നം കണ്ട ഒരു യുവ സർജന്റെ മനസ്സിടിഞ്ഞു തുടങ്ങി. ആശുപത്രി ഡയറക്ടർ ബ്രദർ ആന്റണി സ്ഥലത്തില്ലാതിരുന്നതിനാൽ ബ്രദർ ഫോർത്തുനാത്തൂസ് ആയിരുന്നു എന്നെ സ്വീകരിച്ചത്. ബ്രദർ എന്നെ ആശുപത്രിയും പരിസരവും കാണിച്ചതിനു ശേഷം ചാപ്പലിൽ പ്രാർത്ഥിക്കാൻ വിളിച്ചു. ചാപ്പലിന്റെ ഇടതുവശത്തെ വാതിലിൽ ചെരിപ്പ് ഊരിവച്ച ശേഷം പ്രാർത്ഥിച്ചു. ചാപ്പൽ ചുറ്റി നടന്നു കണ്ടു. ചാപ്പലിന്റെ വലതുവശത്തെ വാതിലിൽ എത്തിയപ്പോൾ ബ്രദർ എന്റെ ചെരുപ്പുമായി ചിരിച്ചുകൊണ്ട് വാതിൽക്കൽ. എനിക്ക് കാലിൽ ഇടാൻതക്ക വിധം എന്റെ മുമ്പിൽ വച്ചു. എനിക്കു ഷോക്കേറ്റതുപോലെ. എന്റെ ഉള്ളിലെ അഹന്തയും മോഹങ്ങളും തകർന്നു വീണു. ഞാൻ ബ്രദറിന്റെ മുൻപിൽ ഒരു ചെറിയ ഉറുമ്പിനെപ്പോലെയായി. എനിക്ക് സംസാരിക്കാൻ കഴിയാതായി. ഭക്ഷണമുറിയിൽ ചെറിയ ഭക്ഷണത്തിനുശേഷം ഓഫീസ് മുറിയിലേക്ക് പോയി. ബ്രദർ ഇരുന്നു. ഞാനും. ബ്രദർ പറഞ്ഞു ഡോക്ടർ ഇവിടെ ജോലി ചെയ്യണം. ഇത് വളരെ നല്ല സ്ഥലമാണ്. ഞാൻ തലകുലുക്കി സമ്മതിച്ചു. ഇന്റർവ്യൂ കഴിഞ്ഞു. ഇത് മാനസാന്തരത്തിന്റെ തുടക്കം മാത്രം. പിന്നീടു മനസ്സിലായി മാനസാന്തരത്തിന്റെ മുന്നോട്ടുള്ള വഴി ദുഷ്കരമാണ്. ഒരു യുദ്ധം പോലെ. ഉള്ളിലും പുറത്തും ശത്രുക്കൾ. മുറിവും പരാജയവും വളരെ സാധാരണം. മാറ്റേണ്ട അനേകം മലകൾ. നീന്തിക്കടക്കേണ്ട അനേകം പുഴകൾ.

വളരെക്കുറച്ചുമാത്രം സംസാരിക്കുകയും സംസാരത്തിലൂടെ മനസ്സ് തുറക്കാതിരിക്കുകയും ചെയ്യുന്ന സ്വഭാവമായിരുന്നു ബ്രദറിന്റേത്.



വ്യക്തിപരമായ കാര്യങ്ങൾ ചോദിച്ചാൽ ചെറിയ മറുപടികളിലൂടെ ഒഴിഞ്ഞുമാറും. ബ്രദർ ഫോർത്തുനാത്തൂസ് സഭയിൽ ചേരാനുള്ള പ്രചോദനത്തെക്കുറിച്ച് ഒരിക്കൽ പങ്കുവയ്ക്കുകയുണ്ടായി. 'സ്കൂൾ പഠനത്തിനു ശേഷം സന്യാസ ജീവിതത്തിന് ആഗ്രഹമുണ്ടായി. സെന്റ് ജോൺ ഓഫ് ഗോഡ് സഭയുടെ പ്രവർത്തനങ്ങൾ കാണാൻ ഞാൻ പോയി. കിടപ്പിലായ രോഗികൾ, തളർവാതക്കാർ, വൃദ്ധർ, മാനസിക വൈകല്യമുള്ളവർ, അനാഥർ തുടങ്ങിയവരെ രാത്രിയും പകലും ശുശ്രൂഷിക്കുന്ന പ്രവർത്തനം. ഇത് ദുഷ്കരമാണെന്നു കണ്ട് തിരിച്ചു പോന്നു. വീട്ടിൽ വന്നപ്പോൾ അയൽപ്പക്കത്ത് ഒരു മനുഷ്യൻ തന്റെ രോഗം വന്ന പശുവിനെ രാത്രിമുഴുവൻ ഉറക്കമിളച്ചിരുന്ന് ശുശ്രൂഷിക്കുന്നതു ശ്രദ്ധിച്ചു. ഒരു പശുവിനെ രാത്രിമുഴുവൻ ഉറക്കമിളച്ചിരുന്ന് ശുശ്രൂഷിക്കാമെങ്കിൽ ദൈവം സ്വന്തം ഛായയിൽ സൃഷ്ടിച്ചു സ്നേഹിക്കുന്ന മനുഷ്യനെ എത്രയധികം ശുശ്രൂഷിക്കണമെന്ന ചിന്ത മനസ്സിനെ ഭാരപ്പെടുത്തി. അത് സഭയിൽ ചേരാനുള്ള ഉറച്ച തീരുമാനമായി മാറി.' ഈ പങ്കുവയ്ക്കൽ എന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. ഞാൻ ചിന്തിച്ചു. സ്വന്തം ജീവിതത്തെക്കുറിച്ച് ഒരു ഉറച്ച തീരുമാനം പ്രത്യേകിച്ച് സന്യാസജീവിതത്തിനുള്ള തീരുമാനം എടുക്കുന്നതിനു മുമ്പുള്ള ദിവസങ്ങളിൽ ഒരു വ്യക്തി അനുഭവിക്കുന്ന ആന്തരിക സംഘർഷം. ദൈവസ്നേഹത്തിന്റേയും സഹോദരസ്നേഹത്തിന്റേയും അഗ്നി ഹൃദയത്തിൽ ജ്വലിച്ചപ്പോൾ ആദ്യം കണ്ടുമുട്ടിയ കുഷ്ഠരോഗിയെ ആലിംഗനം ചെയ്യുന്നതിനു മുമ്പ് ഫ്രാൻസിസ് അസീസി അനുഭവിച്ച മാനസിക സംഘർഷം. ആ മാനസിക സംഘർഷമാണ് സഭയിൽ ചേരുന്നതിനുള്ള തീരുമാനത്തിലെത്തുന്നതിനു മുമ്പ് ബ്രദർഫോർത്തുനാത്തൂസ് അനുഭവിച്ചത്. ഈ സംഘർഷത്തിലൂടെ കടന്നുവന്നവർ തീയിൽ മുളച്ച വിത്തുകളാണ്. അവ വെയിലത്തു വാടുകയില്ല.

ബ്രദർ ഫോർത്തൂനാത്തൂസിന്റെ ശുശ്രൂഷയിൽ പങ്കുചേരുന്നവരെ ദൈവം തന്റെ ശക്തമായ കരത്താൽ താങ്ങിനടത്തും എന്ന് എനിക്ക് ബോധ്യപ്പെട്ട ഒരനുഭവം മനസ്സിൽ പൊന്തിവരുന്നു.ഞാൻ മെഡിക്കൽ കോളജിൽ എം എസ്സിനു പഠിക്കുന്ന കാലത്ത് പ്രോസ്റ്റേറ്റ് ഓപ്പറേഷൻ പരിശീലിക്കുന്നതിന് നിർഭാഗ്യവശാൽ അവസരം കിട്ടിയില്ല. ഞാൻ കട്ടപ്പനയിൽ ജോലിക്കു വന്നപ്പോൾ പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ വീക്കം കൊണ്ട് മൂത്രം പോകാത്ത അനേകം രോഗികൾ. ഒരുമാസത്തേക്ക് പ്രോസ്റ്റേറ്റ് ഓപ്പറേഷൻ പരിശീലനത്തിനു പോകാൻ ഞാൻ തീരുമാനിച്ചു. ആ സമയം പകരം കട്ടപ്പനയിൽ ജോലിചെയ്യാൻ ഒരു സർജനെ ലഭിക്കാത്തതിനാൽ ആഗ്രഹം നീണ്ടു നീണ്ടു പോയി. ആ ദിവസങ്ങളിൽ 1988 ൽ കാഞ്ഞിരപ്പള്ളിയിൽ നിന്ന് ദരിദ്രനായ ഒരു മനുഷ്യൻ എന്റെ അടുക്കൽ വന്നു. ഈ മനുഷ്യന് പ്രോസ്റ്റേറ്റ് വീക്കം വന്ന് മൂത്രം പോകാതെ മെഡിക്കൽ കോളജിൽ കുഴലിട്ടിരിക്കുകയാണ്. ഓപ്പറേഷൻ കൂടാതെ മൂത്രം പോവുകയില്ല. ആറുമാസമായി മെഡിക്കൽ കോളജിൽ പോകുന്നു. ഒപ്പറേഷൻ ചെയ്യുന്നില്ല. സ്വകാര്യ ആശുപത്രിയിൽ ചെയ്യാൻ പണമില്ല. സഹായിക്കാൻ മനസ്സുള്ള ബന്ധുക്കളുമില്ല. ചെറിയ പെൻഷൻ കൊണ്ടു ജീവിക്കുന്നു. ഈ തുക ആവശ്യങ്ങൾക്കു പോലും തികയുകയില്ല. കട്ടപ്പന മിഷൻ ആശുപത്രിയിൽ ചെന്നാൽ കാര്യം സാധിക്കാം എന്ന് ആരോ പറഞ്ഞു. ഞാൻ പറഞ്ഞു പണമല്ല പ്രശ്നം ഞാൻ ഈ ഓപ്പറേഷൻ ചെയ്യുകയില്ല. എനിക്കതിന് പരിശീലനമോ പരിചയമോ ഇല്ല. ഞാൻ ആ മനുഷ്യനെ പറഞ്ഞു വിട്ടു. ആ മനുഷ്യൻ ബ്രദർ ഫോർത്തുനാത്തൂസിനെ കണ്ട് ഒരെഴുത്തും വാങ്ങി തിരിച്ചുവന്നു. ബ്രദർ അതിലെഴുതിയിരിക്കുന്നു, ഈ രോഗിക്ക് ഓപ്പറേഷൻ ചെയ്തു കൊടുക്കണം എല്ലാ ചിലവുകളും ബ്രദർ വഹിക്കും. ഞാൻ വീണ്ടും തടസ്സങ്ങൾ നിരത്തി. എന്റെ പരിചയമില്ലായ്മ, ഉത്തരവാദിത്വപ്പെട്ട ഒരു ബന്ധു കൂടെയില്ലായ്മ, രക്തം കൊടുക്കാൻ ആളില്ലായ്മ പിന്നെ 500 രൂപാ. ആ മനുഷ്യൻ ഒന്നും പറയാതെ തിരിച്ചുപോയി. അഗ്നിപരീക്ഷയിൽ നിന്നും രക്ഷപെട്ടതിൽ ഞാൻ ആശ്വസിച്ചു. ആ മനുഷ്യനെ സഹായിക്കാൻ ദൈവത്തിന് ആയിരം വഴികളുണ്ടല്ലോ എന്നു സമാധാനിച്ചു. എങ്കിലും ഞാൻ എന്റെ ഓപ്പറേറ്റീവ് സർജറി പുസ്തകം എടുത്തു. പ്രോസ്റ്റേറ്റ് ഓപ്പറേഷൻ എടുത്തു വായിച്ചു പഠിച്ചു. അനേകം തവണ വായിച്ചു പഠിച്ചു. ഊണിലും ഉറക്കത്തിലും മനസ്സുനിറയെ പ്രോസ്റ്റേറ്റ് ഓപ്പറേഷൻ. രാത്രിയിൽ ഉറക്കത്തിൽ സ്വപ്നത്തിൽ അനേകം തവണ പ്രോസ്റ്റേറ്റ് ഓപ്പറേഷൻ ചെയ്തു.

എന്നെ അസ്വസ്ഥനാക്കാൻ ആ മനുഷ്യൻ വീണ്ടും വന്നു. തന്റെ പെൻഷനിൽ നിന്ന് തിരിച്ചുകൊടുക്കാമെന്ന് വാഗ്ദാനം ചെയ്ത് ആരോടോ 500 രൂപാ കടം വാങ്ങി. രക്തം കൊടുക്കാൻ അടുത്തുള്ള പാരലൽ കോളജ് വിദ്യാർത്ഥികൾ സമ്മതിച്ചു. ഇത്രയുമായപ്പോൾ ദൈവത്തിൽ ആശ്രയിച്ച് ആ ദൗത്യം ഞാൻ ഏറ്റെടുത്തു. എങ്കിലും എന്റെ മാനസിക ഭാരം പങ്കുവയ്ക്കാനെങ്കിലും ഒരു ബന്ധു രോഗിയുടെ കൂടെ ഇല്ലാത്തത് മനസ്സിൽ വേദനയായി അവശേഷിച്ചു. എങ്കിലും ബ്രദർ ഏൽപ്പിച്ചതാണല്ലോ ദൈവം സഹായിക്കും എന്ന് ഉറച്ചു വിശ്വസിച്ചു. ഓപ്പറേഷനു സമയമായി. എല്ലാവരും ഒരുങ്ങി, എന്നാൽ രക്തം കൊടുക്കാൻ ടെസ്റ്റു ചെയ്തിരുന്ന വിദ്യാർത്ഥികൾ വന്നില്ല. ആ മനുഷ്യൻ വാവിട്ടു കരഞ്ഞു. അപ്പോൾ ആ മനുഷ്യന്റെ വേദന എന്റെ വേദനയായി മാറി. ഇപ്പോൾ

യേശു നായിമിലെ വിധവയുടെ മകനെ ഉയിർപ്പിച്ച കഥയാണ് മനസ്സിൽ വരുന്നത്. ഏകമകന്റെ ശവമഞ്ചത്തിന്റെ പിറകിൽ കരഞ്ഞുകൊണ്ടുവരുന്ന വിധവയായ സ്ത്രീയെ കണ്ട യേശുവിന് ആ സ്ത്രീയുടെ വേദന സ്വന്തം വേദനയായി മാറി. ആ വേദന പരിഹരിക്കാൻ മരിച്ച മകനെ ഉയിർപ്പിച്ച് അമ്മക്കുകൊടുക്കുകയല്ലാതെ യേശുവിന് മറ്റൊരു വഴിയുമില്ല. ഞാൻ ആശുപത്രി വരാന്തയിൽ കൂടി നിന്ന ചില മനുഷ്യരെ വിളിച്ച് കാര്യം പറഞ്ഞു. അവർ ഉടനെ രക്തം കൊടുക്കാൻ തയ്യാറായി. അപ്പച്ചന്റെ ഓപ്പറേഷൻ കഴിയുന്നതുവരെ കാത്തിരിക്കാമെന്നും പറഞ്ഞു. ഞാൻ ആ മനുഷ്യനെ ഓപ്പറേഷൻ തീയേറ്ററിൽ കയറ്റി. ഞാനും തയ്യാറായി. പെട്ടെന്ന് എന്റെ ഉള്ളിൽ ഒരു മാറ്റം. എന്റെ ഭയവും ഉൽക്കണ്ഠയും പോയി. ആത്മവിശ്വാസത്തോടെ ഓപ്പറേഷൻ വിജയകരമായി ചെയ്തു. രക്തം കൊടുക്കേണ്ടിവന്നില്ല. പക്ഷേ പഴയ ഭയം എന്നെ വീണ്ടും പിടികൂടി. അടുത്ത ദിവസങ്ങളിൽ വരാവുന്ന കോംപ്ലിക്കേഷനുകൾ. ഏഴ് ദിവസം കഴിഞ്ഞു മൂത്രം പോകാനുള്ള കുഴൽ എടുക്കുമ്പോൾ വരാവുന്ന പ്രശ്നങ്ങൾ. ഇവയെല്ലാം കടന്നലുകളെപ്പോലെ മനസ്സിൽ കൂടുകൂട്ടി. വിശപ്പില്ലാത്ത, ഉറക്കമില്ലാത്ത, സന്തോഷമില്ലാത്ത ഏഴ് ദിവസങ്ങൾ. ഏഴാം ദിവസം മൂത്രം പോകാനുള്ള കുഴൽ എടുക്കാൻ എനിക്ക് ധൈര്യമില്ല. ഞാൻ ഒഴിഞ്ഞുമാറി. എട്ടാം ദിവസം വാർഡിൽ പോകാൻ പോലും ധൈര്യപ്പെടാതെ ഞാൻ ഒ.പിയിൽ ഇരുന്നു. ജൂനിയർ ഡോക്ടറെ വാർഡിൽ വിട്ടു. ഒ.പിയിൽ രോഗികളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ ആരോ എന്റെ പിന്നിൽ നിന്ന് തോളിൽ തോണ്ടി. ഞാൻ ഞെട്ടിത്തിരിഞ്ഞു നോക്കി ഓപ്പറേഷൻ കഴിഞ്ഞ അപ്പച്ചൻ. ഞാൻ എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പ് അപ്പച്ചൻ പറഞ്ഞു കഴിഞ്ഞ രാത്രിയിൽ മൂത്രം പോകാൻ ഇട്ടിരുന്ന കുഴൽ തനിയെ ഊരിപ്പോയി ഇപ്പോൾ സുഖമായി മൂത്രം പോകുന്നുണ്ട്. എല്ലാത്തിനും ഒത്തിരി നന്ദി. ഇനി എനിക്ക് വീട്ടിൽ പോകണം. വല്യച്ചനെക്കണ്ട് നന്ദി പറയണം. വെള്ളത്തിൽ താണുപോയ പത്രോസിനെ യേശു കൈപിടിച്ചുയർത്തിയ അനുഭവം. ഇത് ബ്രദർ ഫോർത്തുനാത്തൂസിന്റെ കൂടെ പ്രവർത്തിക്കുമ്പോൾ മാത്രം ദൈവം തരുന്ന പ്രത്യേകാനുഭവം.

ബ്രദറിന്റെ ഈ ഭവ്യമനോഭാവത്തെ മനുഷ്യർ ചൂഷണം ചെയ്യുകയാണെന്ന് ഒരിക്കൽ ഞാൻ സൂചിപ്പിച്ചു. ബ്രദർ പറഞ്ഞു നാമെല്ലാവരും ദിവസവും ദൈവത്തിന്റെ ഈ ഭവ്യം എത്രയധികം നന്ദിയില്ലാതെ ചൂഷണം ചെയ്യുന്നു. നമ്മെ മറ്റുള്ളവർക്ക് നഷ്ടബോധമില്ലാതെ കൊടുക്കുക അത് നഷ്ടമാണെന്നു കരുതിയാൽ പിന്നെ എങ്ങനെ?.

ഒരിക്കൽ എനിക്കുണ്ടായ ഒരു ദുരന്താനുഭവത്തെക്കുറിച്ച് ബ്രദറിനോടു പരാതിപ്പെട്ടു. ഒരു ദരിദ്ര രോഗി ഒരിക്കൽ വയറ്റിൽ ഗുരുതരമായ രോഗവുമായി വന്നു. അത്യാവശ്യമായി ഓപ്പറേഷൻ ചെയ്യണം. അത്യാവശ്യപരിശോധനകൾക്കും മരുന്നിനും അടയ്ക്കാൻ പോലും പണം കൈവശമില്ല. രോഗിയുടെ ഗുരുതരാവസ്ഥയും അത്യാവശ്യവും കണ്ട് അഡ്വാൻസ് ഞാൻ അടച്ചു. ഓപ്പറേഷൻ ചെയ്തു. രോഗം ഭേദമായി. രോഗിയെ വീട്ടിൽ വിടാറായപ്പോൾ വാർഡിലുണ്ടായ ഏതോ നിസ്സാര പ്രശ്നത്തിന്റെ പേരിൽ വലിയ ആൾക്കൂട്ടവും ബഹളവും. ആശുപത്രി അധികാരികൾക്കും എനിക്കും എതിരായി അയാൾ ഒത്തിരി അസഭ്യം പറഞ്ഞു. ഞാൻ ദു:ഖത്തിലും വിഷാദത്തിലും ആയി. ബ്രദർ എന്നോടു പറഞ്ഞു 'നമ്മുടെ ഒരു നല്ല ശുശ്രൂഷക്കെതിരെ മനുഷ്യർ മോശമായി പ്രതികരിക്കുമ്പോഴും സന്തോഷിക്കണം. ദൈവം നമ്മുടെ ശുശ്രൂഷ സ്വീകരിച്ചു എന്ന് ഉറപ്പാക്കണം.'

പറഞ്ഞാൽ തീരാത്ത ഒട്ടേറെ അനുഭവങ്ങൾ ബ്രദർ ഫോർത്തുനാത്തൂസിന്റെ കൂടെ കട്ടപ്പനയിൽ ജോലിചെയ്തപ്പോൾ ഉണ്ടായി. 2003-ൽ ഒരു ചെറിയ ഓപ്പറേഷനു വേണ്ടി എന്റെ മകളെ തീയറ്ററിൽ കയറ്റി. അവിടെ വച്ചു തികച്ചും അപ്രതീക്ഷിതമായി വയറ്റിൽ ക്യാൻസർ കണ്ടുപിടിച്ചു. അതു ഞാൻ തന്നെ ഓപ്പറേഷൻ ചെയ്യേണ്ടി വന്നു. ഞാൻ ആ ദുരന്താനുഭവത്തിന്റെ ദുഖത്തിലും വിഷാദത്തിലുമായി. അന്ന് ബ്രദർ വാർദ്ധക്യം മൂലം കിടപ്പിലായിരുന്നു. എന്നെ കാണണമെന്ന് ബ്രദർ എന്നെ അറിയിച്ചു. ബ്രദറിന് എന്തെങ്കിലും ചെറിയ വേദനയോ മറ്റോ കാണും, കഴിഞ്ഞ ദിവസം കുളിമുറിയിൽ കാൽതെറ്റി വീണിരുന്നു. എന്റെ ദുഖത്തിലും വേദനയിലും എനിക്ക് ഉടനെ ബ്രദറിനെ കാണാൻ കഴിഞ്ഞില്ല. അടുത്തദിവസം പോയി ബ്രദറിനെ കണ്ടപ്പോൾ ഞാൻ ചോദിച്ചു. 'ബ്രദറിന് എന്താണ് ബുദ്ധിമുട്ട്?'. ബ്രദർ പറഞ്ഞു, എനിക്കല്ല താങ്കൾക്കാണ് ബുദ്ധിമുട്ട്. പേടിക്കേണ്ട എല്ലാം ശരിയാകും നമുക്ക് പ്രാർത്ഥിക്കാം. എന്റെ മകൾ പൂർണ്ണമായി സുഖപ്പെട്ടു.

'ഞാൻ ഭൂമിയിൽ തീയിടുവാൻ വന്നു. അത് കത്തിജ്വലിച്ചിരുന്നെങ്കിൽ എന്നുഞാനാഗ്രഹിക്കുന്നു.' (ലൂക്കാ.12:49) എന്ന യേശുവിന്റെ വാക്കുകൾ ഓർക്കാം. ബ്രദർ ഫോർത്തുനാത്തൂസ് കട്ടപ്പനയിൽ വന്നു തീയിട്ടു. അത് എല്ലായിടത്തും കത്തിജ്വലിക്കുവാൻ നമുക്ക് ശ്രമിക്കാം. ഇതു വായിക്കുന്ന ഏതെങ്കിലും ഒരു സഹോദരനോ സഹോദരിക്കോ മനസ്സിൽ ഒരു തീപ്പൊരി വീണെങ്കിൽ ദൈവത്തിനു സ്തുതി. അത് കത്തിജ്വലിക്കട്ടെ.

• • • • •

# ഞാൻ കണ്ട ദൈവമനുഷ്യസ്നേഹി



സി. ലിസാ കുരുവിള

**1977** സെപ്റ്റംബർ 5 -ന് ആദ്യബാച്ചുകാരായ ഞങ്ങൾ '8' പേർ ഒന്നിച്ച് കട്ടപ്പനയിൽ എത്തിയ ദിവസം ബ്രദർ ഫോർത്തുനാത്തൂസ് ഞങ്ങളെ കാണുവാൻ വന്നു. അദ്ദേഹം ഞങ്ങളോടും മാതാപിതാക്കളോടും ചില വാക്കുകൾ മലയാളത്തിലാണ് സംസാരിച്ചത്. ആദ്യമായി സ്വന്തം വീട്ടിൽ നിന്ന് ഇത്രയും അകലെ മാറി നിൽക്കുന്ന ദിവസം. ആ കാലഘട്ടത്തിൽ ഹൈറേഞ്ച് എന്നൊക്കെപറഞ്ഞാൽ വളരെ വിദൂരതയിൽ ഉള്ള ഒരു സ്ഥലമായിട്ടാണ് കണ്ടിരുന്നത്. ഇദ്ദേഹത്തെ കണ്ടപ്പോൾ ചില ചിന്തകൾ എന്റെ മനസ്സിൽ ഉദയം ചെയ്തു. ഞങ്ങളേക്കാൾ എത്രയോ അകലത്തിൽ നിന്നാണ് ഇദ്ദേഹവും ബ്ര. അൽഫോൻസും ഇവിടെ എത്തിയിരിക്കുന്നത്. ബന്ധുമിത്രാദികളെ എളുപ്പത്തിലൊന്നും പോയികാണുവാൻ പറ്റാത്ത അവസ്ഥ. അതുമായി താരതമ്യം ചെയ്യുമ്പോൾ ഞങ്ങൾ സ്വന്തം നാട്ടിൽ തന്നെയാണല്ലോ എന്ന് ഞാൻ ആശ്വസിച്ചു.

1977 സെപ്റ്റംബർ 8 ന് മൂന്നു ദിവസത്തെ ധ്യാനത്തിനുശേഷം പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ദിനം, രാവിലെയുള്ള വിശുദ്ധ കുർബാനയുടെ സമയത്ത് ഞങ്ങളെ എട്ട് പേരെയും പരിശുദ്ധ അമ്മക്ക് പ്രത്യേകമായി സമർപ്പിച്ച്, വി. ജോൺ ഓഫ് ഗോഡിന്റെ സഹായവും മാദ്ധ്യസ്ഥ്യവും യാചിച്ചുകൊണ്ട് സമൂഹജീവിതത്തിന് ആരംഭം കുറിച്ചു. പുതുമയും തീക്ഷ്ണതയും സന്തോഷവും പ്രത്യേകമായി അനുഭവിച്ച അവസരമായിരുന്നു അത്. എല്ലാവരും ഞങ്ങൾക്ക് അഭിനന്ദനങ്ങളും നല്ല ആശംസകളും പ്രാർത്ഥനയും നേരുകയുണ്ടായി. പലരും ഞങ്ങളെ പ്രോൽസാഹിപ്പിക്കുകയും പ്രതീക്ഷയോടെ വീക്ഷിക്കുകയും ചെയ്തുവെങ്കിലും ആശങ്ക നിറഞ്ഞ മുഖങ്ങളേയും കണ്ടെത്താൻ കഴിഞ്ഞു. ഒന്നുമില്ലാത്തിടത്ത്, മുൻഗാമികളായി സിസ്റ്റേഴ്സ് ആരുമില്ലാത്തിടത്ത് എങ്ങനെ ഞങ്ങൾ മുന്നോട്ടു പോകുമെന്ന ചിന്തയാണ് അവരെയൊക്കെ അലട്ടിയിരുന്നത് എന്ന് പിന്നീടു മനസ്സിലാക്കാൻ കഴിഞ്ഞു.

അതിനുശേഷം റവ.ബ്ര. ഫോർത്തുനാത്തൂസ് ഞങ്ങൾക്ക് നല്ല ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. അവ ഇന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. അദ്ദേഹം പറഞ്ഞതിപ്രകാരമായിരുന്നു. "പലരും നിങ്ങളോട് പുതിയ സമൂഹത്തിന്റെ നിലനിൽപ്, വളർച്ച, സുരക്ഷിതത്വം, ഭാവി തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് നിങ്ങളെ നിരുൽസാഹപ്പെടുത്തിയേക്കാം. എന്നാൽ എല്ലാറ്റിന്റേയും സെക്യൂരിറ്റി ദൈവമാണ്. ദൈവത്തിലാണ് സുരക്ഷിതത്വവും നിലനിൽപ്പും കണ്ടെത്തേണ്ടത്"

ഒരാഴ്ചത്തെ ക്ലാസുകൾക്കു ശേഷം ഞങ്ങൾ ആദ്യമായി ഹോസ്പിറ്റലിലും, പ്രതീക്ഷാഭവനിലും, കിച്ചണിലും ജോലിക്കു പോയ ദിവസം. രാവിലെ സുപ്പീരിയർ ഞങ്ങൾക്ക് ഹൃദയസ്പർശിയായ ഒരു ഉപദേശം നൽകുകയുണ്ടായി. "ഇപ്പോൾ നിങ്ങൾ ഇറങ്ങി പ്രവർത്തിക്കേണ്ട സമയം വന്നിരിക്കുന്നു. നിങ്ങൾ പഠിച്ചത് പ്രാവർത്തികമാക്കേണ്ട അവസരം. നിങ്ങൾ എന്തു ചെയ്താലും അത് ദൈവനാമത്തിൽ ചെയ്യുക. വി. ജോൺ ഓഫ് ഗോഡ് നമുക്കു കാണിച്ചു തന്നതു പോലെ രോഗികളേയും പാവങ്ങളേയും ആവശ്യത്തിലിരിക്കുന്നവരേയും ശുശ്രൂഷിക്കുമ്പോൾ അവരിൽ ഈശോയുടെ സാന്നിദ്ധ്യം ദർശിച്ചുകൊണ്ട് ഈശോയെ ശുശ്രൂഷിക്കുന്നതു പോലെ തന്നെ അവരെ ശുശ്രൂഷിക്കുക, നന്മ ചെയ്യുക".



പകലും രാത്രിയുമൊരുപോലെ, യാതൊരു വിശ്രമവുമില്ലാതെ രോഗികൾക്കുവേണ്ടി, അവരുടെ ജീവൻ രക്ഷിക്കുന്നതിനു വേണ്ടി ബ്രദേഴ്സ് ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്തിരുന്നത് ഞങ്ങൾ പലപ്പോഴും കണ്ടിട്ടുണ്ട്. ഇതുപോലെ ഞങ്ങളുടെ സമൂഹവും സ്നേഹത്തിലധിഷ്ഠിതമായ ഒരു മാതൃകാ സമൂഹമായി തീരണമെന്നും ചൈതന്യമില്ലാത്ത നിയമാനുഷ്ഠാനങ്ങളെക്കാൾ ഉപരി മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലുന്ന, മറ്റുള്ളവർ നമ്മുടെ സമൂഹത്തേക്കും നിർല്ലോഭം കടന്നുവരാൻ സാധിക്കുന്ന വിധത്തിലുള്ള, അവരെ മനസ്സിലാക്കുന്ന ഒരു സമൂഹമായി വളരണമെന്നായിരുന്നു ഞങ്ങളുടെ അതിയായ ആഗ്രഹം.

ബ്രദർ ഫോർത്തുനാത്തൂസിന്റെ ജീവിതത്തിലേക്കു കടന്നു ചെല്ലുമ്പോൾ ബ്രദർ പ്രകാശിനേയും കൂട്ടി ഞായറാഴ്ച്ച ദിവസം അദ്ദേഹം പാവങ്ങളുടെ വീടുകൾ സന്ദർശിച്ചിരുന്നു. കുന്നുകളും മലകളും കയറിയിറങ്ങി അദ്ദേഹം അവരുടെ വീടുകളിൽ പോയിരുന്നു. പലപ്പോഴും ആദ്യകാലഘട്ടങ്ങളിൽ അദ്ദേഹത്തോടൊപ്പം ഞങ്ങൾക്കും പോകുവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തെയും ബ്രദർ പ്രകാശിനേയും കാണുമ്പോൾ തന്നെ പാവങ്ങൾ ഓടിയെത്തുമായിരുന്നു. അദ്ദേഹത്തിന്റെ ഈ സന്ദർശനം അനേകർക്ക് ആശ്വാസവും പ്രതീക്ഷയും പകർന്നിരുന്നു. ജീവിക്കുന്ന ദൈവത്തെപ്പോലെയാണ് അദ്ദേഹത്തെ അവർ കണ്ടിരുന്നത്. കൂപ്പുകൈകളുമായി സ്നേഹാദരവോടെ അദ്ദേഹത്തെ അവർ സ്വീകരിച്ചിരുന്നു.

ജീവിത സൗകര്യങ്ങളും സ്വന്തം നാടും വീടും സഹോദരങ്ങളേയും ബന്ധുമിത്രാദികളെയും എല്ലാം ഉപേക്ഷിച്ച് അന്യനാട്ടുകാർക്കായി മാത്രം ജീവിച്ച ദൈവമനുഷ്യസ്നേഹി – ആദ്യകാലദുരിതങ്ങൾ, പ്രതികൂല സാഹചര്യങ്ങൾ, കാലാവസ്ഥ, ഭക്ഷണം, അംഗങ്ങളായി ബ്രദേഴ്സിന്റെ സമൂഹത്തിലേക്ക് വന്നവർ പിന്നീട് സമൂഹം ഉപേക്ഷിച്ചു പോയപ്പോഴുള്ള വിഷമഘട്ടങ്ങൾ ഇവയൊന്നും അദ്ദേഹത്തെ ഉപവി പ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിപ്പിച്ചില്ല. സ്വാഭാവികമായി ചിന്തിക്കുമ്പോൾ അത്ര അഗാധമായ ദൈവസ്നേഹവും സഹോദരസ്നേഹവും സമർപ്പണവിശ്വസ്തതയും തീക്ഷ്ണതയും ഇല്ലെങ്കിൽ ഇവയൊക്കെ പണ്ടേ വലിച്ചെറിഞ്ഞ് വല്യച്ചൻ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകേണ്ടതായിരുന്നു. അത്രക്കും അവികസിതമായ നമ്മുടെ നാട്ടിൽ ജീവിക്കുക ഒരു വെല്ലുവിളിതന്നെയായിരുന്നു.

പ്രതീക്ഷാഭവനിലേക്ക് അദ്ദേഹം കടന്നുവരുമ്പോൾ അവിടുത്തെ സഹോദരങ്ങൾ 'വല്യച്ചാ' എന്നു വിളിച്ച് അദ്ദേഹത്തിന്റെ സമീപം ഓടിയെത്തുമായിരുന്നു. കണ്ണിനു കാഴ്ചയില്ലാത്തവർ അദ്ദേഹത്തിന്റെ സ്വരം തിരിച്ചറിഞ്ഞ് അടുക്കലെത്തിയിരുന്നു. സിസ്റ്റേഴ്സ് ഇല്ലാത്ത അവസരങ്ങളിൽ അദ്ദേഹം കിടപ്പുരോഗികളുടെ അടുക്കൽ പോയി അവരെ പ്രത്യേകമായി ശുശ്രൂഷിച്ചിരുന്നു. അവരുടെ ആവശ്യം മനസ്സിലാക്കി അവർക്ക് വേണ്ടത് ചെയ്തുകൊടുത്തിരുന്നു.

പ്രതീക്ഷാഭവനിലെ കുട്ടികളെ വഴക്കുപറയുകയോ അവർക്ക് എന്തെങ്കിലും ശിക്ഷകൊടുക്കുകയോ ചെയ്യുമ്പോൾ അദ്ദേഹം പറഞ്ഞുതരുമായിരുന്നു. അവർ നല്ല സ്വഭാവക്കാരായിരുന്നുവെങ്കിൽ ബുദ്ധിമുട്ടുകൾ ഇല്ലായിരുന്നുവെങ്കിൽ ഇവിടെ വരേണ്ടി വരികയില്ലായിരുന്നു. സ്നേഹം കൊണ്ടേ അവരെ നമുക്ക് വളർത്താൻ, നല്ലരീതിയിൽ കൊണ്ടുവരാൻ സാധിക്കൂ. ശിക്ഷ ഇവയ്ക്ക് ഒരു പരിഹാരമല്ല എന്ന്. അതുപോലെ പ്രതീക്ഷാഭവനിലെ ആളുകൾ നമ്മുടെ കാരുണ്യം, സഹായം കൊണ്ട് കഴിയുന്നവരാണ് എന്ന മനോഭാവം നമുക്ക് ഒരിക്കലും ഉണ്ടായിരിക്കരുത് എന്നും അദ്ദേഹം ഓർമ്മിപ്പിച്ചിരുന്നു.

സിസ്റ്റേഴ്സിന്റെ സമൂഹത്തിന്റെ വളർച്ചയിൽ അദ്ദേഹം പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. വൊക്കേഷൻ ക്യാമ്പുകൾ നടത്തുമ്പോൾ എത്രപേർ വന്നുവെന്നും എത്രപേരെ സെലക്ട് ചെയ്തുവെന്നും ചോദിച്ചിരുന്നു. അധികാരികളായിരുന്നവർ എപ്പോഴും സമൂഹത്തെ ക്കുറിച്ചുള്ള കാര്യങ്ങൾ യഥാക്രമം അദ്ദേഹത്തെ അറിയിച്ചിരുന്നു. അത് കേൾക്കുവാൻ അദ്ദേഹത്തിന് പ്രത്യേകം താത്പര്യവുമുണ്ടായിരുന്നു. നോവിസിന് പ്രത്യേകം ക്ലാസ്സുകൾ നൽകിയിരുന്നു. സിസ്റ്റേഴ്സിന്റെ മറ്റുഹൗസുകളിലും പുതിയതായി തുടങ്ങുന്ന സ്ഥലങ്ങളിലും അദ്ദേഹം പോകുകയും അവിടെ താമസിക്കുകയും ചെയ്തിരുന്നു.സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന ആഘോഷാവസരങ്ങൾ, ജനറൽ സിനാക്സിസ് തുടങ്ങിയവയിൽ പങ്കെടുക്കുന്നതിന് വരുകയും സന്തോഷിക്കുകയും ചെയ്യുമായിരുന്നു. അധികം സംസാരിക്കാറില്ലെങ്കിലും ആത്മനാ സന്തോഷവാനും എല്ലാക്കാര്യങ്ങളിലും ആത്മാർത്ഥതയോടെ പങ്കെടുക്കുന്നതിൽ തല്പരനുമായിരുന്നു.



ഒരിക്കൽ പോലും അദ്ദേഹം സ്വന്തം പ്രശസ്തിക്കോ സ്വകാര്യ ഉന്നമനത്തിനോ, സ്ഥാനമാനങ്ങൾക്കോ വേണ്ടി ആഗ്രഹിക്കുകയോ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. വിലകൂടിയ ഡ്രസ്സുകളോ, ചെരുപ്പോ ഒന്നും ഉപയോഗിച്ചിരുന്നില്ല. ഈ ദേശത്തെ സാധാരണ ആളുകൾ എങ്ങനെ ജീവിച്ചിരുന്നുവോ ആ വിധത്തിലുള്ള ജീവിത ശൈലി. ലാളിത്യത്തിന്റെ ഉത്തമമാതൃക. സമൂഹഭക്ഷണം മാത്രം കഴിച്ചിരുന്നു. ആവശ്യമില്ലാത്ത കാര്യങ്ങളറിയാൻ ആഗ്രഹിക്കുകയോ അതിനായി ജിജ്ഞാസ പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ല. ദൈവവുമായി ആലോചിച്ച് വിവേകപൂർവ്വം തീരുമാനങ്ങൾ എടുക്കുവാനും പ്രവർത്തിക്കുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നു.

അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ ഹൈറേഞ്ചിന്റെ വളർച്ചയുടെ ചരിത്രത്തിൽ ഇദ്ദേഹത്തിന്റെ ആഗമനം, പ്രവർത്തനങ്ങൾ എന്നിവയെല്ലാം സ്വർണ്ണ ലിപികളിൽ എഴുതപ്പെടേണ്ടതാണ്. ഹൈറേഞ്ചിന്റെ മെഡിക്കൽ കോളജ് ആയ സെന്റ് ജോൺസ് ഹോസ്പിറ്റൽ വേദനിക്കുന്നവർക്കുള്ള വല്യച്ചന്റെ സമ്മാനമായി നിലകൊള്ളുന്നു. ആളുകൾക്ക് ഇദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മ വളരെയധികം പ്രതീക്ഷ പകരുന്നതാണ്.

ജനറലേറ്റു ഭവനത്തിൽ അദ്ദേഹത്തിന്റെ ഭൗതീകശരീരം വച്ചുകൊണ്ടുള്ള അന്ത്യയാത്രപറച്ചിൽ– ഇപ്പോഴും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു.– 'മക്കളേ, ഇനി ഞാൻ നിങ്ങളോടുകൂടി ശാരീരികമായി ഇല്ല. നിങ്ങളെ ഞാൻ എപ്പോഴും ഓർക്കും' എന്ന് മന്ത്രിക്കുന്നതുപോലെ.... അദ്ദേഹം സ്വർഗ്ഗത്തിലിരുന്ന് നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നുണ്ട്. അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

# ഞാൻ കണ്ട ബ്രദർ ഫോർത്തുനാത്തൂസ്





**ചിന്നമ്മ**

ബ്രദർ ഫോർത്തുനാത്തൂസുമായുള്ള എന്റെ മുപ്പത് വർഷത്തെ പരിചയത്തിനിടക്ക് മുഖം കറുപ്പിച്ച് ഒരു വാക്കുപോലും അദ്ദേഹം പറയുന്നത് കേട്ടിട്ടില്ല. താല്പര്യമില്ലെങ്കിൽ വേണ്ട..വേണ്ട എന്നു മാത്രം പറയും. ആരും നോക്കാനില്ലാതെ വഴിവക്കിലും വീട്ടിലും ഒക്കെയായി കഴിയുന്ന രോഗികളെ ഹോസ്പിറ്റലിൽ കൊണ്ടുവന്ന് അദ്ദേഹം ശുശ്രൂഷിക്കുമായിരുന്നു. അവർ പോകും വരെ ഭക്ഷണവും വസ്ത്രവും പലഹാരവും വേണ്ടതൊക്കെയും നൽകുമായിരുന്നു. സങ്കടവുമായി ആരുചെന്നാലും വെറും കൈയ്യോടെ മടക്കി വിടുമായിരുന്നില്ല. വിദേശത്തുനിന്ന് കൊണ്ടുവന്നിരുന്ന വസ്ത്രങ്ങൾ ചില ധനികരായ ആളുകൾ വാങ്ങിയെടുക്കാൻ ശ്രമിച്ചിരുന്നു. ആദ്യമൊന്നും അദ്ദേഹത്തിനത് മനസ്സിലായില്ല. മനസ്സിലായപ്പോൾ "പണമുള്ളവർ വേണ്ട.. പാവങ്ങൾ മതി" എന്നു പറയും. വേയ്സ്റ്റുകൾ തരം തിരിക്കുന്ന ജോലി ബ്രദർ തന്നെയായിരുന്നു മിക്കവാറും ചെയ്തിരുന്നത്.

ഒരു ക്യാൻസർ രോഗിയെ ശുശ്രൂഷിക്കുന്ന രംഗം ഇപ്പോഴും ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്നു. കിരുകിരാന്ന് പിടക്കുന്ന പുഴുവിനെ കൈയ്യിൽ ഒരു ഗ്ലൗസ് പോലുമില്ലാതെ, മൂക്കു പൊത്തുകയോ, മുഖഭാവത്തിൽ മാറ്റം വരുത്തുകയോ ചെയ്യാതെ പെറുക്കി കളയുമ്പോൾ 'ഞങ്ങൾ ചെയ്യാം' എന്ന് മറ്റാരെങ്കിലും പറഞ്ഞാൽ 'വേണ്ട, ഞാൻ ചെയ്യാം' എന്നു പറഞ്ഞ് തനിയെ ചെയ്യുമായിരുന്നു.

അവസാന നാളുകളിൽ ഐ.സി.യുവിൽ കഴിഞ്ഞിരുന്നപ്പോൾ – അന്ന് ഞാൻ സർവ്വീസിൽ നിന്ന് വിരമിക്കുന്ന ദിവസം. ക്രിസ്മസ് കേക്കുമായി അദ്ദേഹത്തിന്റെ അരികിലെത്തി. വളരെ സന്തോഷത്തോടെ കേക്ക് വാങ്ങിയിട്ട് എന്നോടു ചോദിച്ചു, "പ്രൊവിഡന്റ് ഫണ്ട് ഉണ്ടോ?". പെൻഷൻ...?. അതായിരുന്നു അദ്ദേഹത്തിൽ നിന്നും ഞാൻ കേട്ട കരുതലിന്റെ അവസാനവാക്ക്.





# THE BROTHER WHOM I SAW

**Mr. M. Louise**
(Building Contractor)

I have worked with late Bro. Fortunatus for about thirty seven years from the age of nineteen. During my long association with late Brother, I found him to be a good human being. He was very much devoted to his duty and was also a caring person to all those who lived with him. He was a helping hand to all poor.

Personally, he was like a caring father to me. Whenever there used to be a gathering to feast in the house, Rev. Bro. Prakash used to ask me to be attend. I being a worker used to select a lonely place in the hall to have my food. The late brother leaving his seat in the dining table with guests, carrying his plate with food used to search for me and take a chair adjacent to me to have his food. While having food he used to feed like a caring father and tell me "Louise, take more food because you have to work hard". Since the plate I used was too small (for a worker) used to take rice many times and he had noticed it. One day while returning after his work from Kottayam he had purchased a big plate for me and advised me, while handing over the plate to me, to take rice two times and not several times. The plate presented to me by him is preserved by me till this day.

Though we both speak different languages and do not understand each other (language), we had no problem in working smoothly because he used to make me understand everything by way of making signs and by drawing in paper.

Once I had decided to leave Kattappana due to the sickness of my wife and I informed him about my decision. He persuaded me to stay there and continue the treatment and also told me that my wife would be cured because he would pray to Jesus for her cure. I am happy that till this day she is well.

I had no house of my own in Kattappana in 1974 and when I wanted one, he helped me financially to construct one.

He was a genuine missionary and a God like person to the poor. I can recall from my fading memory, that he had helped more than Three thousand poor people financially. He used to visit the poor every Sunday without any distinction (caste or creed). I used to accompany him whenever he visited them. To climb the hill, I was like a walking stick to him.

When he became old, after handing over the charge of the institution, told me (gave me one instruction to follow) that all the brothers of the institution were his brothers and I must follow their orders.

# കരുണയുടെ കാവൽക്കാരൻ





**ഡോ. സി. മേഴ്സിലിറ്റ് SH**
(സെന്റ് ജോൺസ് ഹോസ്പിറ്റൽ)

**"മനവും മിഴിയും നാവും കരവും
മന്നിൽ മാലകലാൻ
മഹാനുകമ്പ മസൃണിതമാക്കും
മാനുഷൻ ദേവൻമാർ"**

എന്ന് ഉള്ളൂർ തന്റെ പ്രേമ സംഗീതത്തിൽ പാടുമ്പോൾ കരുണയുടെ നിറസാന്നിദ്ധ്യമായി മാറിയ ബ്രദർ ഫോർത്തുനാത്തൂസ് ആ സങ്കൽപ്പത്തിൽ നിറഞ്ഞു നിന്നിരുന്നുവോ? ഞാൻ സംശയിക്കുകയാണ് - വേദനിക്കുന്നവന്റെ മുറിപ്പാടുകളിലേക്ക് നോക്കി വിശ്വാസപ്രഖ്യാപനം നടത്തുകയും അതുവഴി ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്ത ഒത്തിരി പുണ്യപുരുഷൻമാരെ കത്തോലിക്കാസഭയുടെ ചരിത്രത്താളുകളിൽ കണ്ടെത്തുന്നുവെങ്കിലും ബ്രദർ ഫോർത്തൂനാത്തൂസ് വേറിട്ടു നിൽക്കുകയാണ്. തന്റെ തനതാത്മകതയിലൂടെ കൈകൾ നിറയെ കാരുണ്യവും മുഖം നിറയെ പുഞ്ചിരിയുമായി രോഗികളെ സമീപിച്ച ആ ധന്യാത്മാവിനെ കരുണയുടെ കാവൽക്കാരൻ എന്നല്ലാതെ മറ്റെന്താണ് ഞാൻ വിശേഷിപ്പിക്കുക.

ആതുരശുശ്രൂഷാ രംഗത്ത് ജോലിചെയ്യുന്നതിനിടയിൽ ഒരുപാട് വ്യക്തികളെ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. പരിചയപ്പെട്ടിട്ടുണ്ട്. അടുത്ത് ഇടപെട്ടിട്ടുണ്ട്. പരസ്നേഹത്തിന്റെ സമത്വസിദ്ധാന്തം ഇത്രമാത്രം പ്രായോഗികമാക്കിയ മറ്റൊരു വ്യക്തിയേയും എനിക്ക് കണ്ടുമുട്ടാനായിട്ടില്ല. ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീടൊരിക്കലും മറക്കാൻ സാധിക്കാത്ത അലൗകികവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ആരും കടന്നുചെല്ലാൻ ഇഷ്ടപ്പെടാത്ത Isolation Ward ലേക്ക് രോഗികൾക്കായി തന്റെ കൈയ്യിൽ കരുതിയ പുഴുങ്ങിയ മുട്ടയുമായി കടന്നു വരുന്ന ആ മുഖം ഇന്നും എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. വെറും ഓർമ്മകളായല്ല... ദീപ്തസ്മരണകളായി. പ്രതികൂല സാഹചര്യങ്ങളിലും പാവങ്ങൾക്കു വേണ്ടി മാത്രം ജീവിക്കുവാനും അശരണരേയും ആരുമില്ലാത്തവരേയും മാറോടുചേർക്കുവാനും അദ്ദേഹത്തിനു സാധിച്ചത് ക്രിസ്തുവിന്റെ സ്നേഹം ആ മാറിൽ എരിഞ്ഞതുകൊണ്ടല്ലേ. ആവശ്യക്കാരന്റെ അടുത്ത് അനുകമ്പയുടെ വിഭവങ്ങളുമായി എത്തുന്ന 'വല്യച്ചനെ' ഞാൻ പലപ്രാവശ്യം കണ്ടിട്ടുണ്ട്. ആ ലോകം നന്മയുടേതായിരുന്നു, സ്നേഹത്തിന്റേതായിരുന്നു.

വ്യക്തിപരമായി കണ്ടുമുട്ടിയിട്ടുള്ള സാഹചര്യങ്ങളിലൊക്കെ നർമ്മരസങ്ങളോടെ പ്രോൽസാഹനങ്ങൾ നൽകിയിട്ടുണ്ട്. എന്റെ രോഗീശുശ്രൂഷാ ദൗത്യത്തിന് ആ വാക്കുകൾ എന്നും പ്രചോദനമായി നിലകൊള്ളുന്നു. ആ വ്യക്തിത്വത്തിന്റെ രൂപവും ഭാവവും 'ലാളിത്യം എന്ന് ഒറ്റ വാക്കിൽ ഞാൻ കുറിക്കട്ടെ.

കട്ടപ്പനയിലെ ആശ്രമഭിത്തിയുടെ അകത്തളങ്ങളിൽ മാത്രം കഴിച്ചുകൂട്ടാൻ അദ്ദേഹം ആഗ്രഹിച്ചില്ല. മരം കോച്ചുന്ന തണുപ്പിലും അദ്ദേഹം ഇറങ്ങി പാവങ്ങളുടെ ഇടയിലേക്ക്. ലോകത്തിലെ മുഴുവൻ പാവങ്ങളും ആ ഹൃദയത്തിൽ സ്ഥാനം പിടിച്ചു എന്നതിന്റെ തെളിവാണ് അദ്ദേഹം രൂപം കൊടുത്ത 'സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് ' സമൂഹം.

മാനസിക വൈകല്യമുള്ളവരും അനാഥരായ വൃദ്ധജനങ്ങളുമൊക്കെ ആ മനസ്സിലും ഹൃദയത്തിലും സ്ഥാനം പിടിച്ചപ്പോൾ അവർക്ക് കുടുംബ സൗഭാഗ്യമരുളുവാൻ വിശുദ്ധനായ ആ കർമ്മയോഗി സന്നദ്ധനായി. എല്ലാം തനിക്കായി വാരിക്കൂട്ടുന്ന ആർത്തിയുടെ തത്വം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ആർജ്ജനമല്ല കൊടുത്തു തീർക്കലാണ് മനുഷ്യത്വത്തിന്റെ സത്തയെന്ന് പഠിപ്പിച്ച് അദ്ദേഹം കടന്നുപോയി. ആ കരസ്പർശനത്താൽ സ്ഥാപിതമായ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ 25 വർഷം ശുശ്രൂഷചെയ്യാനായത് എന്റെ ജീവിതത്തിലെ ഭാഗ്യമായി ഞാൻ കരുതുന്നു. പുണ്യപിതാവിന്റെ നാമം സ്വർഗ്ഗത്തിലും ഭൂമിയിലും ഒരുപോലെ എഴുതപ്പെടുന്ന വിശുദ്ധ നിമിഷങ്ങളിൽ സെന്റ് ജോൺസ് കുടുംബം ഒന്നാകെ സന്തോഷിക്കുന്നു. ഒപ്പം ആ പുണ്യപിതാവിന്റെ മുൻപിൽ നമ്രശീർഷരായി നിലകൊള്ളുന്നു.

# പരിവ്രാജകൻ



ഫാ. പീറ്റർ തോമസ് CMI

സർവ്വസംഗപരിത്യാഗം പരിവ്രജ്യായോഗം
ചതുരാശ്രമമന്ത്യത്തിലാ പരിവ്രാജകൻ
“ഭാഗ്യവാനെ” ന്നനാമം പേറും ഫോർത്തുനാത്തൂസ്
പരിപാവനൻ നിതരാം ജയലാളിതനും
ദൈവദാസനാഖ്യൻ കൃതകൃത്യനായവനും
കട്ടപ്പനയുടെ മണിദീപം മഹായോഗി
ഹൈറേഞ്ചിലെ പുണ്യപുഷ്പം കമ്രധന്യനവൻ
ജയഭേരിമുഴക്കി വാഴുന്നു വിഹായസ്സിൽ.
ശീമരാജ്യം വിട്ടുവന്നീനാട്ടിലൊറ്റയ്ക്കായി
ജീവരക്തംചൊരിഞ്ഞിട്ടു നമ്മിൽനിന്നകന്നു.
പാർത്തലത്തിൽ ജ്യോതിസ്സായി മണിമുത്തായിനിന്നു.
വീട്ടുകാർക്കു വല്യച്ചൻ ഏവർക്കും വിശുദ്ധനായ്
സന്യാസശീലുകൾ അന്യൂനം കാത്തുസൂക്ഷിച്ചു
ഭൂമിയോളം താഴ്ന്നുള്ള എളിമ മുദ്രയുമായ്
പാവങ്ങൾക്കത്താണിയായ് രോഗിക്കു ശാന്തിയായി
ആതുരാലയം തീർത്തു പ്രതീക്ഷാഭവനുണ്ടായ്
വിദേശഭാവം വിട്ടു സ്വദേശിയായ്ഭവിച്ചു
രോഗിയിൽ ക്രിസ്തുവിനെ കണ്ടങ്ങുശുശ്രൂഷിച്ചു
പ്രസന്നമുഖഭാവം ചടുലപ്രവൃത്തിയും
പാദമുദ്രപതിപ്പിച്ചുനമ്മെവിട്ടുപോയി
സ്വർഗ്ഗത്തിൻ കിളിവാതിലിൽ നമ്മെനോക്കിയങ്ങ്
വെട്ടംതെളിച്ചുകൊണ്ടു കാത്തിരിക്കുന്നു താതൻ
പ്രകാശമായ് വന്നുപോയ പരിവ്രാജകനെ
അനാരതം വണങ്ങി നാം നിത്യവും സ്തുതിക്കുക

..................... ശുഭം ....................



| | | |
|---|---|---|
| ടിപ്പണി : | പരിവ്രാജകൻ | = പൂർണ്ണസന്യാസി |
| | കമ്രം | = മനോഹരം |
| | ചടുലം | = സുന്ദരം |
| | അനാരതം | = എപ്പോഴും |




# ത്യാഗവീഥികൾ താണ്ടി വിശുദ്ധിയുടെ തീരത്ത്



**ശ്രീ. ജോയി വെട്ടിക്കുഴി**
IDCB പ്രസിഡന്റ്

ഒരു മനുഷ്യന്റെ എളിയ ജീവിതം സഹജീവികൾക്കും സമൂഹത്തിനും എത്രമാത്രം ഉപകാരപ്രദമാക്കാമെന്ന് ഒരു വലിയ മനുഷ്യന്റെ മഹത്ജീവിതത്തിലൂടെ ദർശിക്കുവാൻ കഴിഞ്ഞത് എന്റെ ജീവിതത്തിലെ മഹാഭാഗ്യമായി കരുതുന്നു. എൽ. പി. സ്കൂളിൽ പഠിക്കുമ്പോൾ കട്ടപ്പന പള്ളിമുറിയുടെ മുറ്റത്ത് വെള്ള വസ്ത്രത്തിനുള്ളിൽ ചാമ്പങ്ങ പോലെ ചുവന്നു തുടുത്ത മുഖവുമായി നിന്ന ദൃഢഗാത്രനായ സായിപ്പിനെ അത്ഭുതത്തോടെയാണ് നോക്കിയത്. ഹൈറേഞ്ചിലെ പ്രത്യേകിച്ച് കട്ടപ്പന മേഖലയിലെ പാവപ്പെട്ട ജനങ്ങളുടെ ജീവിതത്തിന് ആശ്വാസം അനുഭവവേദ്യമാക്കി ആതുരശുശ്രൂഷാരംഗത്ത് പുതുകിരണങ്ങൾ വിതറാനിരിക്കുന്ന മഹാജ്യോതിസ്സാണിതെന്ന് തിരിച്ചറിയാൻ ബാലനായ എനിക്കു മാത്രമല്ല, ആർക്കും സാധിച്ചില്ല. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികളൊക്കെ നിലനിന്നിരുന്നുവെങ്കിലും ഭൗതിക ജീവിത സൗകര്യങ്ങളിൽ ഒരു കുറവുമില്ലാതിരുന്ന ജർമ്മനിയിൽ നിന്നും ഒരു സൗകര്യവുമില്ലാത്ത ഇന്ത്യയിൽ അതും കേരളത്തിലെ ഏറ്റവും അവികസിതമായ ഹൈറേഞ്ചിൽ മിഷൻ പ്രവർത്തനം നടത്തുന്നതിന് തീരുമാനമെടുത്ത ആ മനുഷ്യന്റെ നിശ്ചയദാർഢ്യം എത്ര വലുതായിരുന്നു. ദൈവസ്നേഹത്തിന്റേയും മാനവസ്നേഹത്തിന്റേയും മഹിമ ഒരു ജനതക്ക് വെളിപ്പെടുത്തി കൊടുക്കുന്നതിന് ദൈവനിയോഗത്താൽ അയക്കപ്പെട്ട ഒരു മിഷനറിയായിരുന്നു ബ്രദർ ഫോർത്തുനാത്തൂസ്.

കട്ടപ്പന പ്രദേശത്തെ ജനങ്ങൾ നിലനിൽപ്പിനു വേണ്ടി കാലാവസ്ഥയോടും, രോഗങ്ങളോടും, കുടിയിറക്കിനോടുമൊക്കെ പൊരുതികൊണ്ടിരുന്ന കാലഘട്ടത്തിലാണ് ബ്രദറിന്റെ ആഗമനം. മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഉള്ള വ്യക്തികൾ വിരളമായിരുന്ന ആ കാലത്ത് അവഗണിക്കപ്പെടുന്നവരുടെ ആശ്വാസമായി മാറുകയായിരുന്നു അദ്ദേഹം. ഹോട്ടലുകളിലെ അവശിഷ്ടങ്ങൾ ഭക്ഷിച്ച് ജീവിച്ചിരുന്ന 'എച്ചിലുപെറുക്കി കുഞ്ഞച്ചൻ' എന്ന് മറ്റുള്ളവർ വിളിച്ച് ആക്ഷേപിച്ചിരുന്ന ഒരു പാവം മനുഷ്യനെ തന്നോടൊപ്പം ചേർത്തു നിർത്തിയപ്പോൾ മനുഷ്യസ്നേഹത്തിന്റെ പുതിയ മുഖം ദർശിക്കുവാൻ കഴിഞ്ഞു. തമിഴ്നാട്ടിൽ നിന്നും തൊഴിലിനു വേണ്ടി ഹൈറേഞ്ചിലേക്ക് കടന്നു വന്ന നിർധനരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും പ്രതീക്ഷയുടെ വെളിച്ചമായി ബ്രദർ മാറി. തണുപ്പിനെ അതിജീവിക്കുവാൻ ചാക്കും കരിമ്പടവും മാത്രം ലഭ്യമായിരുന്ന കാലഘട്ടത്തിൽ കമ്പിളി സ്വെറ്ററും പുതപ്പും ലോഡുകണക്കിന് വിതരണം ചെയ്തപ്പോൾ പലർക്കും അത് നൂതന അനുഭവമായിരുന്നു. ആശുപത്രിയിൽ പോയി ക്യൂവിൽ നിന്ന് സ്വെറ്റർ വാങ്ങുന്നത് മാനക്കേടായി കരുതിയ പലരും പാവങ്ങൾക്ക് പാരിതോഷികം നൽകി ഇത്തരം വസ്ത്രങ്ങൾ കരസ്ഥമാക്കി. ഗവൺമെന്റുകൾ പോലും ചിന്തിക്കുന്നതിന് മുൻപ് ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം സൗജന്യമായി നൽകുന്ന രീതി അദ്ദേഹം പ്രാവർത്തികമാക്കി. പല അമ്മമാരും ഇത് 'വല്യച്ചന്റെ കുഞ്ഞാ' ണെന്ന് പറഞ്ഞ് കുട്ടികളെ പൊക്കിപിടിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വസതിക്കു മുൻപിൽ നിൽക്കുന്നത് കാണാനിടയായിട്ടുണ്ട്.



വെള്ളുകപ്പപ്പൊടിയും, ഈന്ത ങ്ങപ്പൊടിയുമൊക്കെ കുഞ്ഞുങ്ങൾക്ക് പോഷകാഹാരമായി കൊടുത്തുകൊണ്ടിരുന്ന കാലഘട്ടത്തിൽ 'അമൂൽ' പോലെ വിലകൂടിയ പോഷകാഹാരങ്ങൾ ബ്രദർ വിതരണം ചെയ്തപ്പോൾ ഹൈറേഞ്ച് കൗതുകത്തോടെയാണ് അത് ദർശിച്ചത്. ശനിയാഴ്ചകളിൽ അരിക്കും മരുന്നിനും പോഷകാഹാരത്തിനും വേണ്ടിയുള്ള വലിയ ക്യൂ അദ്ദേഹത്തിന്റെ വസതിക്കു മുമ്പിൽ കാണാമായിരുന്നു. തന്റെ അടുത്തേക്കു വരുന്ന ആരെയും അദ്ദേഹം നിരാശപ്പെടുത്തിയില്ല.

അദ്ദേഹത്തിന്റെ ഭവനനിർമ്മാണ പദ്ധതി നൂറുകണക്കിന് കുടുംബങ്ങൾക്ക് പാർപ്പിടവുംജീവിതവും നൽകി. ഗവൺമെന്റുകളും പഞ്ചായത്തുകളും ഭവനനിർമ്മാണ പദ്ധതികൾ സ്വപ്നം കാണാത്ത കാലഘട്ടത്തിൽ ആ സ്വപ്നം സാക്ഷാത്കരിച്ച മനുഷ്യസ്നേഹിയാണദ്ദേഹം. കട്ടപ്പനയുടെ പല ഭാഗങ്ങളിലും സ്ഥലമെടുത്ത് അഞ്ചു സെന്റ് വീതം തിരിച്ച് വീടുനിർമ്മിച്ച് പാവപ്പെട്ടവർക്കു നൽകി. കുഴി കക്കൂസുകൾ മാത്രം നിലവിലിരുന്ന കാലത്ത് ക്ലോസറ്റ് ഉപയോഗിച്ചുള്ള കക്കൂസുകൾ നിർമ്മിച്ചു നൽകി. അമ്പലക്കവല കോളനിയിലെ കക്കൂസ് ബ്ലോക്കാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം അവിടെയെത്തി പൈപ്പിലെ തടസ്സം സ്വന്തം കൈകൊണ്ടെടുത്തു മാറ്റിയപ്പോൾ എളിമയുടെ ആൾരൂപത്തെയാണ് ദർശിക്കാൻ കഴിഞ്ഞത്. കോളനികൾ കൂടാതെ വ്യക്തികൾക്ക് സ്വന്തം സ്ഥലത്ത് വീടു നിർമ്മിക്കുന്നതിന് ധാരാളം പേർക്ക് സഹായം നൽകി. സഹായത്തിനർഹരായവരെ കണ്ടെത്തുന്നതിന് ഇടവക വൈദികർ, വിൻസന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ, പൊതുപ്രവർത്തകർ എന്നിവർ അദ്ദേഹത്തെ സഹായിച്ചു.

നിരാലംബർക്കും, രോഗി 'കൾക്കും, വൃദ്ധർക്കും ആശ്വാസമായി പ്രതീക്ഷാ ഭവൻ ആരംഭിച്ചത് ഹൈറേഞ്ചിന്റെ ചരിത്രത്തിലെ തന്നെ പ്രധാന ഏടാണ്. ആശുപത്രിയുടെ വികസനം ഒരു ഘട്ടത്തിലെത്തിയപ്പോൾ അതിന്റെ ഉത്തരവാദിത്വം സഹപ്രവർത്തകരെ ഏൽപ്പിച്ച് അദ്ദേഹം പ്രതീക്ഷാ ഭവനിലെ അന്തേവാസികളുടെ പരിചരണവും പാവങ്ങളെ സഹായിക്കലുമായി മുന്നോട്ടു പോയി. എല്ലാ ദിവസവും വിശുദ്ധ കുർബാനക്കു ശേഷം അന്തേവാസികൾ മലമൂത്ര വിസ്സർജനം നടത്തിയ ഷീറ്റുകളുൾപ്പെടെ എല്ലാം വൃത്തിയാക്കിയതിനു ശേഷമാണ് പ്രഭാതഭക്ഷണം. ഓരോ അന്തേവാസിയോടും വ്യക്തിപരമായ ബന്ധം പുലർത്തി അവരെ പരിചരിക്കുന്നതിൽ അദ്ദേഹം പ്രത്യേക ശ്രദ്ധ പുലർത്തി.

ഒരിക്കൽ പോലും മറ്റുള്ളവരാൽ പ്രശംസിക്കപ്പെടണമെന്നാഗ്രഹിക്കാത്ത വ്യക്തിത്വം അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥനാക്കി. ഇത്രമാത്രം വലിയ സംരംഭങ്ങൾക്ക് നേതൃത്വം കൊടുത്ത വ്യക്തി എപ്പോഴും വേദികളിൽ നിന്നും ഒഴിവായി നിന്നിരുന്നു. ഹൈറേഞ്ചിൽ നിന്നും ഒരു സന്യാസ സമൂഹത്തിന് ജന്മം നൽകുവാൻ അദ്ദേഹത്തിലൂടെ സാധിച്ചത് വലിയ ദൈവാനുഗ്രഹമാണ്. എന്റെ ബാല്യം മുതൽ അദ്ദേഹവുമായും ആശുപത്രിയുമായും അടുത്ത ബന്ധം പുലർത്തുവാൻ കഴിഞ്ഞതിനാൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തൊട്ടറിയുവാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശ്വാസപാത്രമായ പൊതുപ്രവർത്തകനെന്ന നിലയിൽ നിരവധി ആളുകൾക്ക് സഹായം വാങ്ങിക്കൊടുക്കുവാൻ കഴിഞ്ഞതിൽ എനിക്കഭിമാനമുണ്ട്. അദ്ദേഹത്തിന്റെ അടുത്തെത്തുമ്പോഴൊക്കെ 'ജോയി സുഖമാണോ' എന്ന ചോദ്യം ഇപ്പോഴും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. അദ്ദേഹത്തിന്റെ വാർദ്ധക്യത്തിലെ ഒരു സന്ദർശകനാകാൻ കഴിഞ്ഞതും അദ്ദേഹത്തിന്റെ സംസ്ക്കാര ശുശ്രൂഷയിൽ അത്യന്തം പങ്കെടുക്കാൻ കഴിഞ്ഞതും എന്റെ വലിയ ഭാഗ്യമാണ്. ജർമ്മൻ കാരനായ വല്യച്ചനിലൂടെ ഒരു വിശുദ്ധൻ ഹൈറേഞ്ചിലുണ്ടാകുന്നത് വലിയ ദൈവ നിയോഗമാണ് 'ബ്രദർ ഫോർത്തുനാത്തൂസിലൂടെ ഒരു വിശുദ്ധനെയാണ് ദൈവം ലോകത്തിന് നൽകിയിരിക്കുന്നത്' എന്ന കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറക്കൽ പിതാവിന്റെ ചരമപ്രസംഗത്തിലെ വാക്കുകൾ അന്വർത്ഥമാകുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

# നൊമ്പരമൊപ്പുന്ന വത്സലപിതാവ്
# ബ്രദർ ഫോർത്തുനാത്തൂസ്



**സി. അൻസാ ജോൺ SCJG**

കൃത്യമായി ഓർത്താൽ 1990 ഒക്ടോബർ മാസത്തിലെ ഒരു ശനി (ശനിയാഴ്ച ദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ആൾക്കാർ സഹായത്തിനായി അദ്ദേഹത്തിന്റെ അടുത്ത് വന്നിരുന്നു). അന്ന് ബഹുമാനപ്പെട്ട വല്യച്ചനോടൊപ്പം സ്റ്റോർ റൂമിൽ ഞാനും ഉണ്ട്. പുറത്തുനിൽക്കുന്ന നീണ്ട നിര ജനങ്ങൾ തിക്കും തിരക്കും കൂട്ടിക്കൊണ്ടിരിക്കുന്നു. വല്യച്ചനിൽ നിന്നും ആബാലവൃദ്ധം ജനങ്ങൾ അരി, വസ്ത്രങ്ങൾ, പാൽപ്പൊടി എന്നിവയൊക്കെ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഞാൻ വല്യച്ചനെ സഹായിച്ചുകൊണ്ടിരിക്കുന്നു. തിരക്കിനിടയിൽ വല്യച്ചൻ ശബ്ദമുയർത്തി മാറി...മാറി... എന്നിങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ തന്റെ മുമ്പിൽ കൈനീട്ടുന്ന കുഞ്ഞുങ്ങൾക്ക് തൂവാല കൊടുക്കുവാൻ സ്റ്റോക്കു വച്ചിരിക്കുന്ന തൂവാല എടുക്കാൻ വല്യച്ചൻ എന്നോട് ആവശ്യപ്പെട്ടു. പലതവണ ഞാൻ തിരഞ്ഞു നോക്കിയെങ്കിലും കണ്ടില്ല. ഞാൻ വല്യച്ചനോട് കണ്ടില്ല എന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം വല്ലാതെ നൊമ്പരപ്പെട്ടു. തന്റെ പക്കൽ കൈനീട്ടിയവരെ വെറും കൈയ്യോടെ പറഞ്ഞയക്കുക അദ്ദേഹത്തിന് വളരെ വേദനാജനകമായിരുന്നു. അതുകൊണ്ട് തന്നെയാവണം ടവ്വൽ കണ്ടില്ല എന്നു പറഞ്ഞപ്പോൾ എന്നെ വഴക്കു പറഞ്ഞു. എവിടെ...എവിടെ?. സെന്റ് ആന്റണിയോടു പ്രാർത്ഥിക്ക്. നഷ്ടപ്പെട്ടവ കണ്ടെത്തും. അദ്ദേഹത്തിന്റെ പെരുമാറ്റ വ്യത്യാസങ്ങളും വഴക്കും എന്നെ വിഷമിപ്പിച്ചു. ഞാൻ കരഞ്ഞു കൊണ്ട് സിസ്റ്ററിന്റെ പക്കലേക്ക് ഓടിപ്പോയി. പിറ്റേന്ന് പ്രഭാതം ദിവ്യബലികഴിഞ്ഞതേ കോൺവെന്റിന്റെ കോളിംഗ് ബെൽ ശക്തിയായി അടിച്ചു. പാർലർ ഡ്യൂട്ടി സഹോദരി ചെന്നപ്പോൾ വല്യച്ചൻ എന്നെ അന്വേഷിച്ചു കാത്തുനിൽക്കുന്നു എന്ന് അറിയിച്ചു. ഞാൻ വേഗം ചെന്നു. വളരെ സ്നേഹത്തോടെ വല്യച്ചൻ നീ ഇന്നലെ ഉറങ്ങിയൊ? ഞാൻ വഴക്കു പറഞ്ഞപ്പോൾ സങ്കടമായോ? ക്ഷമിക്കണം ക്ഷമിക്കണം എന്ന് പലതവണ പറഞ്ഞ് എന്നെ ആശ്വസിപ്പിച്ചു. എന്താണ് പറയേണ്ടത് എന്ന് അറിയാതെ ഞാൻ സ്തംഭിച്ചുപോയി. വെറും ഒരു കാൻഡിഡേറ്റ് മാത്രമായ എന്റെ അടുക്കൽ വന്ന് സ്ഥാപക പിതാവ് ക്ഷമ പറയുകയോ?! അത്ര വിശാല ഹൃദയനായി...സ്വയം താഴ്ന്ന്...ശൂന്യനായി വന്ന വത്സലപിതാവ് ഇന്നും നമ്മെ ക്ഷണിക്കുന്നു അന്യന്റെ വേദനയിൽ പങ്കുചേരാൻ... ഇല്ലാത്തവന് ഉള്ളത് പങ്കുവയ്ക്കാൻ... അന്യരായി ആരും ഇല്ല എന്നറിഞ്ഞ് ജീവിക്കാൻ... അനുരഞ്ജിതരായി ജീവിക്കാൻ...





# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹത്തിന്റെ സ്ഥാപക പിതാവ് ബ്രദർ ഫോർത്തുനാത്തൂസ്.

അന്ന S.C.J.G

"ലോകത്തുള്ള സന്യാസസമൂഹങ്ങളുടെ എണ്ണമെത്രയെന്ന് സാക്ഷാൽ പരിശുദ്ധാത്മാവിനു പോലും അറിയില്ലെന്ന് ഫലിതം പറയുന്ന ഈ കാലത്ത് ഇനിയും പുതിയൊരു സന്യാസസമൂഹം ആരംഭിക്കണമെന്നോ?" അരമനവേദിയിലുള്ളവർ മനസ്സിൽ ചോദ്യശരങ്ങളുമായി ആ സായിപ്പിനെ തറപ്പിച്ചു നോക്കി. നോട്ടം രൂക്ഷമായപ്പോൾ മാർ ആന്റണി പടിയറ പിതാവ് രംഗം സമാധാനിപ്പിക്കുവാൻ പറഞ്ഞു "ബ്രദർ ഫോർത്തുനാത്തൂസ് ഒന്നു കൂടി ചിന്തിച്ച് പ്രാർത്ഥിച്ച് വരൂ". അരമനയുടെ പടിയിറങ്ങുമ്പോൾ ബ്രദർ ദൈവത്തോടായി പറഞ്ഞു... ഹോസ്പിറ്റലിൽ രോഗികളായ സ്ത്രീകളുടെ പരിചരണത്തിന് സെന്റ് ജോൺ ഓഫ് ഗോഡിന്റെ ദർശനവും ചൈതന്യവുമുള്ള ഒരു സന്യാസിനീ സമൂഹം എന്റെ സ്വപ്നത്തിലുണ്ടായിരുന്നുവെങ്കിലും എനിക്ക് ശാഠ്യമൊന്നുമില്ല കേട്ടോ. നിന്റെ ഹിതത്തിനപ്പുറം എനിക്കൊന്നും വേണ്ട.... "എനിക്ക് ശാഠ്യമുണ്ട് മകനെ" ബ്രദറിന്റെ മനസ്സിൽ ഒരു സ്വരം മാറ്റൊലികൊണ്ടു. അത് ദൈവസ്വരമായിരുന്നു എന്ന് കാലം തെളിയിച്ചു. പിതാവിന്റെ പക്കൽ വീണ്ടും തന്റെ സ്വപ്നവുമായി കടന്നുചെന്ന ബ്രദറിന് അനുകൂലമായ ഒരു മറുപടിയാണ് ലഭിച്ചത്. ദൈവത്തിന്റെ കൈയ്യൊപ്പുള്ള സ്വപ്നങ്ങൾ യഥാർത്ഥമാകുമെന്ന് തെളിയിച്ചുകൊണ്ട് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് എന്ന സന്യാസിനീ സമൂഹം രൂപം കൊണ്ടു.

1977 സെപ്റ്റംബർ 8 ന് എട്ട് അർത്ഥിനികളുമായി രൂപീകൃതമായ സെന്റ് ജോൺ ഓഫ് ഗോഡ് ഭക്തസമൂഹത്തിന്റെ നിയമാവലി 1982 ൽ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പവ്വത്തിൽ താൽക്കാലികമായി അംഗീകരിക്കുകയും സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് എന്ന നാമം നൽകുകയും ചെയ്തു. 1984 ൽ ആദ്യ അംഗങ്ങൾ പ്രഥമ വ്രതവാഗ്ദാനം നടത്തി. 1994 ജനുവരി 15 ന് റോമിലെ പരിശുദ്ധ സിംഹാസനം നിയമാവലി ഔദ്യോഗികമായി അംഗീകരിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷനായ മാർ മാത്യു വട്ടക്കുഴി സമൂഹത്തെ സീറോമലബാർ സഭയിലെ രൂപതാ കോൺഗ്രിഗേഷനായി പ്രഖ്യാപിച്ചു.

1997 ൽ സെന്റ് ജോൺ ഓഫ് ഗോഡ് ഹോസ്പിറ്റലർ ഓർഡർ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരുന്ന റവ. ഫാ. പാസ്ക്കൽ പീലസ് സിസ്റ്റേഴ്സിന്റെ സമൂഹത്തെ 500 വർഷത്തെ ആദ്ധ്യാത്മിക പാരമ്പര്യമുള്ള ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസ കുടുംബവുമായി സംയോജിപ്പിക്കുകയും ചെയ്തു.

1977 ൽ അർത്ഥിനികളായി കടന്നുവന്നവരുടെ പരിശീലനചുമതല ബ്രദർ ഫോർത്തുനാത്തൂസ് ഭരമേൽപ്പിച്ചത് ക്ലാരസമൂഹാംഗമായ ചങ്ങനാശ്ശേരി പ്രൊവിൻസിന്റെ റവ. സി. ബൊറോമിയോയെയാണ്. അർത്ഥിനികളെ സമർപ്പിതരായി രൂപാന്തരപ്പെടുത്തുന്ന ചുമതലയിൽ തുടർന്നു വന്ന 14 വർഷങ്ങളിൽ അക്ഷീണം പ്രയത്നിച്ച സിസ്റ്ററിന്റെ സേവനം അവിസ്മരണീയമാണ്. തുടർന്ന് സമൂഹത്തിന് നേതൃത്വമേകിയത് തിരുഹൃദയസന്യാസിനീ സമൂഹാംഗമായ സി. സ്കൊളാസ്റ്റിക്കയാണ്. ഇന്ന് പരലോകപ്രാപ്തയായിരിക്കുന്ന സിസ്റ്ററിന് സമൂഹത്തെ പുതിയൊരു ദിശാബോധത്തിലേക്ക് കൈപിടിച്ചുയർത്തുവാൻ കഴിഞ്ഞു. കാഞ്ഞിരപ്പള്ളി രൂപതയിലെ അഭിവന്ദ്യ പിതാക്കൻമ്മാരും വൈദികരും, കപ്പൂച്ചിൻ, സി.എം.ഐ, ബെനഡിക്ടൻ സന്യാസികളും നവമായി രൂപംകൊണ്ട ഈ സമൂഹത്തെ ജ്ഞാനത്തിലും പ്രായത്തിലും വളർത്തിയെടുക്കുവാൻ ഏറെ സംഭാവനകൾ ഏകി. കോൺഗ്രിഗേഷനായതോടെ സ്വയം ഭരണാവകാശം സിദ്ധിച്ച സമൂഹം സിനാക്സസിലൂടെ അധികാരികളെ സമൂഹത്തിനുള്ളിൽ നിന്ന് കണ്ടെത്തുകയും അവരുടെ കീഴിൽ ഒരു സമൂഹമായി വളർന്നു വരികയും ചെയ്തു.

ഇക്കഴിഞ്ഞ നാളുകളിൽ ആദ്ധ്യാത്മികതയിലും സഭാത്മകതയിലും സിദ്ധിയിലും സമൂഹത്തെ കാലോചിതം സ്തുത്യർഹമായി നയിച്ച ജനറൽ സുപ്പീരിയേഴ്സ്, റവ.സി. ലിസാ കുരുവിള പുളിക്കച്ചുണ്ടയിൽ (1992 - 1998), റവ. സി. ആനീസ് ജോസഫ് കോച്ചാംകുന്നേൽ (1998-2004), റവ. സി. റോസി ജോസഫ് ചെമ്പകത്തിനാൽ (2004 - 2010), എന്നിവരാണ്. 2010 മുതൽ സമൂഹത്തെ സാമൂഹിക പ്രതിബദ്ധതയിൽ നയിച്ചുകൊണ്ടിരിക്കുന്നത് റവ. സി. വിമല ജോർജ്ജ് മാതാളിക്കുന്നേലും വിവിധ വകുപ്പുകളുടെ ചുമതലയേറ്റിരിക്കുന്ന കൗൺസിലേഴ്സായ റവ. സി.ലീനാ മരിയ പാമ്പാടത്ത് (അസി. ജനറൽ), റവ. സി. നിർമ്മല കുര്യാക്കോസ് കണ്ണമുണ്ടയിൽ, റവ. സി. റീനാ മരിയ മാങ്കൂട്ടത്തിൽ, റവ. സി. എൽസിറ്റ് ടോം കണ്ടംപറമ്പിൽ, എന്നിവരും ഓഡിറ്റർ ജനറലായ റവ. സി. റോസിലി ജോൺ പുറങ്ങാട്ടിലും ആണ്.

അർത്ഥിനികൾ ഉൾപ്പെടെ നൂറ്റിയിരുപത്തഞ്ചോളം അംഗങ്ങളുള്ള സമൂഹത്തിന്റെ ജനറലേറ്റു ഭവനം സ്ഥിതി ചെയ്യുന്നത് ഇടുക്കി ജില്ലയിലെ കട്ടപ്പനയിലാണ്. കേരളത്തിൽ കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, തലശ്ശേരി, എറണാകുളം, ഇടുക്കി, പാലാ രൂപതകളിലും തമിഴ്നാട്ടിൽ ട്രിച്ചിയിലും ഒഡീഷയിൽ ബേരാംപൂർ രൂപതയിലെ ഛാന്ദിപ്പുട്ടിലും സമൂഹത്തിന് കോൺവെന്റുകളുണ്ട്. മഹാരാഷ്ട്രയിൽ ഛാന്ദാ രൂപതാ ഹോസ്പിറ്റലിലും മധ്യപ്രദേശ് കാണ്ഡ്വ രൂപതയിലും ഇന്ത്യക്കുവെളിയിൽ ജർമ്മനിയിലെ കേണിംഗ്സ്റ്റൈൻ, നോയ്ബുർഗ് എന്നിവിടങ്ങളിലും ഓസ്ട്രിയയിൽ വിയന്ന, ഇറ്റലിലെ സോൾബിയാത്തെ എന്നിവിടങ്ങളിലെ ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡിന്റെ സ്ഥാപനങ്ങളിലും സിസ്റ്റേഴ്സ് ജോലി ചെയ്തു വരുന്നു. തിരുസഭയുടേയും ഗവൺമെന്റിന്റേയും മറ്റു സംരംഭങ്ങളിലും പ്രസ്ഥാനങ്ങളിലും വിവിധസ്ഥാപനങ്ങളിലും സിസ്റ്റേഴ്സ് പ്രവർത്തിക്കുന്നുണ്ട്. കാലത്തിന്റെ ചുവരെഴുത്തുകൾക്കനുസൃതം മറ്റ് ശുശ്രൂഷാ രംഗങ്ങൾ ഏറ്റെടുത്താലും സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് രോഗികളുടേയും അനാഥരുടേയും അഗതികളുടേയും സംരക്ഷകരാണ്. രോഗിശുശ്രൂഷയെ ശുശ്രൂഷകളുടെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന ഈ സമൂഹത്തിലെ സഹോദരിമാരിൽ നല്ലൊരു പങ്കും സ്ഥാപക പിതാവായ ബ്രദർ ഫോർത്തുനാത്തൂസിന്റെ ശുശ്രൂഷാ മാതൃകകൾ കണ്ടറിയുവാൻ ഭാഗ്യം ലഭിച്ചവരത്രേ.



• • • • •



# ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് ഓർമ്മയിലൂടെ



**പി.ജെ. വർക്കി പൂത്തറയിൽ**

കാരുണ്യത്തിന്റേയും ആശ്വാസത്തിന്റേയും സാന്ത്വനത്തിന്റേയും ദീപനാളമായി പശ്ചിമ ജർമ്മനിയിൽ നിന്നും ഹൈറേഞ്ചിലെ കട്ടപ്പനയിലേക്ക് കടന്നു വന്ന പുണ്യശ്ലോകനായ ബ്രദർ ഫോർത്തുനാത്തൂസിന്റെ ഓർമ്മകൾക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഹോസ്പിറ്റലർസഭയെ തന്റെ അതിരൂപതയിലേക്ക് ക്ഷണിച്ചു വരുത്തി കട്ടപ്പനയ്ക്ക് സമ്മാനമായി തന്ന ദൈവദാസൻ മാർമാത്യു കാവുകാട്ട് പിതാവിന്റെ പാവന സ്മരണക്കുമേൽ ശിരസ്സുനമിക്കുന്നു.

സെന്റ് ജോൺസ് സന്യാസസമൂഹത്തേയും അതിന്റെ അനുബന്ധപ്രസ്ഥാനങ്ങളേയും കട്ടപ്പനയിൽ തന്നെ സ്ഥാപിക്കുന്നതിനു വേണ്ടി കഠിനാധ്വാനം നടത്തിയ ക്രാന്തദർശിയായിരുന്ന ബഹുമാനപ്പെട്ട ജോസഫ് മേപ്രക്കരോട്ടച്ചനെ വളരെയധികം നന്ദിയോടെ സ്മരിക്കുന്നു.

ചങ്ങനാശ്ശേരി അരമനയിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവിന്റെ അതിഥിയായി ഏതാനും ദിവസത്തെ താമസത്തിനു ശേഷം കട്ടപ്പനയിൽ എത്തിച്ചേർന്ന ബ്രദർ ഫോർത്തുനാത്തൂസിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ ബ്രദേഴ്സിനും വികാരി ജനറാളായിരുന്ന മോൺസിഞ്ഞോർ എൽ. ജെ ചിറ്റൂരച്ചനും ഈ നാട്ടിലെ നാനാജാതി മതസ്ഥരായ ആയിരങ്ങൾ ചേർന്ന് വൻസ്വീകരണമാണ് നൽകിയത്. സ്വീകരണവും സമ്മേളനവും നടത്തിയത് ഇപ്പോൾ ഹോസ്പിറ്റൽ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തുവച്ചായിരുന്നു. സെന്റ് ജോൺസ് ഹോസ്പിറ്റലർ സഭയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും കട്ടപ്പനയിൽ ആരംഭിക്കുന്നതിന് പശ്ചാത്തലം ഒരുക്കുകയും പ്രാരംഭപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്ന കട്ടപ്പന ഇടവകയിലെ വിൻസന്റ് ഡി പോൾ സൊസൈറ്റി പ്രവൃത്തകരെയാണ് സ്വീകരണ പരിപാടികളും ഹാരാർപ്പണങ്ങളും നടത്തുന്നതിന് ബഹുമാനപ്പെട്ട മേപ്രക്കരോട്ടച്ചൻ ഏൽപ്പിച്ചിരുന്നത്. അങ്ങനെ ഫോർത്തുനാത്തൂസ് ബ്രദറിനെ സ്വീകരിക്കുന്നതിനും കട്ടപ്പന പള്ളിമുറിയിൽ താമസം ആരംഭിച്ച അദ്ദേഹത്തെ പരിചരിക്കുന്നതിനും ഭക്ഷണം വിള

മ്പികൊടുക്കുന്നതിനും മറ്റു പരിചരണങ്ങൾ ചെയ്യുന്നതിനും സാധിച്ചത് ഒരു മഹാ ഭാഗ്യമായി കരുതുകയാണ്. തുടർന്നങ്ങോട്ട് അദ്ദേഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളോടു സഹകരിച്ചു പ്രവർത്തിക്കുന്നതിനും ഒരുമിച്ചു യാത്ര ചെയ്യുന്നതിനും ചിലപ്പോഴൊക്കെ ഒരുമിച്ചു ഭക്ഷണം കഴിക്കുന്നതിനും അവസരം ഉണ്ടായിട്ടുണ്ട്. ഭവനരഹിതർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ വിൻസെന്റ് ഡി പോൾ സൊസൈറ്റിയോട് അദ്ദേഹം ആവശ്യപ്പെടുമായിരുന്നു. അർഹരായ ഭവനരഹിതരെ കണ്ടുപിടിക്കുവാൻ ഈ പ്രദേശത്തെ അവികസിത മേഖലകളായ ആനകുത്തിമേട്, കുന്തളംപാറ, കൊച്ചുതോവാള തുടങ്ങിയ കുന്നിൻ പ്രദേശങ്ങളിൽക്കൂടിയുള്ള വിശ്രമമില്ലാതെയുള്ള മലകയറ്റം അദ്ദേഹത്തിനു സന്തോഷമായിരുന്നു. പ്രായമായ കാരണവൻമ്മാരും ധാരാളം മക്കളുമുള്ള കുടുംബങ്ങളിൽ ചെല്ലുമ്പോൾ അദ്ദേഹത്തിന് സന്തോഷമായിരുന്നു. അങ്ങനെയുള്ള കുടുംബങ്ങൾക്ക് വീടു നൽകുന്നതിന് മുൻഗണനയും ഉണ്ടായിരുന്നു. ഒരിക്കലും ഒന്നാമതാകുന്നത് അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു. വിശിഷ്ടാതിഥി എന്ന നിലയിൽ ഹാരാർപ്പണം നടത്താൻ ഒരുങ്ങിയപ്പോൾ ഒപ്പം എത്തിയിരുന്ന ചിറ്റൂരച്ചനും ബ്രദേഴ്സിനും ഹാരാർപ്പണം നടത്തിയതിനുശേഷമാണ് അദ്ദേഹം മാല സ്വീകരിച്ചത്. അതുപോലെ തന്നെ യാത്രചെയ്യുമ്പോഴും ഭക്ഷണത്തിനിരിക്കുമ്പോഴും വാഹനങ്ങളിൽ കയറുമ്പോഴും ബ്രദർ ഫോർത്തുനാത്തൂസ് പിമ്പനായിരിക്കും. അദ്ദേഹം കാണിച്ചു തന്ന വിനയത്തിന്റെ മാതൃകയായ ഒരു സംഭവം ഞാനെന്നും ഓർത്തിരിക്കുന്നു. കട്ടപ്പനയിൽ എത്തി ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കാലിന് ഒരസുഖം ഉണ്ടായി. പുതിയ പ്രദേശത്തെ കാലാവസ്ഥയുമായി പൊരുത്തപ്പെടാനാവാത്തതായിരിക്കും ഇതിന്റെ കാരണം എന്ന് ഡോക്ടർ അഭിപ്രായപ്പെട്ടു. ഏതായാലും വിദഗ്ധ പരിശോധനക്കായി അദ്ദേഹത്തെ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകുവാൻ മേപ്രക്കരോട്ടച്ചൻ തീരുമാനിക്കുകയും ആ വിവരം മെഡിക്കൽ ട്രസ്റ്റ് ആശുപത്രി അധികൃതരെ അറിയിക്കുകയും ചെയ്തു. ജർമ്മനിയിൽ നിന്നും ആശുപത്രി സ്ഥാപിക്കുന്നതിനു വേണ്ടി വന്നിരിക്കുന്ന മഹത്‌വ്യക്തി എന്ന നിലയിൽ ഒരു വി. ഐ. പി. മുറിയും, എല്ലാ അനുബന്ധ പശ്ചാത്തലങ്ങളും ഒരുക്കി അവർ കാത്തിരിക്കുകയായിരുന്നു. ആശുപത്രിയിൽ ഡോക്ടർ വിശദമായ പരിശോധനക്കു ശേഷം അദ്ദേഹത്തെ അഡ്മിറ്റു ചെയ്തു. നിശ്ചയിച്ചിരുന്ന മുറിയുടെ വാതിൽക്കൽ ചെന്ന് തിരിഞ്ഞു നിന്നു. എന്തോ ഇഷ്ടപ്പെടാത്ത മുഖഭാവം ഞങ്ങൾക്കു മനസ്സിലായി. റൂം വേണ്ട ജനറൽ വാർഡ് മതി എന്ന് പലപ്രാവശ്യം വിളിച്ചു പറഞ്ഞു. അങ്ങനെ പാവപ്പെട്ട തോട്ടം തൊഴിലാളികൾ കഴിഞ്ഞിരുന്ന ജനറൽ വാർഡിൽ അദ്ദേഹത്തെ അഡ്മിറ്റു ചെയ്തു. ഏതാനും ദിവസം കൊണ്ട് ആ വാർഡിലെ പാവപ്പെട്ട രോഗികൾ ബ്രദർ ഫോർത്തുനാത്തൂസിന്റെ ചങ്ങാതിമാരായിത്തീർന്നു. ഏതാനും ദിവസത്തെ ചികിൽസക്കുശേഷം ആ പാവപ്പെട്ട രോഗികൾ നിറഞ്ഞ കണ്ണുകളോടെ അദ്ദേഹത്തെ യാത്രയാക്കുന്നത് കാണാമായിരുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിന് അദ്ദേഹത്തിന് യാതൊരു മടിയുമില്ലായിരുന്നു. മിക്ക ഞായറാഴ്ചകളിലും ബ്രദർ പ്രകാശുമൊത്ത് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മീറ്റിംഗുകളിൽ പങ്കെടുക്കുവാൻ എത്തുമായിരുന്നു. സാമൂഹ്യ പ്രവൃത്തനങ്ങളെപ്പറ്റിയും ആശുപത്രിയുടെ നടത്തിപ്പിനെപ്പറ്റിയും ഞങ്ങളുടെ അഭിപ്രായങ്ങൾ ചോദിക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഹോസ്പിറ്റലിലേക്ക് ഒരു ഉപദേശക സമിതി ഉണ്ടാക്കി എന്നുള്ളതാണ്. ഓർക്കുന്നു. വിൻസന്റ് ഡി പോൾ സൊസൈറ്റിയുടേയും കട്ടപ്പന പള്ളിയുടേയും ഈ രണ്ടു പ്രതിനിധികൾ, ഡോക്ടേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ടതായിരുന്നു ആ ഉപദേശക സമിതി. ഈ സമിതിയുടെ നിർദ്ദേശങ്ങൾ ആശുപത്രിയിൽ വരുന്ന രോഗികൾക്കും മറ്റു പൊതുജനങ്ങൾക്കും വളരെ പ്രയോജനപ്രദമായിരുന്നു. ബ്രദർ ഫോർത്തുനാത്തൂസിന്റെ വിനയം മറ്റുള്ളവർ മാതൃകയാക്കേണ്ടതാണ്. വസ്ത്രധാരണത്തിലും, ഭക്ഷണത്തിലും, ശയ്യോപകരണങ്ങളിലും, വ്യക്തിപരമായ എല്ലാ കാര്യങ്ങളിലും ലുബ്ധനെന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്. ജർമ്മനിയിൽ നിന്നും ആശുപത്രി ഉപകരണങ്ങൾ പായ്ക്ക് ചെയ്തുകൊണ്ടു വന്നിരുന്ന വീഞ്ഞപ്പെട്ടിയുടെ പലകകൾ കൊണ്ട് കട്ടിലും, കസേരയും, ഊണുമേശയും നിർമ്മിച്ച് വളരെക്കാലം അത് ഉപയോഗിച്ചിരുന്നത് കണ്ടിട്ടുണ്ട്. വല്യച്ചന്റെ ദീനദയാലുത്വത്തിന്റെ ആദ്യത്തെ പ്രകടനം ഞങ്ങൾ കണ്ടത് ഹൃദയസ്പർശിയായിരുന്നു. അക്കാലത്ത് കട്ടപ്പന പള്ളിയിൽ അച്ചൻമാർ വളർത്തിയിരുന്ന പന്നികൾക്ക് ടൗണിലെ ഹോട്ടലുകളിൽ നിന്നും എച്ചിൽ ഇലകൾ വാരി ചുമന്നുകൊണ്ടു വരുന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ഉപ്പുതറയിൽ നിന്നും കട്ടപ്പനയിൽ വന്ന് എച്ചിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന മന്ദബുദ്ധിയായ ആ മനുഷ്യനെ നാട്ടുകാർ വിളിച്ചിരുന്നത് എലവാരി കുഞ്ഞച്ചൻ എന്നായിരുന്നു. ഒരു ദിവസം നമ്മുടെ വല്യച്ചൻ ഈ രംഗം കാണുവാനിടയായി. ഉടൻതന്നെ ഈ മനുഷ്യനെ ആശുപത്രിയി

ലേക്കു കൂട്ടിക്കൊണ്ടു പോയി കുളിപ്പിച്ച് വെള്ളവസ്ത്രം ധരിപ്പിച്ച് തന്റെ ഒപ്പമിരുത്തി ഭക്ഷണം കൊടുക്കുകയും ചെയ്തു. തുടർന്ന് തന്റെ കിടപ്പുമുറിയുടെ സമീപത്ത് സൗകര്യമുണ്ടാക്കി വല്യച്ചന്റെ കൂട്ടുകാരനായി അവിടെത്തന്നെ മരണം വരെ കഴിഞ്ഞുകൂടി. ഇങ്ങനെ ധാരാളം സാധുക്കളേയും രോഗികളേയും വസ്ത്രവും ഭക്ഷണവും മരുന്നും കൊടുത്ത് പരിചരിക്കുമായിരുന്നു. ഇത്തരം പ്രവൃത്തനങ്ങളുടെ പരിണിതഫലമാണ് പ്രതീക്ഷാ ഭവൻ എന്ന അനാഥ മന്ദിരം. ഏതു ജോലികൾ ചെയ്യുന്നതിനും അദ്ദേഹത്തിന് ഒരു മടിയും ഇല്ലായിരുന്നു. ദുരഭിമാനികളായ മലയാളികൾക്ക് അദ്ദേഹം ഈയർത്ഥത്തിൽ മാതൃകയായിരുന്നു. ആദ്യകാലങ്ങളിൽ ആശുപത്രികളിൽ വളർത്തിക്കൊണ്ടിരുന്ന മൃഗങ്ങൾ, പന്നികൾ എന്നിവയെ കുളിപ്പിച്ചു വൃത്തിയാക്കുന്നതും ടോയ്‌ലറ്റുകൾ ക്ലീൻ ചെയ്യുന്നതും അദ്ദേഹം തന്നെയായിരുന്നു. വിദേശത്തു നിന്നും കമ്പിളിമറ്റു വസ്ത്രങ്ങൾ എന്നിവ കൊണ്ടുവന്നു പാവങ്ങൾക്കു വിതരണം ചെയ്തിരുന്നു എന്നുള്ളതും മനുഷ്യസ്നേഹത്തിന്റെ മറ്റൊരുദാഹരണമാണ്. ഭവനരഹിതർക്കു ലഭിക്കുന്ന വീടുകൾ കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യില്ല എന്ന ഒരു സമ്മതപത്രം എഴുതി ഒപ്പിട്ടു വാങ്ങിക്കുമായിരുന്നു. ഒരിക്കൽ കുന്തളംപാറ ഭാഗത്ത് ഒരു സാധുവിനു നൽകിയിരുന്ന വീട് മാന്യൻ എന്നു കരുതിയിരുന്ന ഒരു പൊതു പ്രവർത്തകൻ നിസ്സാരവിലക്കു വാങ്ങി താമസം തുടങ്ങി. ഇതറിഞ്ഞ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുമായി സഹകരിച്ച് പോലീസിൽ പരാതി കൊടുക്കുകയും ഉന്നതനായ ഒരു പോലീസ് ഓഫീസറുടെ മദ്ധ്യസ്ഥതയിൽ വീട് ബ്രദറിന് തിരിച്ചു കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ കഠിനമനസ്സിന്റെ ഉടമയല്ലാതിരുന്ന വല്യച്ചൻ ആ മനുഷ്യനെ വിളിച്ച് വീട് അയാൾക്കു തന്നെ കൊടുത്ത് അദ്ദേഹം ചാരിതാർത്ഥ്യം അടഞ്ഞു.

ബ്രദർ ഫോർത്തുനാത്തൂസിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായിട്ടാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന ആശുപത്രികളും മറ്റ് അനുബന്ധ സ്ഥാപനങ്ങളും. പ്രതീക്ഷാ ഭവനിലെ രോഗികളേയും മറ്റു പാവപ്പെട്ടവരേയും ശുശ്രൂഷിക്കുന്നതിനും പരിചരിക്കുന്നതിനും മറ്റു സാമൂഹ്യപ്രവർത്തനങ്ങൾക്കും വേണ്ടി അദ്ദേഹം സ്ഥാപിച്ച സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സ്ഥാപനം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ശുശ്രൂഷാരംഗത്തു പ്രവൃത്തിക്കുന്നതു നമുക്കു കാണുവാൻ സാധിക്കും.

എത്ര എഴുതിയാലും എണ്ണിയാലും തീരാത്ത വ്യക്തിമുദ്ര പതിപ്പിച്ച ആ പുണ്യ പിതാവിനോട്, വിശുദ്ധ ഫോർത്തൂനാത്തൂസേ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ എന്നു പ്രാർത്ഥിക്കുവാനുള്ള അനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

• • • • •




Office : 0484 2463803
C.P. Joy : 94470 46504

C.P. Thomas : 94464 75443
C.P. Seby : 94471 15928

MATHA SAW MILL

M.C. Road, Marottichodu, Kalady
Ernakulam Dist., Pin: 683 574
Fax: 0484 2463803
E-mail: mathasawmill@gmail.com

# “രോഗി കിടക്കുന്ന മുറി ഒരു ചാപ്പലായും രോഗിയുടെ കിടക്ക ഒരു അൾത്താരയായും”



**ബ്ര. വിനോദ് കുന്നപ്പള്ളി**

എത്രയോ അർത്ഥമുള്ള ശീർഷകം. പുണ്യശ്ലോകനായ ബ്രദർ ഫോർത്തുനാത്തൂസിന്റെ ജീവിതം ഈ വാക്കുകളിലൂടെ പ്രകടമാണ്. 2005 നവംബർ 21 കട്ടപ്പനയെ കണ്ണീരിലാഴ്ത്തിയെങ്കിൽ 2014 നവംബർ 22 അത് വലിയ ഒരു സന്തോഷദിനമായി മാറുകയാണ്. കാരണം ഹൈറേഞ്ചിന് സ്വന്തമായി ഒരു സ്വർഗ്ഗീയ മദ്ധ്യസ്ഥനെ ലഭിക്കുകയാണ്. പുണ്യശ്ലോകനായ ബ്രദർ ഫോർത്തുനാത്തൂസിന്റെ ദൈവദാസപദവി കട്ടപ്പനയുടെ ഓരോ മണൽത്തരി പോലും ആഗ്രഹിച്ചിരുന്നുവെന്നതിന്റെ തെളിവാണ് പിതാവിന്റെ കബറിടത്തിന്റെ മുൻപിൽ പുഷ്പിച്ചു നിൽക്കുന്ന ചെടികളും മരങ്ങളും. ദൈവദാസനായ ഫോർത്തുനാത്തൂസ് അച്ചന്റെ മുൻപിൽ പ്രാർത്ഥനയുടെ നറുമലരുകൾ നേരുന്നു.



എനിക്ക് 7 വയസ്സുള്ളപ്പോൾ കഠിനമായ പനിയും ശരീരവേദനയും ഛർദിലും ബാധിച്ച് സെന്റ് ജോൺസ് ഹോസ്പിറ്റലിൽ അഡ്മിറ്റായ സമയം എന്റെ പപ്പയും അമ്മയും എന്റെ അരികിൽ ഉണ്ടായിരുന്നു. ഞാൻ വളരെ ക്ഷീണിതനായി എന്റെ കിടക്കയിൽ കിടന്നപ്പോൾ ബ്രദർ ഫോർത്തുനാത്തൂസ് ഞാൻ കിടന്നിരുന്ന വാർഡിന്റെ മുന്നിലൂടെ കടന്നു പോയി. എന്നിട്ട് അദ്ദേഹം വീണ്ടും തിരിച്ചു വന്ന് എന്റെ അരികിലെത്തി വി. ജോൺ ഓഫ് ഗോഡിന്റെ ഒരു ചിത്രം എനിക്ക് സമ്മാനിച്ചിട്ട് എന്നോടു പറഞ്ഞു “Try to be like Him” പിന്നെ ഒരു മന്ദസ്മിതം തൂകി അവിടെ നിന്നും അദ്ദേഹം സാവധാനം നടന്നു നീങ്ങി.

രോഗിയുടെ മുറിയാകുന്ന അൾത്താരയിൽ രോഗി കിടക്കുന്ന കിടക്കയാകുന്ന ബലിപീഠത്തിൽ ജീവിതമർപ്പിച്ച വന്ദ്യ പിതാവ് സുവിശേഷഭാഗ്യങ്ങളനുസരിച്ചുള്ള ജീവിതത്തിലൂടെ നമുക്ക് മാതൃക നൽകി. സ്ഥാനമാനങ്ങൾ തേടിപ്പോകുന്നതിൽ വിമുഖത കാട്ടിയിരുന്ന ബ്രദർ ഫോർത്തുനാത്തൂസ് അച്ചനെ പൊതുജനം വളരെ സ്നേഹത്തോടും ആദരവോടും കൂടെ കാണുകയും “വല്യച്ചൻ” എന്ന് സംബോധന ചെയ്യുകയും ചെയ്തിരുന്നു. വിശുദ്ധിയുടെ നിറകുടമായ പിതാവിന്റെ ജീവിതം ഇന്ന് ആഗോള സഭക്ക് ഒരു മാർഗ്ഗദീപമായി എടുത്തുയർത്തപ്പെടുമ്പോൾ സകല വിശ്വാസികളോടും കൂടെ ഞാനും അദ്ദേഹത്തിന്റെ പൂജ്യസ്മരണക്കുമുൻപിൽ കൈകൾ കൂപ്പുന്നു. വിശുദ്ധ ജീവിതം നയിച്ച പിതാവിന്റെ പാദസ്പർശമേറ്റ കട്ടപ്പനയുടെ ഓരോ മണൽത്തരിയും സ്വർഗ്ഗത്തോളം സന്തോഷിക്കുന്നുണ്ടാവും. കട്ടപ്പന വന്ദ്യ പിതാവിന്റെ ധന്യമായ കബറിടത്താൽ നിത്യനഗരത്തിന്റെ പ്രതിഛായ കൈവരിച്ചിരിക്കുന്നു. സഹോദരങ്ങൾക്ക് പ്രാർത്ഥനയാകുന്ന ആയുധത്താൽ സേവനം ചെയ്യുമ്പോഴും ശരിക്കും ദൈവത്തിന്റെ വിശുദ്ധ യോഹന്നാനെ കാട്ടിക്കൊടുക്കുവാൻ സാധിച്ചിട്ടുള്ളത് പിതാവിന്റെ സവിശേഷത തന്നെയാണ്. കാഞ്ഞിരപ്പള്ളി രൂപതയും ഇന്ന് സന്തോഷത്തിലാണ്. കാരണം രൂപതയുടെ സ്വന്തമായി ഒരു ദൈവദാസനെ കിട്ടിയിരിക്കുന്നു. ഇത് രൂപതയുടെ ആത്മീയവളർച്ചയാണ് സൂചിപ്പിക്കുന്നത്.

വി. ജോൺ ഓഫ് ഗോഡിന്റെ തീക്ഷ്ണതയും വി. യൂസ്റ്റേഷ്യസ് കൂഗ്ലറിന്റെ ത്യാഗമനോഭാവവും വി. ബെനഡിക്റ്റ് മെന്നിയുടെ സേവനമനോഭാവവും വല്യച്ചന്റെ കർമ്മവീഥിയിൽ വിളങ്ങി നിന്ന സവി

ശേഷ ഗുണങ്ങളാണ്. വിശുദ്ധ പദവിയിലേക്ക് ഇനി വളരെ ദൂരമുണ്ട്. അദ്ദേഹത്തിന്റെ ജീവിതം സ്വർഗ്ഗീയ പിതാവ് മഹത്വപ്പെടുത്തും അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയും സേവനമനോഭാവവും നമുക്ക് മാതൃകയാക്കാം. വല്യച്ചനെ വിശുദ്ധനെന്ന് പ്രഖ്യാപിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. നിരവധി അത്ഭുതങ്ങൾ നടക്കുന്ന വേളയിൽ നമുക്കും സ്വർഗ്ഗീയ നിരയോടുചേർന്നു പാടാം.

**കട്ടപ്പനയുടെ താരകമേ ചൊരിയുക**
**നിന്നുടെ കൃപകൾ ജീവിത വീഥിയിൽ**
**ഞങ്ങളെയെന്നും താങ്ങി നടത്തണേ**
**നാഥാ...വന്ദ്യ പിതാവേ പ്രണാമം.**

വല്യച്ചന്റെ മഹത്വീകരണത്തിനായിപ്രാർത്ഥിച്ചു കൊണ്ട് സെന്റ് ജോൺ ഓഫ് ഗോഡ് സമൂഹാംഗങ്ങൾക്ക് വന്ദ്യ പിതാവിന്റെ നാമകരണത്തിന് തുടക്കം കുറിച്ചതിൽ മംഗളങ്ങൾ നേരുന്നു. പ്രത്യേകിച്ച് പെരിയ ബഹുമാനപ്പെട്ട ബ്രദർ യംങ്കാ ശർമ്മക്കും, സി. വിമലാ ജോർജ്ജിനും എല്ലാ നന്മകളും നേരുന്നു. താമസിയാതെ തന്നെ ബ്രദർ ഫോർത്തുനാത്തൂസ് ധന്യൻ, വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ എന്നീ പദവികൾക്ക് അർഹനാകട്ടെ. ദൈവത്തിന്റെ വിശുദ്ധയോഹന്നാന്റെ മദ്ധ്യസ്ഥത്താൽ ലോകം പരിശുദ്ധ അമ്മയിലൂടെ നവീകരിക്കപ്പെടട്ടെ.

• • • • •

# Some of my experiences with BRO. FORTUNATUS THANHAEUSER

# Memories of Bro. Alfons M. Hoering...



I was just 17 years old in September 1960, when I had my first contact with the Hospitaller Order of St. John of God and Brother Fortunatus Thanhaeuser. I understood that our Lord is calling me to follow him as a religious in a Religious Order.I felt myself called to become a Franciscan Brother and I wanted to serve in the Missions. I therefore approached the Hospitaller Brothers in Frankfurt, where the Brothers were running a General Hospital, to get from them some information, where I could get training as a male-nurse. After explaining the whole matter to the Brother at the reception, he told to me the following: "If you like to become a religious and serve as a male-nurse in the Missions, this is not possible in the Franciscan Order at all, there is only one possibility, you must join our Order." And he gave me some pamphlets about the Hospitaller Order and told: "Our General-Delegate and Novice-Master Bro. Fortunatus Thanhaeuser is out of station. Please come next Tuesday afternoon and meet him and discuss the whole matter with him."I was highly disturbed, because I had been in contact with the Franciscans for the last three years and I had no intention to join the Hospitaller Order. I took the pamphlets and went away immediately. After

going through the pamphlets at home, I slowly understood that I could follow my vocation also in the Hospitaller Order. Anyhow I decided to meet the General-Delegate and Novice-Master Fortunatus Thanhaeuser. I went to the hospital of the Brothers again on the following Tuesday, was led into the parlour and was told that Bro. Fortunatus would come immediately. And so it was: I was waiting in the parlour for few minutes and a tall Religious in a black habit entered, after knocking at the door first. His hair was short-cut and he wore glasses like Mahatma Gandhi. I got up and with a friendly smile he gave me a shake of hands. From that moment onwards it was clear to me: 'I'll join the Hospitaller Order and Brother Fortunatus will be my example and as Novice-Master he'll be my spiritual father.'

And so it came: I joined our Order on 1st November 1960 and till today I am sure this was the right decision and I have never regretted this step. From 1st November 1960 he has been my Postlant-Master, Novice-Master and Scholasticats-Master. He has admitted me into the Order as a Postulant on 7th March 1961, clothed me with the Religious Habit and gave me the Religious Name Brother Alfons Maria. As Major-Superior he received my First Profession on 8th March 1962 and the further renewals, as well as the Solemn Profession on 29th June 1962, at the Feast of St. Peter and St. Paul.


Entering to my novitiate


At the celebration after my First Profession

When I joined the Order I had informed Bro. Fortunatus about my desire, to serve as a Hospitaller-Brother and male-nurse in any of the Mission-Countries and Bro. Fortunatus informed me, that at that time our Province had no Foreign-Mission. But he assured me, that earlier or later, when our Province would start a Foreign- Mission, he would request me to join the Group of Missionary Brother. In his Autobiography Bro. Fortunatus is reporting about the idea to start a Mission as following: "To think about starting a Foreign-Mission was not prevailing in those days in our Vice-Province. I had read a lot about India and was of the opinion that it should be in India, in case our Vice-Province should start a Mission. More by accident I had come in contact with an Indian Priest, who studied in Germany and lived in a Parish near Heidelberg. In that Parish a young man was living, who intended to join our Order. As things, like joining a Religious Order, can be best discussed in a personal contact, I went to Heidelberg by train. I arrived in the Rectory concerned at noon and the Parish-Priest invited me for lunch. I had a chance to discuss with the Parish-Priest the matter about the young man, who intended to join our Order. The Indian Priest also took lunch together with us.

He was eager to get some more Information about our Order and finally told: 'I know your Order from Rome, where the Brothers, called in Italy 'Fatebenefratelli´, are running the Hospital on the Tiber-Island.' The Indian Priest was astonished and at the same time quite happy, that he met in my Person a German member of the Order, because he continued: 'I know your Order and my Arch-Bishop (Archbishop Mar Mathew Kavukatt) knows you much better. I'll send a letter to him immediately, because he has told to me, that he has the wish, that this Order should start a Hospital also in his Archdiocese.' After long talks, the Parish-Priest told: 'Today in my Rectory the foundation of a Hospital of the Hospitaller Brothers of St. John of God has been achieved!' I myself objected: 'No, no, so far as that the whole thing has not yet developed!' But the Parish-Priest himself objected with these words: 'But I myself am convinced, the foundation of

a Hospital of the Hospitaller Brothers of St. John of God has been achieved!'"

Brother Fortunatus continues: "The Indian Archbishop Mar Mathew Kavukatt came to our Community in Frankfurt after the Conclusion of the II.Vatican Council (8th December 1965). I noticed in my talks with the Archbishop, that he was informed about our Hospital on the Tiber-Island much better then I myself. His predecessor tied in Rome in the Hospital on the Tiber-Island, while he had been in Rome for an 'Ad Limita Visit'. He invited me to come to India and to his Archdiocese at a very early date. I was able to meet this invitation only in 1967."

It was between 8th December 1965 and his visit to India in 1967, that Bro. Fortunatus has asked me, whether I was ready to accompany his at the first foundation of our Order in India in modern times. - Our Portuguese Brothers had already started their first hospital in Goa in 1685, further foundation of hospitals followed in Bassein, Diu and Daman. All these hospitals got lost during the secularisation of 1930 in Portugal and in the colonies of Portugal.

I immediately consented and Bro. Fortunatus made all arrangements to prepare me well for the Mission in India. He sent me to the Apostel-Stift / Brothers-Institute in Cologne for a one year course in Theologia and Spirituality. A course of Tropical Medicine followed in Hamburg at the Bernhard Nocht Institute / Tropical Institute in Hamburg. I was sent to Ireland in the Hospital of our Order in Stillorgan/ Dublin, to improve my English.

Finally we got our long-term-visas in 1969 and Bro. Fortunatus and Bro. Prakash Madapally left for India on 15th November 1969 and arrived in Kattappana on 21st November 1969. I myself and my confrere Bro. Werenfried Diel followed in April 1970.



Arrival of Bro. Fortunatus and of Bro. Prakash in Kattappana.



Bro. Fortunatus and Bro. Prakash with Monsignor Chittor and the Vicar of Kattappana Father Joseph Maprekarote.



Bro. Fortunatus took part in the Blessing of the St. Antony's Church in Vandanmettu during his visit to India in 1967

Really I am happy about my days along with Bro.Fortunatus who will be named as the Servant of God on November $22^{nd}$ of 2014.

# ഭാരതത്തിലെത്തുവാൻ...

ഭാരതത്തിലെത്തുവാൻ
ജർമ്മനിവെടിഞ്ഞൊരു
ത്യാഗപ്രസൂനമിന്ന്
ദൈവദാസ പദവിയിൽ
എത്തുന്ന വേളയിൽ
ചൊല്ലുന്നു നന്ദി ദൈവമേ
(ഭാരതത്തി...

ജോൺ ഓഫ് ഗോഡ് തന്നുടെ
ചൈതന്യം ഇന്ത്യയിൽ
ജ്വലിപ്പിച്ച പ്രേഷിതനേ
ത്യാഗത്തിൻ വഴികളിൽ
ജ്വലിച്ചിടുമാ നന്മകൾ
ഇവരിലും വളർത്തീടുമോ

കരുണയും സ്നേഹവും
വറ്റാത്ത ഉറവ പോൽ
ഒഴുക്കിയ ധന്യ ജീവിതം
അഗതിയെ രോഗിയെ
ക്രൂശിതനാം നാഥനായി
ദർശിച്ച പുണ്യ പാലകാ

രോഗിതൻ മുറിവതിൽ
നിന്നൊഴുകും കൃപകളെ
ശേഖരിച്ച സമ്പന്നനെ
ക്ഷയിക്കാത്ത സമ്പത്ത്
സ്വർഗ്ഗത്തിൽ നേടുവാൻ
ഞങ്ങളെ പഠിപ്പിക്കണേ
(ഭാരതത്തി...

കുട്ടികൾക്ക് നല്ലൊരു
കൂട്ടുകാരനായിടാൻ
ലാളിത്യ രൂപനായവൻ
ബാലനാം ഈശോ തൻ
ജ്ഞാനത്തിൽ വളരുവാൻ
കുഞ്ഞുങ്ങൾക്കറിവു നൽകിയോൻ

പാവങ്ങൾ ശല്യമായ്
കരുതിയ നാളതിൽ
അവരുടെ കൂട്ടുകാരനായ്
പുഞ്ചിരിച്ചു പക്കലേക്കു
മാടി മാടി വിളിച്ചോരാ
സ്നേഹത്തിൻ ആഴം അതിശയം

നഗ്നനായ് രോഗിയായ്
ബന്ധിതരൂപനായ്
വിശപ്പുകൊണ്ടു ക്ലേശിതനായ്
ദാഹാർത്തനായും ഞാൻ
വരുമെന്ന ഈശോ തൻ
വാക്കുകളോർത്തിരുന്നവൻ
(ഭാരതത്തി..

ഹൈറേഞ്ചിൻ വീടുകൾ
സന്ദർശിച്ചീടുവാൻ
പാതകൾ തീർത്തവനേ
സ്വർഗ്ഗത്തിൻ സരണികൾ
താണിറങ്ങീ വന്നീടൂ
ഞങ്ങൾ തൻ സുഖമറിയുവാൻ

ദൈവദാസനായിടും
ഫോർത്തൂനാത്തൂസ് താതനെ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ
കരുണാർദ്ര ചിത്തരായ്
സ്നേഹമുള്ള മക്കളായ്
സോദരർ തൻ കാവലാകുവാൻ

ആദരവിൻ നൂതന
പാഠമേ അനുദിനം
അപരരെ ശ്രേഷ്ഠതയിൽ
കാണുവാൻ അവരിലെ
ദിവ്യത നമിക്കുവാൻ
ഉൾക്കാഴ്ചകൾ പകർന്നീടൂ.
(ഭാരതത്തി...

**അന്ന SCJG**

Jose Varkey
Joobin George
K.C. VARKEY GROUP
KOLLAMKUDIYIL AGENCIES
Padikara Building, Puliyanmala Road, Kattapana,
Ph: 04868 273023 (S) 274694(S)
**Mob: 9495983023, 9447827725**
Deal in Jaquar Supreme Parryware RAK

K.C. VARKEY'S SONS
KOLLAMKUDIYIL PAINTS
Decorative And Automotive Paints
Central Jn., Kattappana, Idukki Dist., Kerala- 685 508
**Ph: 04868 273904 , Mob: 9495219773, 9744401022**
Deal in ELLORA ESDEE MRF PAINTS DR. FIXIT DUPONT asian PPG



Printed and Published by Sisters of Charity of St. John of God, P.B. No. 2, Kattappana South P.O., Idukki - 685515, Kerala.
Tel : 04868 272744, E-mail : generalatekpna@gmail.com, Web : .www. scjg.in
Design & Printing : SR Graphics, KTM. Tel: 0481 2301142